# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ആർപ്പൂക്കര ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

**2024-2025**



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെഎസ്എകെടിഎം പി 9-1084/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയതി: 11.09.2025
ഇ-മെയിൽ: dektm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ആർപ്പൂക്കര ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : ആർപ്പൂക്കര ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആർപ്പൂക്കര ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ പ സ).
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കോട്ടയം
3) കാര്യാലയ പകർപ്പ്

നമ്പർ: കെഎസ്എഎകെടിഎം പി 9-1084-2025 തീയതി: 11/09/2025

## കോട്ടയം ജില്ലയിലെ ആർപ്പൂക്കര ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

കോട്ടയം ജില്ലയിലെ ആർപ്പൂക്കര ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2024 മുതൽ 31-03-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 34 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 24 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 01-07-2025 തീയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ മാത്യു ജേക്കബ് | ഡെപ്യൂട്ടി ഡയറക്ടർ (എച്ച്.ജി) | 21-06-2025 | 01-07-2025 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 21-06-2025 | 01-07-2025 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ.**

ശ്രീമതി സുലത ഡി, ഓഡിറ്റ് ഓഫീസർ (എച്ച്.ജി)
ശ്രീമതി സൂര്യ ജേക്കബ്, ഓഡിറ്റ് ഓഫീസർ (എച്ച്.ജി)
ശ്രീ ഉണ്ണികൃഷ്ണൻ എ, സീനിയർ ഗ്രേഡ് ഓഡിറ്റർ
കുമാരി സിനി [illegible] എബ്രഹാം, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി അഞ്ജു മനോജ് | പ്രസിഡന്റ് | 01-04-2024 | 06-05-2024 |
| ശ്രീ റോയി മാത്യു പുതുശ്ശേരിൽ | പ്രസിഡന്റ് | 07-05-2024 | 22-05-2024 |
| ശ്രീമതി ദീപാ ജോൺ | പ്രസിഡന്റ് | 23-05-2024 | 31-03-2025 |
| ശ്രീമതി ആശ ഗോപാൽ | സെക്രട്ടറി | 01-04-2024 | 31-03-2025 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി മഞ്ജു എസ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2024 | 31-03-2025 |
| ഡോ. ബിന്ദുരാജ്. ആർ | വെറ്ററിനറി സർജൻ | 01-04-2024 | 31-03-2025 |
| ശ്രീ അജിത് ജേക്കബ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2024 | 31-03-2025 |

| | | | |
|---|---|---|---|
| ശ്രീമതി ബ്ലെസ്സി ജോഷി | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2024 | 31-03-2025 |
| ശ്രീമതി നിത്യ. കെ. എം | ഐ. സി. ഡി. എസ് സൂപ്പർവൈസർ | 01-04-2024 | 31-03-2025 |
| ശ്രീമതി രശ്മിമോൾ. എസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2024 | 31-03-2025 |
| ശ്രീമതി ശിഖ രാജു | കൃഷി ഓഫീസർ | 01-04-2024 | 31-03-2025 |
| ശ്രീമതി സൗമ്യ. കെ. വി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (കരിപ്പൂത്തട്ട്) | 01-04-2024 | 31-03-2025 |
| ശ്രീമതി സൗമ്യ. കെ. വി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ,വിളക്കുന്നി (ചാർജ്) | 01-04-2024 | 29-09-2024 |
| ശ്രീമതി സിൻസി ജോസഫ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (വിളക്കുന്നി) | 30-09-2024 | 31-03-2025 |
| ഡോ. അനിൽകുമാർ എസ് | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി , അതിരമ്പുഴ (ഇൻചാർജ്) | 01-04-2024 | 31-03-2025 |
| ശ്രീമതി അജിത. ആർ. നായർ | ഹെഡ്മിസ്ട്രസ് , ഗവ. ബോയ്സ് LPS, തൊണ്ണംകുഴി | 01-04-2024 | 31-03-2025 |

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | പഞ്ചായത്ത് ജനറൽ ഫണ്ടിന്റെ ആധികാരികത വ്യക്തമാക്കുന്ന രേഖകൾ സൂക്ഷിച്ചിട്ടില്ല | 1-1-1 |
| 3 | ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല | 1-1-2 |
| 4 | മൂലധന ആസ്തി കണക്കുകൾ കൃത്യമല്ല | 1-1-3 |
| 5 | അക്കൗണ്ട് ചെയ്യപ്പെട്ട തുകയിൽ വ്യക്തതയില്ല | 1-1-4 |
| 6 | കുടിശ്ശികയുള്ള പദ്ധതിക്കായുള്ള തുക ക്രമീകരിച്ചിട്ടില്ല | 1-1-5 |
| 7 | എൻ എച്ച് എം മുഖേന നിക്ഷേപ തുക ബന്ധപ്പെട്ട കണക്ക് ശീർഷകത്തിൽ അക്കൗണ്ട് ചെയ്തില്ല | 1-1-6 |
| 8 | സ്റ്റോക്കുകളുടെ മൂല്യനിർണയം നടത്തി വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തുന്നില്ല | 1-1-7 |
| 9 | അക്രൂവൽ ചെലവുകളെ വരുമാനങ്ങളുടെ പ്രതിമാസ ജേണൽ എൻട്രി നടത്തുന്നില്ല | 1-1-8 |
| 10 | വരവ് തുക നിർവ്വഹിക്കപ്പെടുന്ന കണക്ക് ശീർഷകത്തിൽ അക്കൗണ്ട് ചെയ്യപ്പെട്ടില്ല | 1-1-9 |
| 11 | ബജറ്റ്-വിശകലനം | 1-2 |
| 12 | സാമ്പത്തിക വിശകലനം | 1-3 |
| 13 | ഗ്രാന്റ് വിനിയോഗം | 1-4 |
| 14 | വാർഷികപദ്ധതി അവലോകനം | 1-5 |
| 15 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 16 | സാമൂഹ്യസുരക്ഷ പദ്ധതികൾ | 1-7 |
| 17 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 18 | ആഭ്യന്തരനിയന്ത്രണസംവിധാനം | 1-9 |
| 19 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 20 | വസ്തു നികുതി - ഉപയോഗക്രമം നിർണ്ണയിച്ചതിൽ അപാകത | 1-11 |
| 21 | വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തെ വ്യത്യസ്ത നമ്പറുകൾ നൽകി കുറഞ്ഞ നിരക്കിൽ വസ്തു നികുതി നിർണ്ണയിച്ചു | 1-12 |
| 22 | ഓഡിറ്റോറിയത്തിന്റെ വസ്തു നികുതി യഥാവിധി നിർണ്ണയിക്കപ്പെട്ടില്ല | 1-13 |
| 23 | ഹോളി ഫാമിലി കോൺവെന്റ് - കെട്ടിട നിർമ്മാണം ക്രമവത്കരിച്ചു ഒക്യുപൻസിയിൽ വസ്തു നികുതി നിർണ്ണയിച്ചില്ല | 1-14 |
| 24 | ഭൂമി കയ്യേറി അനധികൃത നിർമ്മാണം നടത്തി | 1-15 |
| 25 | കരാറുകാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല | 1-16 |
| 26 | വാടക - കുടിശ്ശിക നിലനിൽക്കുന്നു | 1-17 |
| 27 | ലേലം നടത്താത്തതു സംബന്ധിച്ച് | 1-18 |
| 28 | ലൈസൻസ് ഫീസ് പിരിവ്-ഫയൽ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ | 1-19 |
| 29 | പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങൾ മഹസ്സറനുസരിച്ച് പേരിൽക്കൂട്ടിയിട്ടില്ല | 1-20 |
| 30 | കൺടിജൻസി ഫണ്ടിലേക്ക് തിരികെ അടക്കേണ്ട 40000/-രൂപ ഓഡിറ്റ് വർഷത്തിലും പുനരനുവദിച്ചു ലഭിച്ചിട്ടില്ല | 1-21 |
| 31 | ലൈബ്രറി സെസ്സും ജി എസ് ടി യും സർക്കാരിലേക്ക് / വകുപ്പിലേക്ക് അടവാക്കിയിട്ടില്ല. | 1-22 |
| 32 | സ്വന്തമായി സ്ഥലമില്ല- മണിയാംപറമ്പ് സബ്സെന്ററിന്നനുവദിച്ച 27.75ലക്ഷം രൂപ നാഷണൽ ഹെൽത്ത് മിഷന് കൈമാറി. | 1-23 |
| 33 | കരിപ്പൂത്തട്ട് സബ്സെന്റർ - ടെണ്ടർ നടപടികൾ പൂർത്തീകരിച്ചെങ്കിലും പ്രവൃത്തി ആരംഭിച്ചിട്ടില്ല | 1-24 |
| 34 | നിക്ഷേപ പ്രവൃത്തി- വിനിയോഗസാക്ഷ്യപത്രം ലഭ്യമായില്ല- | 1-25 |
| 35 | പൊതു ടാപ്പുകളുടെ വെള്ളക്കരം കുടിശ്ശികയിന്മേൽ തുടർനടപടി സ്വീകരിച്ചില്ല- | 1-26 |
| 36 | എംസിഎഫ് നിർമ്മാണം പൂർത്തിയാക്കിയില്ല- ബെയ്‌ലിംഗ് മെഷീൻ നാളിതുവരെ സ്ഥാപിച്ചിട്ടില്ല | 1-27 |
| 37 | പഞ്ചായത്തിന് പുതിയ വാഹനം വാങ്ങൽ- പഴയ വാഹനം കണ്ടം ചെയ്യൽ നടപടികൾ പൂർത്തിയായിട്ടില്ല | 1-28 |
| 38 | തൊണ്ണംകുഴി എൽ പി എസ് മെയിന്റനൻസ് -കൂടിയനിരക്ക് രേഖപ്പെടുത്തിയ ടെണ്ടർ അംഗീകരിച്ചു | 1-29 |
| 39 | മരുന്ന് പൂർണമായി ലഭിച്ചിട്ടില്ല | 1-30 |
| 40 | എബിസി മൃഗാശുപത്രി-ചെലവ് രേഖകൾ പൂർണമല്ല | 1-31 |

| | | |
|---|---|---|
| 41 | സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ്-ചെലവ് രേഖകൾ പൂർണമല്ല | 1-32 |
| 42 | ലൈഫ് മിഷൻ - ഭവന നിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളുടെ വിവരങ്ങൾ സംബന്ധിച്ച് | 1-33 |
| 43 | തനതുഫണ്ട് ചെലവുകൾ- ക്രമീകരിയ്ക്കാൻ ശേഷിയ്ക്കുന്നു | 1-34 |
| 44 | ഓഡിറ്റ് ഇംപാക്റ്റ് - അനുവദിച്ച് നൽകിയ 10,632/- രൂപയുടെ അധിക സബ്സിഡി തിരികെ അടവാക്കി | 1-35 |
| 45 | സ്വന്തമായി കെട്ടിടമുണ്ടായിട്ടും അങ്കണവാടി വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. | 1-36 |
| 46 | 2021-ൽ ഉദ്ഘാടനം കഴിച്ച സ്ഥലത്ത് പഞ്ചായത്തിന്റെ സ്വപ്നപദ്ധതി നാളിതുവരെ യാഥാർത്ഥ്യമായിട്ടില്ല. | 1-37 |
| 47 | ഹെൽത്ത് ഗ്രാന്റ് - അവലോകനം | 1-38 |
| 48 | ഇൻസ്റ്റിറ്റ്യൂഷൻ പദ്ധതി - അവലോകനം | 1-39 |

**ഭാഗം 2**

--- No Records Found ---

**ഭാഗം 3**

--- No Records Found ---

**ഭാഗം 4**

| | | |
|---|---|---|
| 1 | [illegible] | 4-1 |
| 2 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-2 |
| 3 | സംയുക്ത പ്രോജക്ടുകളുടെ ഫണ്ട് വിനിയോഗം | 4-3 |
| 4 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-4 |
| 5 | മൊബിലൈസേഷൻ അഡ്വാൻസ് | 4-5 |
| 6 | വായ്പ/വായ്പ തിരിച്ചടവ് | 4-6 |
| 7 | സ്ഥിരനിക്ഷേപങ്ങൾ | 4-7 |
| 8 | ഓഡിറ്റ് ഫീസ് | 4-8 |
| 9 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലുൾപ്പെട്ട ഖണ്ഡികകളുടെ വിവരങ്ങൾ | 4-9 |
| 10 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-10 |
| 11 | ഓഡിറ്റ് പ്രത്യുത്തരാവലോകനം | 4-11 |
| 12 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-12 |

**അനുബന്ധം**

| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1) ആർപ്പൂക്കര ഗ്രാമപഞ്ചായത്തിന്റെ 2025 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31-03-2025 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 09.05.2025 തീയതിയിലെ 3(1) നം. തീരുമാനം പ്രകാരം അംഗീകരിച്ച് 22.05.2025 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാനുവൽ അധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേരള സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2) സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/ മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശദീകരണങ്ങളോട് കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ആർപ്പൂക്കര ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2025 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും, 31.03.2025 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

തീയതി: 11-09-2025 ഡെപ്യൂട്ടി ഡയറക്ടർ

### 1-1-1 പഞ്ചായത്ത് ജനറൽ ഫണ്ടിന്റെ ആധികാരികത വ്യക്തമാക്കുന്ന രേഖകൾ സൂക്ഷിച്ചിട്ടില്ല

പഞ്ചായത്തിന്റെ 31.03.2025 തീയതിയിലെ ജനറൽ ഫണ്ട്, ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ എന്നിവയുടെ കൃത്യത പരിശോധിക്കുന്നതിന് അടിസ്ഥാന രേഖകളും വിശദീകരണവും ലഭ്യമല്ല.

### 1-1-2 ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല

26.07.2011-ലെ ജി.ഒ. (എം.എസ്) 152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

### 1-1-3 മൂലധന ആസ്തി കണക്കുകൾ കൃത്യമല്ല

സിംഗിൾ എൻട്രി അക്കൗണ്ടിംഗ് സമ്പ്രദായത്തിൽ നിന്നും ഡബിൾ എൻട്രി അക്കൗണ്ടിംഗ് സമ്പ്രദായത്തിലേക്ക് മാറിയ ഘട്ടത്തിൽ ആസ്തി ബാധ്യതകൾ കൃത്യമായി

നിശ്ചയിക്കാതിരിക്കുകയും, തുടർന്ന് കാലികമാക്കാതിരിക്കുകയും ചെയ്തതിനാൽ ധനകാര്യ പത്രികയിൽ നൽകിയിട്ടുള്ള മൂലധന ആസ്തികളുടെയും അവയുടെ മൂല്യശോഷണത്തിന്റെയും കണക്കുകൾ കൃത്യമല്ല.

**1-1-4 അക്കൗണ്ട് ചെയ്യപ്പെട്ട തുകയിൽ വ്യക്തതയില്ല**

(B-4: 320100999) : 25.03.2019 -ന് എസ്.ബി.ഐ അക്കൗണ്ടിൽ ക്രെഡിറ്റ് വന്നിട്ടുള്ള (Directly Credited) 1,68,738/- രൂപയുടെ വിശദാംശങ്ങൾ ലഭ്യമല്ല. ടി തുക Unknown തുകയായി ക്രമീകരിക്കാതെ നിലനിൽക്കുന്നു. തുക ക്രമീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

**1-1-5 കുടിവെള്ള പദ്ധതിക്കായുള്ള തുക ക്രമീകരിച്ചില്ല**

(B-4: 320200305) : വാർഡ് 1 -ലെ കുഴൽകിണർ നിർമ്മാണത്തിനായി വകയിരുത്തിയിരുന്ന 5,00,000/- രൂപ ചെലവഴിക്കാതെ നിലനിർത്തിയിരിക്കുന്നു. തുക യഥാവിധി ക്രമീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

**1-1-6 എൻ.എച്ച്.എം ലുള്ള നിക്ഷേപ തുക ബന്ധപ്പെട്ട കണക്ക് ശീർഷകത്തിൽ അക്കൗണ്ട് ചെയ്തില്ല**

നാഷണൽ ഹെൽത്ത് മിഷനിൽ നിക്ഷേപിക്കപ്പെട്ടിട്ടുള്ള 2775000/- രൂപ, നിലവിൽ 460500205 - Advance To Implementing Agencies - Deposit With Public Works Department എന്ന ശീർഷകത്തിലാണ് അക്കൗണ്ട് ചെയ്യപ്പെട്ടിട്ടുള്ളത്. Advance To NHM ശീർഷകത്തിലേക്ക് മാറ്റി അക്കൗണ്ട് ചെയ്യേണ്ടതാണ്.

**1-1-7 സ്റ്റോക്കുകളുടെ മൂല്യനിർണയം നടത്തി വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തുന്നില്ല**

കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 58 (4) (എ) പ്രകാരം സ്റ്റോക്കിന്റെ ഭൗതിക പരിശോധനയും പൊരുത്തപ്പെടുത്തലും ഓരോ വർഷാന്ത്യത്തിലും നടത്തേണ്ടതാണ്. എന്നാൽ 2024-25 വർഷാന്ത്യത്തിൽ ഗ്രാമപഞ്ചായത്തിലെ സ്റ്റോക്ക് മൂല്യനിർണയം നടത്തി വാർഷിക ധനകാര്യപത്രിക ബാലൻസ് ഷീറ്റ് B-14 ഷെഡ്യൂൾ Stock In Hand (Inventories) -ൽ ഉൾപ്പെടുത്തിയിട്ടില്ല. ബാലൻസ് ഷീറ്റ് പ്രകാരം പഞ്ചായത്തിന്റെ സ്റ്റോക്ക് മൂല്യം NIL ആണ്.

**1-1-8 അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ പ്രതിമാസ ജേണൽ എൻട്രി നടത്തുന്നില്ല**

കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ് ചട്ടങ്ങൾ, ചട്ടം 17(2) പ്രകാരം ഗ്രാമപഞ്ചായത്തിന്റെ അക്രൂവൽ ചെയ്യേണ്ട ഓരോ വരുമാന ഇനങ്ങളുടെയും പ്രതിമാസ ഡിമാന്റ്, ജേണൽ എൻട്രി മുഖേന രേഖപ്പെടുത്തേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ വിവിധ വരുമാനങ്ങളുടെ ലെഡ്ജർ പരിശോധിച്ചതിൽ, ഗ്രാമപഞ്ചായത്തിൽ 2024-25 സാമ്പത്തിക വർഷത്തിൽ ഒരു തവണ മാത്രമാണ് ഡിമാന്റ് എൻട്രി രേഖപ്പെടുത്തിയിട്ടുള്ളത്.

**1-1-9 വരവ് തുക നിർദ്ദേശിക്കപ്പെടുന്ന കണക്ക് ശീർഷകത്തിൽ അക്കൗണ്ട് ചെയ്യപ്പെട്ടില്ല**

വിവിധ വാർഡുകളിലെ മൊബൈൽ ടവർ ഇൻസ്റ്റലേഷൻ ഇനത്തിലുമായി ബന്ധപ്പെട്ട് ക്രെഡിറ്റ് വന്നിട്ടുള്ള തുക, 140120108 - Fee For The Erection Of Telecommunication Towers/ Poles / Structures/ Accessory Rooms എന്ന കണക്ക് ശീർഷകത്തിൽ അക്കൗണ്ട് ചെയ്യപ്പെട്ടില്ല. നിലവിൽ, 140400109 - Application Fee എന്ന കണക്ക് ശീർഷകത്തിലാണ് അക്കൗണ്ട് ചെയ്യപ്പെട്ടിട്ടുള്ളത്. അക്കൗണ്ടിംഗ് അപാകത തുടർവർഷങ്ങളിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

**1-2 ബജറ്റ്-വിശകലനം**

2024-25 വർഷത്തെ ബജറ്റ് പഞ്ചായത്ത് ഭരണസമിതിയുടെ 09.02.2024-ലെ 1-ാം നം. തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് പഞ്ചായത്ത് ഭരണസമിതിയുടെ 03.03.2025 -ലെ 3(1)-ാം നം. തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റിൽ മുൻപ് അംഗീകരിച്ച ബജറ്റിൽ നിന്നും വരവ്-ചെലവ് കണക്കുകളിൽ പ്രകടമായ വ്യത്യാസമുണ്ട്.

| ഇനം | ബജറ്റ് | |
|---|---|---|
| | ആദ്യത്തേത് | പുതുക്കിയത് |
| മുന്നിരിപ്പ് | 23248053 | 27002726 |
| വരവ് | 340827441 | 360826720 |
| ആകെ | 364075494 | 387829446 |
| ചെലവ് | 341908241 | 348252520 |
| നീക്കിയിരിപ്പ് | 22167253 | 39576926 |

ബജറ്റ് പ്രകാരം 36.08 കോടി രൂപ വരവും 34.82കോടി രൂപ ചെലവുമാണ് പ്രതീക്ഷിച്ചത്. 2024-25 വർഷത്തെ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം വരുമാനം 17.48 കോടി രൂപയും ചെലവ് 17.98 കോടി രൂപയുമാണുള്ളത്.

**1-3 സാമ്പത്തിക വിശകലനം**

ആർപ്പൂക്കര ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തെ റസീറ്റ് & പേയ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ പത്രിക എന്നിവയിലെ കണക്കുകളുടെ വിശദാംശവും ഓഡിറ്റ് ചെയ്ത ശേഷം വരവ്, ചെലവ് നഷ്ടം, തടസ്സപ്പെടുത്തിയ തുക എന്നിവയും ചുവടെ ചേർക്കുന്നു.

<u>റസീറ്റ് & പേയ്മെന്റ് പത്രിക 2024-25</u>

| | |
|---|---|
| മുന്നിരിപ്പ് (01.04.2024) | 46134087.94/- |
| ഓഡിറ്റ് വർഷത്തെ വരവ്(Receipt) | 67173428/- |
| ആകെ | 113307515.94/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ്(Payment) | 62360425/- |
| നീക്കിയിരിപ്പ് (31.03.2025) | 50947090.94 |

<u>ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് 2024-25</u>

| | |
|---|---|
| ഓഡിറ്റ് വർഷത്തെ വരുമാനം (Income) | 174893433/- |
| ഓഡിറ്റ് വർഷത്തെ ചെലവ് (Expenditure) | 179998573/- |
| പ്രവർത്തന നഷ്ടം (Gross Deficit) | -5105140/- |
| ആകെ മുൻകാല അക്കൗണ്ടിലെ ക്രമീകരണം | 177234/- |
| അറ്റ പ്രവർത്തന നഷ്ടം (Net Deficit) | 4927906/- |

2024-25 ഓഡിറ്റ് സംക്ഷിപ്തം

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം (ചാർജ് ചെയ്യുന്നത്) | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം ഓഡിറ്റിൽ അംഗീകരിക്കാത്ത തുക(സർച്ചാർജ് ചെയ്യുന്നത്) | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 302260/- |

<u>1-4. ഗ്രാന്റ് വിനിയോഗം</u>

ആർപ്പൂക്കര ഗ്രാമ പഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ വിവിധ ഗ്രാന്റുകളുടെ അലോട്ട്മെന്റ്, വിനിയോഗം, നീക്കിയിരിപ്പ് ലാപ്സായ തുക തുടങ്ങിയവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗ്രാന്റ് ഇനം | മുന്നിരിപ്പ് | അലോട്ട്മെന്റ് വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് ലാപ്സായ തുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 1,85,95,000/- | 1,85,95,000/- | 1,80,86,844/- | 5,08,156/- | 97.26 |
| വികസന ഫണ്ട് (SCP) | 0 | 39,39,000/- | 39,39,000/- | 28,11,222/- | 11,27,778/- | 71.36 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 0 | 2,13,19,000/- | 2,13,19,000/- | 2,02,04,156/- | 11,14,844/- | 94.77 |
| മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) | 0 | 34,93,000/- | 34,93,000/- | 20,09,197/- | 14,83,803/- | 57.52 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 98,82,880/- | * 80,07,010/- | 1,78,89,890 | 38,52,213/- | 1,40,37,677/- | 21.53 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺടൈഡ്) | 6,42,642/- | ** 31,78,868/- | 38,21,510/- | 25,25,053/- | 12,96,457/- | 43.37 |

| | | | | | | |
|---|---|---|---|---|---|---|
| ഹെൽത്ത് ഗ്രാന്റ് (Scheme-I) - Buildingless Subcentres, PHC & CHC | 56,11,000/- | 1,89,971/- | 58,00,971/- | 27,75,000/- | 30,25,971/- | 47.83 |
| ഹെൽത്ത് ഗ്രാന്റ് (Scheme-III) - Diagnostic Infrastructure To PHC | 8,97,127/- | 3,93,675/- | 12,90,802/- | 4,48,887/- | 8,41,915/- | 34.77 |
| ഹെൽത്ത് ഗ്രാന്റ് (Scheme-IV) - Conversion Into Health & Wellness Centres | 2,85,442/- | 5,96,809/- | 8,82,251/- | 2,38,858/- | 6,43,393/- | 27.07 |
| MGNREGS ഗ്രാന്റ് | 1,113/- | 16,33,822/- | 16,34,935/- | 16,32,831/- | 2,104/- | 99.87 |
| സർവ്വ ശിക്ഷാ അഭിയാൻ ഗ്രാന്റ് | 17,818/- | 485/- (Int.) | 18,303/- | 0 | 18,303/- | 0 |
| സ്വച്ഛ് ഭാരത് അഭിയാൻ ഗ്രാന്റ് | 0 | 7,92,000/- | 7,92,000/- | 7,92,000/- | 0 | 100 |
| ആശ്രയ പ്രോജക്ട് ഗ്രാന്റ് | 94,125/- | 13,33,333/- | 14,27,458/- | 0 | 14,27,458/- | 0 |
| ICDS ഗ്രാന്റ് | 13,36,354/- | 17,59,406/- | 30,95,760/- | 12,09,452/- | 18,86,308/- | 39.06 |
| ലിറ്ററസി സ്കീം ഗ്രാന്റ് | 9,328/- | 253/- (Int.) | 9,581/- | 0 | 9,581/- | 0 |
| ശുചിത്വ മിഷൻ ഗ്രാന്റ് | 2,06,898/- | 0 | 2,06,898/- | 0 | 2,06,898/- | 0 |
| ലൈഫ് ഭവന പദ്ധതി State Share | 83,492/- | 2,47,420/- | 3,30,912/- | 2,80,000/- | 50,912/- | 84.61 |

* **46,99,000/-** (CFC Grant) + 22,48,500/- {(Second Installment Of Tied Grant Under 15th Finance Commission Award For 2023-2024, From The Budget Provision 2024-2025, Vide G.O. (Rt) No. 3299/2024/Fin. 09.04.2024)} + **10,59,510/-** {(Treasury Allotment Of Balance Unspent Amount Of 15th Finance Commission To Local Governments, Authorized In 2020-21 And Reauthorized In 2021-22 & 2022-23, Vide G.O. (Rt) No. 4803/2024/Fin. 13.06.2024)} = **80,07,010/-**

** **31,33,316/-** (CFC Grant) + **15,37,092/-** {(Treasury Allotment Of Balance Unspent Amount Of 15th Finance Commission To Local Governments, That Was Orginally Authorized In 2020-2021 And Reauthorized In 2021-2022 & 2022-2023, Vide G.O. (Rt) No. 2075/2025/Fin. 04.03.2025)} + **5,08,460/-** (Bank Interest) = **51,78,868/-**

ഭീമമായ തുക ചെലവഴിക്കാതെ തുടരുന്ന എസ് എസ് എ, ആശ്രയ, ലിറ്ററസി സ്കീം ഗ്രാന്റ്, ശുചിത്വമിഷൻ ഗ്രാന്റ് തുടങ്ങിയ ഗ്രാന്റുകൾ ചെലവഴിക്കുന്നതിനായി തുടർവർഷങ്ങളിൽ പദ്ധതികൾ ഏറ്റെടുക്കേണ്ടതും യഥാവിധി തുകകൾ ക്രമീകരിക്കേണ്ടതുമാണ്.

വികസന ഫണ്ട് അലോട്ട്മെന്റിൽ നിന്ന് KURDFC വായ്പ തിരിച്ചടവിനും, അംഗനവാടി ഹോണറേറിയത്തിനും, ട്രഷറിയിൽ ക്യൂ ചെയ്തതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സർക്കാർ ഗ്രാന്റ് | അലോട്ട്മെന്റ് | ട്രഷറിയിൽ ക്യൂ ചെയ്ത തുക (ബി ഒ പ്രോജക്ട്) | അറ്റ അലോട്ട്മെന്റ് |
|---|---|---|---|
| വികസന ഫണ്ട് GENERAL | 1,35,95,000/- | 365/25 11,82,600/-<br>366/25 7,20,405/-<br>368/25 7,20,005/-<br>ആകെ 26,23,010/- | 1,09,71,990/- |

| | | | |
|---|---|---|---|
| വികസന ഫണ്ട് SCSP | 39,39,000/- | 367/25 - 10,263/-<br>369/25 - 10,905/-<br>ആകെ 21,168/- | 39,17,832/- |

1) ഗ്രാന്റ് പത്രികയിൽ വിവിധ സർക്കാർ ഗ്രാന്റുകളുടെ അലോട്ട്മെന്റിൽ മുൻവർഷത്തിൽ കുറവ് ചെയ്ത തുക ഉൾപ്പെട്ടിട്ടില്ല. എന്നാൽ ചെലവ് മുൻവർഷത്തിൽ കുറവ് ചെയ്യപ്പെട്ട തുകകൾ ജി.ഒ. പ്രൊജക്റ്റായി ക്രമീകരിച്ചത് ഉൾപ്പെടെയാണ്. ആയതിനാൽ ഫണ്ടുകളുടെ യഥാർത്ഥ നീക്കിയിരിപ്പ് ഗ്രാന്റ് പത്രികയിൽ പ്രതിഫലിക്കുന്നില്ല

2) ധനകാര്യ കമ്മീഷൻ ഗ്രാന്റ് തുകകളുടെ വിനിമയം നടത്തുന്ന ബാങ്ക് അക്കൗണ്ടിലെ പലിശ തുകയായ 5,08,460/- രൂപ, ACR, ഗ്രാന്റ് പത്രിക എന്നിവയിൽ വരവുവച്ച് അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ല. ആയതിനാൽ, ACR, ഗ്രാന്റ് പത്രികയിലെ അലോട്ട്മെന്റിൽ, ടി തുകയുടെ വ്യത്യാസം നിലനിൽക്കുന്നു

സർക്കാർ ഗ്രാന്റുകളുടെയും, മറ്റ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെയും, അലോട്ട്മെന്റ് കണക്കുകളിലും ചെലവ് ക്രമീകരണങ്ങളിലും, പ്രസ്തുത അപാകതകൾക്ക് വിധേയമായിട്ടാണ്, ഓഡിറ്റ് റിപ്പോർട്ട് അനുബന്ധം-2 പ്രകാരമുള്ള ഗ്രാന്റ് വിനിയോഗ സാക്ഷ്യപത്രം പുറപ്പെടുവിച്ചിട്ടുള്ളത്.

**1-5 വാർഷികപദ്ധതി അവലോകനം**

ഗ്രാമപഞ്ചായത്തിന്റെ 2024-25 വാർഷികപദ്ധതി രൂപീകരണത്തിന്റെ പ്രാഥമിക നടപടിയായി 16-12-23-ൽ ചേർന്ന പഞ്ചായത്ത് കമ്മിറ്റിയിൽ ആസൂത്രണസമിതി പുനസംഘടിപ്പിച്ച് അംഗീകരിക്കുകയും (അജണ്ട 2/1) 18-12-23-ൽ ആസൂത്രണസമിതി പദ്ധതി രൂപീകരണത്തിന്റെ മുന്നൊരുക്കമായുള്ള യോഗം ചേർന്ന് പ്രാഥമിക കാര്യങ്ങൾ ചർച്ചചെയ്തു. 20-12-23-ലെ പഞ്ചായത്ത് കമ്മിറ്റിയിൽ 24-25 ലേക്കുള്ള വർക്കിംഗ് ഗ്രൂപ്പുകളും പുനസംഘടിപ്പിച്ച് തീരുമാനിച്ചു (അജണ്ട-2 തീരുമാനം-1). വാർഷികപദ്ധതിക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ 25.09.2024ലെ 1(1)-നമ്പർ തീരുമാനപ്രകാരം ഭരണാനുമതിയും ജില്ലാ ആസൂത്രണസമിതി മെമ്പർസെക്രട്ടറിയുടെ 25.02.2025 ലെ ഉത്തരവ് നം.3189/24/DPC/DPO/EKM നമ്പർ നടപടി ഉത്തരവു പ്രകാരം പുതുക്കിയ നിർവ്വഹണാനുമതിയും ലഭിച്ചിട്ടുണ്ട്. പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട മറ്റ് പ്രവർത്തനങ്ങളുടെ താഴെ ചേർക്കുന്നു.

| പ്രവർത്തനങ്ങൾ | നടത്തിയ തീയതി |
|---|---|
| ആസൂത്രണസമിതിയുടെയും വർക്കിംഗ് ഗ്രൂപ്പ് കൺവീനർമാരുടെയും സംയുക്തയോഗം | 20-12-23 |
| വർക്കിംഗ് ഗ്രൂപ്പ്യോഗം | 22-12-23 |
| പദ്ധതിരൂപീകരണ ഗ്രാമസഭകൾ | 27-12-23 മുതൽ 31-12-23 വരെ |
| ഭിന്നശേഷി ഗ്രാമസഭ, ഊരുകൂട്ടയോഗം | 26-12-23 |
| മത്സ്യസഭ | 28-12-23 |
| വികസനസെമിനാർ | 10-1-24 |
| കരട് പദ്ധതിരേഖ അംഗീകരിച്ചു | 10-1-24 അജണ്ട-2(1) |
| അന്തിമപദ്ധതിരേഖ അംഗീകരിച്ചു | 30-1-24 അജണ്ട-2(1) |

**(എ) ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.**

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രൊജക്റ്റുകളുടെ ശതമാനം |
|---|---|---|---|---|
| 252 | 12,12,53,609/- | 180 | 72 | 71.42 |

**ബി) വാർഷികപദ്ധതി - വരവുചെലവുകണക്കുകൾ**

വിവിധ ഫണ്ടിനങ്ങളിലായി ആകെ 12,12,53,609/- രൂപ വകയിരുത്തിയതിൽ 7,35,49,029/- രൂപയേ ചെലവഴിക്കാനായിട്ടുള്ളൂ. വകയിരുത്തലിന്റെ അടിസ്ഥാനത്തിലുള്ള പദ്ധതിചെലവ് 60.65 ശതമാനം മാത്രമാണ്.

**സി) നിർവ്വഹണോദ്യോഗസ്ഥരുടെ ചെലവുവിവരങ്ങൾ**

നിർവ്വഹണ ചുമതലയുണ്ടായിരുന്ന ഉദ്യോഗസ്ഥരുടെ പദ്ധതി ചെലവിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആവിഷ്കരിച്ച പ്രോജക്ടുകൾ | നടപ്പാക്കിയ പ്രോജക്ടുകൾ | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 5 | 5 | 6567752 | 3608599 | 54.94 |
| വെറ്ററിനറി സർജൻ | 3 | 3 | 358000 | 358000 | 100 |
| മെഡിക്കൽ ഓഫീസർ (പി എച്ച് സി) | 9 | 6 | 3542875 | 1781344 | 50.3 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 14 | 9 | 24011554 | 14231982 | 59.27 |
| ഐ സി ഡി എസ് സൂപ്പർവൈസർ | 10 | 10 | 4700175 | 4328668 | 92.10 |
| സെക്രട്ടറി | 42 | 33 | 9085486 | 8036698 | 88.46 |
| ഹെഡ്മിസ്ട്രസ്, ഗവ എൽ പി സ്കൂൾ, തൊണ്ടംകുഴി | 5 | 5 | 130000 | 130000 | 100 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 151 | 98 | 68878567 | 38522533 | 55.93 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 3 | 2 | 1400000 | 900000 | 64.29 |
| അസിസ്റ്റന്റ് സെക്രട്ടറി | 7 | 6 | 2152000 | 1496507 | 69.54 |
| ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 4 | 3 | 427200 | 154700 | 36.21 |
| ആകെ | 252 | 180 | 121253609 | 73549029 | |

അസിസ്റ്റന്റ് എഞ്ചിനീയർക്ക് നിർവ്വഹണ ചുമതലയുണ്ടായിരുന്ന 151 പ്രോജക്ടുകളിൽ സ്പിൽ ഓവർ പ്രോജക്ടുകൾ ഉൾപ്പെടെ 98 പ്രോജക്ടുകൾക്കു വേണ്ടിയാണ് തൽവർഷം തുക ചെലവഴിച്ചിട്ടുള്ളത്. മുൻവർഷത്തെ അപേക്ഷിച്ച് റോഡ് സംരക്ഷണഗ്രാന്റ് 95 ശതമാനവും ചെലവഴിക്കാനായി എന്നത് എടുത്തുപറയാവുന്ന നേട്ടമായി കാണുന്നു. കുണ്ടുംകുഴിയുമായി കിടന്ന മെഡിക്കൽ കോളേജ് ബസ്റ്റാന്റ് കോൺക്രീറ്റിംഗിനായി 50 ലക്ഷം രൂപ തനതുഫണ്ട് വകയിരുത്തുകയും തൽവർഷം 18 ലക്ഷത്തിലധികം രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ഹെൽത്ത് ഗ്രാന്റ് വിനിയോഗിച്ച് കരിമ്പുതറ്റ്, മണിയംപാറ സബ്സെന്ററുകൾക്ക് കെട്ടിടം പണിയുന്നതിനായി പ്രോജക്ടിന് അംഗീകാരം ലഭിച്ചെങ്കിലും നടപ്പായിട്ടില്ല. 1979-ൽ പഞ്ചായത്തിന് വിട്ടുകിട്ടിയതും പലതരത്തിലുള്ള തടസ്സങ്ങൾ മറികടന്ന് നിലവിൽ പഞ്ചായത്തിന്റെ പേരിൽ പട്ടയം ലഭിച്ചതുമായ എം സി എച്ച് സമീപത്തെ സ്ഥലം വേലികെട്ടി സംരക്ഷിക്കുന്നതിനായി ആവിഷ്കരിച്ച പ്രോജക്ട് നടപ്പാക്കിയിട്ടില്ല. എം സി എച്ചിന് സമീപം പഞ്ചായത്തുവക സ്ഥലത്ത് പുതിയ ഷോപ്പിംഗ് കോംപ്ലക്സ്, കെട്ടിടം ഇല്ലാത്ത അങ്കണവാടികൾക്ക് സ്ഥലവും കെട്ടിടവും, എം സി എഫിൽ ബെയ്ലിംഗ് മെഷീൻ സ്ഥാപിക്കൽ തുടങ്ങിയ വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശങ്ങൾ പദ്ധതിയിൽ ഉൾപ്പെട്ടില്ല. വർക്കിംഗ് ഗ്രൂപ്പുകൾ പുനസംഘടിപ്പിച്ചിരുന്നുവെങ്കിലും പലതും ചുമതല നിർവ്വഹിച്ചിട്ടില്ല എന്ന് കാണുന്നു. അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാൽ ഇവയും ഫലപ്രദമായി നിർവ്വഹിക്കുന്നതായി കാണുന്നില്ല. ഇക്കാര്യം ഭരണസമിതിയുടെയും സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-4 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2024-25 വർഷം 23 പേർക്ക് പുതുതായി തൊഴിൽ കാർഡ് നൽകിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിലെ 18 വാർഡുകളിലെയും ലേബർ ഗ്രാമസഭ ചേർന്ന് ലേബർ ബജറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഓഡിറ്റ് വർഷത്തെ ലേബർ ബജറ്റ് പ്രകാരം 183 പ്രവൃത്തികളാണ് വിഭാവനം ചെയ്തത്. 121 പ്രവൃത്തികൾക്ക് സാങ്കേതികാനുമതി ലഭിച്ചതിൽ 78 പ്രവൃത്തികൾ പൂർത്തിയാക്കി 30486 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. പഞ്ചായത്തിൽ ആകെയുള്ള 345 അയൽക്കൂട്ടങ്ങളിൽ 182 എണ്ണം തൊഴിലുറപ്പ് പദ്ധതിയുമായി സഹകരിച്ചിട്ടുണ്ട്. 70.91 തൊഴിൽ ദിനങ്ങൾ ശരാശരി സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. പ്രകൃതി വിഭവ സംരക്ഷണത്തിന് മുൻഗണന നല്കി ജലസംരക്ഷണ പ്രവൃത്തികൾ, തോടുകൾ ആഴം കൂട്ടി സംരക്ഷിക്കൽ തുടങ്ങിയ പ്രോജക്ടുകളാണ് ഏറ്റെടുത്ത്

നടപ്പിലാക്കിയ തൊഴിലുറപ്പ് പദ്ധതി ക്യാഷ് ബുക്ക് പ്രകാരമുള്ള 2024-25 വർഷത്തെ വരവ്-ചെലവ് കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| വരവ് | | ചെലവ് | |
|---|---|---|---|
| മുന്നിരിപ്പ് (01.04.2024) | 1113.25 | Skilled Labour (DBT) | 1112331 |
| അഡ്മിനിസ്ട്രേറ്റീവ് വരവ് | 1632831 | Unskilled Labour (DBT) | 17200177 |
| പലിശ വരവ് | 991 | Material (DBT) | 7746435.06 |
| ആകെ നേരിട്ടുള്ള വരവ് | 1123626.25 | ആകെ DBT ചെലവ് | 26058943.06 |
| Skilled Labour | 1112331 | ശമ്പളം | 1332548 |
| Unskilled Labour | 17200177 | | |
| Material | 7746435.06 | മറ്റു ചെലവുകൾ | 7306 |
| ആകെ DBT വരവ് | 26058943.06 | ആകെ നേരിട്ടുള്ള ചെലവ് | 1332548 |
| പഞ്ചായത്ത് തനത് ഫണ്ടിൽ നിന്ന് മുൻകൂർ | 1332548 | പഞ്ചായത്ത് തനത് മുൻകൂർ തിരിച്ചടവ് | 1832831 |
| മറ്റ് സ്വം വരവ് | - | | |
| | - | നീക്കിയിരിപ്പ് (31-03-2025) | 2104.25 |
| ആകെ | 29026426.31 | ആകെ | 29026426.31 |

**1-7 സാമൂഹ്യസുരക്ഷാ പദ്ധതികൾ**

തദ്‌വർഷം ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പദ്ധതിയുടെ പേര് | ചെലവഴിച്ച തുക (രൂപ) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകത്തൊഴിലാളി പെൻഷൻ | 14634200/- | 910 |
| വിവാഹ ധനസഹായം | 30000/- | 1 |
| വിധവാ പെൻഷൻ | 9717200/- | 642 |
| വാർദ്ധക്യകാല പെൻഷൻ | 29010800/- | 1942 |
| വികലാംഗ പെൻഷൻ | 3723400/- | 232 |
| അമ്പത് വയസ്സ് കഴിഞ്ഞ അവിവാഹിതർക്കുള്ള പെൻഷൻ | 424000/- | 26 |
| വിവാഹ ധനസഹായം | 30000/- | 1 |

**1-8 ക്യാഷ് ബാലൻസ് പരിശോധന**

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21.08.2025 -ന് 03.05 PM -ന് സീനിയർ ക്ലർക്കിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 63/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

**1-9 ആഭ്യന്തരനിയന്ത്രണസംവിധാനം**

ഓഫീസ് ഉത്തരവിലൂടെ ജീവനക്കാർക്ക് ചുമതലകൾ കൃത്യമായി വിഭജിച്ച് നൽകിയിട്ടുണ്ട്. അഡ്വാൻസ് ഡെപ്പോസിറ്റ് രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നുണ്ട്. കാലഹരണപ്പെട്ട തുകകൾ തനത്ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടിയിട്ടില്ല. പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. തെരുവുവിളക്കുകൾ സംബന്ധിച്ച് സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി രേഖപ്പെടുത്തലുകൾ നടത്തി സൂക്ഷിക്കുന്നില്ല. നികുതി-നികുതിയേതര വരവുകളുടെ ഡിമാന്റ് ബന്ധപ്പെട്ട രജിസ്റ്ററുകളിൽ കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ട്. KURDFC ലോൺ വരവ് ചെലവ് വിശദാംശങ്ങൾ രജിസ്റ്ററിൽ കൃത്യമാക്കി രേഖപ്പെടുത്തി സൂക്ഷിക്കുന്നുണ്ട്. വസ്തു നികുതിയിനത്തിൽ 4 ലക്ഷത്തിലധികം തുക പിരിച്ചെടുക്കുവാൻ ശേഷിയ്ക്കുന്നുണ്ടെങ്കിലും വാടകയിനത്തിൽ 23 ലക്ഷത്തിലധികം രൂപയുടെ കുടിശ്ശിക നിലനിൽക്കുന്നു. നിക്ഷേപ പ്രവൃത്തികളിൽ മുൻവർഷങ്ങളിൽ വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ചതിൽ 14 ലക്ഷത്തിലധികവും കെഎസ്ഇബി യിൽ നിക്ഷേപിച്ചതിൽ 3 ലക്ഷത്തിലധികം ക്രമീകരിയ്ക്കാൻ ശേഷിയ്ക്കുന്നുണ്ട്. തദ്‌വർഷം ഐ എൽ ജി എം എസ് സോഫ്റ്റ്‌വെയറിലൂടെയാണ് ഫയലുകൾ കൈകാര്യം ചെയ്തിട്ടുള്ളത്. എന്നാൽ മാന്വലായും

പേപ്പർ രജിസ്റ്ററുകൾ മാത്രം തിരിച്ച് സൂക്ഷിച്ചിട്ടുണ്ട്. ചില പ്രോജക്ടുകളുടെ സ്റ്റോക്ക് രജിസ്റ്ററുകൾ പൂർണമായും സോഫ്റ്റ്‌വെയറിൽ സ്കാൻ ചെയ്ത് ഉൾപ്പെടുത്തിയിരുന്നില്ല എന്നതൊഴിച്ചാൽ രജിസ്റ്ററുകളുടെ സൂക്ഷിപ്പ് തൃപ്തികരമാണ്. സ്റ്റിയറിംഗ് കമ്മിറ്റികൾ എല്ലാ മാസങ്ങളിലും ചേർന്നിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്ന് പദ്ധതി നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. പ്രോജക്ടുകളുടെ നടത്തിപ്പ് വർക്കിംഗ് ഗ്രൂപ്പുകൾ കൃത്യമായി മോണിറ്റർ ചെയ്ത് പദ്ധതി പൂർത്തീകരണസാക്ഷ്യപത്രം തയ്യാറാക്കിയതായി ഒരു ഫയലിലും കാണുന്നില്ല. പ്രോജക്ടുകളുടെ നിർവ്വഹണത്തിൽ മേൽനോട്ട സംവിധാനം ഫലപ്രദമായിരുന്നില്ലെന്ന് ഇതു സൂചിപ്പിക്കുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 20.07.2022 | 01/22-03/22 | 20.07.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 26.05.2014 | 2009-10 മുതൽ 2013-14 വരെ | LBA(HG)-II/LA-2168/169 DT 24.07.2014 |

## 1-11 വസ്തു നികുതി - ഉപയോഗക്രമം നിർണ്ണയിച്ചതിൽ അപാകത

ഗ്രാമ പഞ്ചായത്തിന്റെ വാർഡ് XI -ൽ ഉൾപ്പെട്ട കെട്ടിടത്തിന്റെ സഞ്ചയ വെബ് പോർട്ടൽ പ്രകാരമുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം | വാർഡ്/ കെട്ടിട നം. | കെട്ടിട ഉടമയുടെ പേര് | തറ വിസ്തീർണ്ണം (ച.മീ) | നിലവിൽ നിർണ്ണയിച്ചിട്ടുള്ള അടിസ്ഥാന നികുതി നിരക്ക് (രൂ) | നിലവിൽ നിർണ്ണയിച്ചിട്ടുള്ള ഉപയോഗക്രമം |
|---|---|---|---|---|---|
| 1) | XI 401 | അനിൽ എബ്രഹാം വലിയവീട്ടിൽ പനമ്പാലം ആർപ്പൂക്കര | 432 | 50/- | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ |

432 ച. മീ തറ വിസ്തീർണ്ണമുള്ള കെട്ടിടത്തിന്, 100 ച. മീ വരെ തറ വിസ്തീർണ്ണമുള്ള കെട്ടിടത്തിന്റെ ഉപയോഗക്രമം നൽകി നികുതി നിർണ്ണയം (03.12.2018 തീയതിയിൽ) നടത്താനുണ്ടായ സാഹചര്യം വ്യക്തമല്ല. സഞ്ചയ വെബ്പോർട്ടൽ വിശദാംശങ്ങൾ പ്രകാരം, 03.12.2018 ൽ നികുതി നിർണ്ണയം നടത്തിയിട്ടുള്ള ടി കെട്ടിടത്തിന് 31.03.2023 വരെ ചതുരശ്രമീറ്ററിന് 60/- രൂപ പ്രകാരവും (വാണിജ്യാവശ്യത്തിനുള്ള 100m² – ന് മുകളിലുള്ള കെട്ടിടങ്ങളുടെ നിരക്ക്) 01.04.2023 മുതൽ അടിസ്ഥാന നികുതിയുടെ 5% വർദ്ധനവ് ഉണ്ടാകുന്ന തുകയും, വസ്തുനികുതിയിനത്തിൽ ഗ്രാമപഞ്ചായത്തിന് ഈടാക്കുവാൻ സാധിച്ചിട്ടില്ലായെന്ന് കാണുന്നു. നികുതി നിർണ്ണയത്തിലെ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (28/30.06.2025) മറുപടി ലഭ്യമായില്ല. പ്രസ്തുത കെട്ടിടം, ഉചിതമായ ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി, നികുതി പുനർനിർണ്ണയിച്ച് കുടിശ്ശിക തുക ഉൾപ്പെടെ ഡിമാന്റ് ചെയ്ത് ഈടാക്കുവാൻ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-12 വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തെ വ്യത്യസ്ത നമ്പറുകൾ നൽകി കുറഞ്ഞ നിരക്കിൽ വസ്തു നികുതി നിർണ്ണയിച്ചു

സഞ്ചയ വെബ് പോർട്ടൽ നികുതി അസസ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ, വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്ന കെട്ടിടത്തിലെ വിവിധ മുറികൾക്ക് വ്യത്യസ്ത നമ്പറുകൾ നൽകി വസ്തുനികുതി നിർണ്ണയിച്ചതായി വ്യക്തമാകുന്നു. 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം, ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ, പ്രത്യേക കെട്ടിടങ്ങളായി പരിഗണിച്ച് ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തുനികുതി ചുമത്തേണ്ടതുള്ളൂ. എന്നാൽ, പഞ്ചായത്തിൽ ഒരേ ഉടമസ്ഥതയിലുള്ള, വാണിജ്യാവശ്യത്തിനായി ഉപയോഗിക്കുന്ന 100 ച.മീ. കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടത്തിന്റെ ഓരോ ഭാഗത്തിനും വിവിധ നമ്പറുകൾ നൽകി, ച.മീറ്ററിന് 50/- രൂപ നിരക്കിൽ (വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്ന ഉപയോഗക്രമത്തിൽ) 14.01.2019 തീയതിയിലാണ് നികുതി നിർണ്ണയിക്കപ്പെട്ടിരിക്കുന്നത്. വ്യത്യസ്ത ഉപയോഗക്രമം അല്ലാതിരിക്കെ, കെട്ടിടങ്ങൾക്ക് ഇപ്രകാരം വിഭജിച്ച് വസ്തുനികുതി നിർണ്ണയിച്ചത് മൂലം,

ചട്ടം പ്രകാരമുള്ള നികുതി തുക ഈടാക്കുവാൻ സാധിച്ചിട്ടില്ലായെന്ന് കാണുന്നു. കെട്ടിടങ്ങളുടെ നികുതി വിശദാംശങ്ങൾ ഉദാഹരണമായി ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ്/ കെട്ടിട നം. | കെട്ടിട ഉടമയുടെ പേര്/ വിലാസം | തറ വിസ്തീർണ്ണം (ച.മീ) | നിലവിൽ നിർണ്ണയിക്കപ്പെട്ടിട്ടുള്ള ഉപയോഗക്രമം |
|---|---|---|---|---|
| 1) | XI/403 | അനിൽ എബ്രഹാം വലിയവീട്ടിൽ പനമ്പാലം ആർപ്പൂക്കര | 16.53 | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ |
| 2) | XI/404 | | 16.77 | |
| 3) | XI/405 | | 8.43 | |
| 4) | XI/406 | | 8.45 | |
| 5) | XI/407 | | 13.63 | |
| 6) | XI/408 | | 4.5 | |
| 7) | XI/409 | | 10.03 | |
| 8) | XI/410 | | 14 | |
| 9) | XI/410 A | | 18 | |
| 10) | XI/410 B | | 18 | |
| 11) | XI/410 C | | 10 | |
| | | ആകെ | 129.8 | |

നികുതി നിർണ്ണയത്തിലെ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (27/30.06.2025) മറുപടി ലഭ്യമായില്ല. ഇപ്രകാരം വിശദീകരണം സ്വീകരിച്ച് നടത്തി നികുതി നിർണ്ണയിക്കപ്പെട്ടിട്ടുള്ള പ്രസ്തുത കെട്ടിടം, ഉചിതമായ ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി നികുതി പുനർനിർണ്ണയിക്കുവാൻ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

**1-13 ഓഡിറ്റോറിയത്തിന്റെ വസ്തു നികുതി യഥാവിധി നിർണ്ണയിക്കപ്പെട്ടില്ല**

ആർപ്പൂക്കര ഗ്രാമ പഞ്ചായത്തിന്റെ വാർഡ് XIV (പുലിക്കുട്ടിശ്ശേരി)-ൽ, കെട്ടിട നം. 114 (രജിസ്ട്രേഷൻ ഐ.ഡി 30513010002891) പ്രകാരം, വികാരി, കല്ലുകത്തറ മലങ്കര സെന്റ് ജോർജ്ജ് ഓർത്തഡോക്സ് പള്ളി, ആർപ്പൂക്കര എന്ന ഉടമസ്ഥതയിൽ വസ്തു നികുതി നിർണ്ണയിക്കപ്പെട്ടിട്ടുള്ള 498. 62 ച. മീ തറ വിസ്തീർണ്ണമുള്ള ടി കെട്ടിടം, "വിദ്യാഭ്യാസ സ്ഥാപനത്തിന്റെ കോമ്പൗണ്ടിൽ വരുന്നതും, അതിന്റെ ആവശ്യങ്ങൾക്ക് മാത്രം ഉപയോഗിക്കുന്നതുമായ ഓഡിറ്റോറിയം" എന്ന ഉപയോഗക്രമത്തിലാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത്. ടി കെട്ടിടത്തിന്, ചതുരശ്ര മീറ്ററിന് 4/- രൂപ പ്രകാരം, 1994.48/- രൂപയാണ് നിലവിൽ വസ്തുനികുതി നിർണ്ണയിച്ചിരിക്കുന്നത്. ആർപ്പൂക്കര ഗ്രാമപഞ്ചായത്ത് കാര്യാലയത്തിൽ പരിപാലിക്കുന്ന വിവാഹ രജിസ്ട്രേഷൻ രേഖകൾ പ്രകാരം, പ്രസ്തുത ഓഡിറ്റോറിയത്തിൽ നടത്തപ്പെട്ട വിവാഹങ്ങളിൽ, ചുവടെ ചേർക്കുന്ന അഞ്ച് എണ്ണം ഉദാഹരണം മാത്രമായി ഉൾപ്പെടുത്തുന്നു.

| ക്രമ നം. | വിവാഹ തീയതി | വിവാഹ രജിസ്ട്രേഷൻ നം./ ഫയൽ നം./ തീയതി |
|---|---|---|
| 1) | 21.04.2024 | 400477/CRCM01/GPO/2024/8602/13.05.24 |
| 2) | 03.11.2024 | 400477/CRCM01/GPO/2024/21806/16.12.24 |
| 3) | 22.03.2024 | 400477/CRCM01/GPO/2024/6400/05.04.24 |
| 4) | 17.02.2024 | 400477/CRCM02/GPO/2024/3282/27.02.24 |
| 5) | 04.02.2024 | 400477/CRCM01/GPO/2024/4612/13.03.24 |

"വിദ്യാഭ്യാസ സ്ഥാപനത്തിന്റെ കോമ്പൗണ്ടിൽ വരുന്നതും, അതിന്റെ ആവശ്യങ്ങൾക്ക് മാത്രം ഉപയോഗിക്കുന്നതുമായ ഓഡിറ്റോറിയം" എന്ന പ്രകാരം നികുതി നിർണ്ണയിക്കപ്പെട്ടിട്ടുള്ള ടി കെട്ടിടം, വിവാഹത്തിനും മറ്റ് പരിപാടികൾക്കും ഉപയോഗിക്കുകയും, ഉടമസ്ഥൻ വാടക തുക ഈടാക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ, "അസംബ്ലി കെട്ടിടം, കൺവെൻഷൻ സെന്റർ, ആഡിറ്റോറിയം, കല്യാണ മണ്ഡപങ്ങൾ, ലൈവ്, സിനിമ തിയേറ്റർ", എന്ന ഉചിതമായ ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി നികുതി നിർണ്ണയിക്കുവാൻ ഗ്രാമപഞ്ചായത്ത് നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ, ആയത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (31/30.06.2025), മറുപടി ലഭ്യമായില്ല. പ്രസ്തുത കെട്ടിടത്തെ, ചട്ടപ്രകാരം നിർദ്ദേശിക്കപ്പെട്ടിട്ടുള്ള ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി, യഥാവിധി നികുതി പുനർനിർണ്ണയിച്ച്, കുടിശ്ശിക നികുതി തുക ഉൾപ്പെടെ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. വിഷയം സംബന്ധിച്ച്, ബഹു. ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

**1-14 ഹോളി ഫാമിലി കോൺവെന്റ് - കെട്ടിട നിർമ്മാണം ക്രമവത്കരിച്ച ഒക്യുപൻസിയിൽ വസ്തു നികുതി നിർണ്ണയിച്ചില്ല**

ആർപ്പൂക്കര വില്ലേജിലെ, റീസർവേ നം: 139/7-1 ൽ ഉൾപ്പെട്ട പുരയിട ഭൂമിയിൽ, മദർ സുപ്പീരിയർ, ഹോളി ഫാമിലി കോൺവെന്റ്, ആർപ്പൂക്കര, വില്ലൂന്നി പി. ഒ, കോട്ടയം എന്നയാൾക്ക്, 31-3247/2020/ 29.01.21 നം. ബിൽഡിംഗ് പെർമിറ്റ് പ്രകാരം 176.28 ച. മീ (Ground Floor) കെട്ടിട നിർമ്മാണ അനുമതി (കോൺവെന്റ് എന്ന ഒക്യുപൻസിയിൽ) നൽകിയിട്ടുണ്ട്. എന്നാൽ, ലഭ്യമായിട്ടുള്ള കംപ്ലീഷൻ പ്ലാൻ പ്രകാരം, 496.99 ച. മീ ബിൽറ്റപ്പ് ഏരിയയിൽ (GF : 310.51 ച. മീ & FF : 186.48 ച. മീ) കെട്ടിടം നിർമ്മിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ, അനുമതിയില്ലാതെ നടത്തിയ നിർമ്മാണം ക്രമവത്കരിക്കുന്നതിന് കക്ഷി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. അനുമതിയില്ലാതെ നടത്തിയ നിർമ്മാണത്തിന്റെ ക്രമവത്കരണം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (18/28.08.2025), മറുപടി ലഭ്യമായിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ സാങ്കേതിക വിഭാഗം നടത്തിയ സ്ഥലപരിശോധന റിപ്പോർട്ടിൽ A2-Special Residential Building (Convent) Regularisation എന്ന പ്രകാരം രേഖപ്പെടുത്തിയിട്ടുള്ളതും, KPBR 2019 -ന് അനുസൃതമല്ലാതെ സൈറ്റിൽ നിലനിൽക്കുന്ന അപാകതകൾ പരിഹരിച്ച് അപേക്ഷ പുനസമർപ്പിക്കുവാൻ നിർദ്ദേശം നൽകുകയും ചെയ്തു. അപാകതകൾ പരിഹരിച്ച് അപേക്ഷ പുനസമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ, നാളിതുവരെ നടത്തിയ നിർമ്മിതികൾ കൂടി രാജിയാക്കി സൈറ്റ് അംഗീകരിക്കുകയും, ക്രമവത്കരണ ഫീസ് ഇനത്തിൽ 89,459/- രൂപയുടെ ഡിമാന്റ് തയാറാക്കി ആയതിന് അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ, കക്ഷി 89,459/- രൂപ ക്രമവത്കരണ ഫീസ് അടവാക്കിയിട്ടുണ്ട് (രസീത് നം: 1240503442/ 22.01.2025).

തുടർ നടപടികളുടെ ഭാഗമായി ടി കെട്ടിടത്തിന് നം:XIII/26 A അനുവദിക്കുകയും, "പാർപ്പിടാവശ്യം-സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ, ഹോം സ്റ്റേ (വിനോദ സഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നത്) 300 ച.മീ. ൽ കൂടുതലുള്ളവ - അപ്പാർട്ട്മെന്റുകൾ" എന്ന ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി ചതുരശ്ര മീറ്ററിന് 9/- രൂപ പ്രകാരം, 4,472.91/- രൂപ അടിസ്ഥാന വസ്തു നികുതി നിർണ്ണയിക്കുകയും (13.02.2025 തീയതിയിൽ) ചെയ്തിട്ടുണ്ട്. എന്നാൽ, A2-Special Residential Building (Convent) ഒക്യുപൻസിയിൽ ക്രമവത്കരിച്ച (ആർപ്പൂക്കര ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ SC-5/22548/2024/12.01.2025 നം. ഉത്തരവ് പ്രകാരം) പ്രസ്തുത കെട്ടിടം, ടി ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി നികുതി നിർണ്ണയിച്ചത് ചട്ടപ്രകാരമല്ല. ചതുരശ്ര മീറ്ററിന് 60/- രൂപ പ്രകാരമാണ്, "പാർപ്പിടാവശ്യം- ലോഡ്ജ്, ഹോട്ടൽ ഉൾപ്പെടെ മറ്റ് പ്രത്യേക പാർപ്പിട ആവശ്യത്തിനുള്ളവ 300 ച.മീ. ൽ കൂടുതലുള്ളവ (പ്രത്യേക പാർപ്പിട ആവശ്യത്തിനുള്ളവ)" എന്ന ഉപയോഗക്രമത്തിന് ഗ്രാമപഞ്ചായത്ത് നിരക്ക് നിശ്ചയിച്ചിട്ടുള്ളത് (ആർപ്പൂക്കര ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ SC5-17618/2023/17.10.2023 നം. ഉത്തരവ് പ്രകാരം). ചതുരശ്ര മീറ്ററിന് 60/- രൂപ പ്രകാരം 29819.40/- രൂപ അടിസ്ഥാന വസ്തു നികുതി നിർണ്ണയിക്കപ്പെടേണ്ടിയിരുന്നത്, നിലവിൽ ചതുരശ്ര മീറ്ററിന് 9/- രൂപ പ്രകാരം, 4,472.91/- രൂപയാണ് അടിസ്ഥാന വസ്തുനികുതി നിർണ്ണയിക്കപ്പെട്ടിട്ടുള്ളതെന്ന് കാണുന്നു. KPBR 2019 ചട്ടം 25-2(B) പ്രകാരം, സന്യാസിനികൾ കോൺവെന്റുകൾ തുടങ്ങിയ കെട്ടിടങ്ങളെ, ഗണം A2 - ലോഡ്ജിംഗ് ഹൗസുകളും പ്രത്യേക വാസഗൃഹങ്ങളും എന്ന പ്രകാരമാണ് നിർവ്വചിക്കപ്പെട്ടിട്ടുള്ളത്. പ്രസ്തുത കെട്ടിടത്തെ, ഗണം A1 - ഏക കുടുംബ / ബഹുകുടുംബ വാസസ്ഥലങ്ങളായി പരിഗണിച്ച് നികുതി നിർണ്ണയിക്കപ്പെടുവാൻ സാധ്യമല്ലെന്ന് ഓഡിറ്റ് പ്രാദേശിക പരിശോധനയിൽ വ്യക്തമായിട്ടുണ്ട്.



ആയതിനാൽ, A2-Special Residential Building (Convent) ഒക്യുപൻസിയിൽ ക്രമവത്കരിച്ചിട്ടുള്ള പ്രസ്തുത കെട്ടിടത്തെ, ചട്ടപ്രകാരമുള്ള ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി, നികുതി നിർണ്ണയത്തിൽ സംഭവിച്ച അപാകത പരിഹരിക്കേണ്ടതും, യഥാവിധി നികുതി പുനർനിർണ്ണയിച്ച് കുടിശ്ശിക നികുതി തുക ഉൾപ്പെടെ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്. വിഷയം സംബന്ധിച്ച് ബഹു. ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

**1-15 ഭൂമി കയ്യേറി അനധികൃത നിർമ്മാണം നടത്തി**

മെഡിക്കൽ കോളേജ് ബസ് സ്റ്റാൻഡിന് സമീപം പ്രവർത്തിക്കുന്ന ഹോട്ടൽ കരുണ, ഗാന്ധിനഗർ എന്ന സ്ഥാപനത്തിന്റെ ഉടമയായ ശ്രീ.ഷാജിമോൻ പി.കെ. എന്നയാൾ, ഹോട്ടലിന് മുൻവശത്തുള്ള ഗ്രാമപഞ്ചായത്തിന്റെ ഭൂമി കയ്യേറുകയും, ടി സ്ഥലത്ത് പതിനഞ്ച് മീറ്ററോളം കോൺക്രീറ്റ് ചെയ്ത് അനധികൃത നിർമ്മാണ പ്രവൃത്തികൾ നടത്തിയതായും, ബഹു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ നിർദ്ദേശാനുസരണം നടത്തിയിട്ടുള്ള സ്ഥലപരിശോധന റിപ്പോർട്ടിൽ നിന്നും വ്യക്തമാകുന്നു. ഗ്രാമപഞ്ചായത്തിന്റെ ഭൂമി കയ്യേറിയുള്ള അനധികൃത നിർമ്മാണത്തിനെതിരെ, ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ പൂർണ്ണ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ്

അന്വേഷണക്കുറിപ്പിന് (22/28.08.2025) മറുപടി ലഭ്യമായിട്ടുണ്ട്. കോട്ടയം മെഡിക്കൽ കോളേജ് ബസ് സ്റ്റാന്റിന് സമീപം സ്ഥിതി ചെയ്യുന്ന കരുണ ഹോട്ടലിന് മുൻവശം, ആർപ്പൂക്കര ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള സ്ഥലം കൈയ്യേറി അനധികൃതമായി നിർമ്മാണ പ്രവർത്തനം നടക്കുന്നുവെന്നും, അടിയന്തിരമായി ടി കയ്യേറ്റം ഒഴിപ്പിക്കുന്നതിനുള്ള നോട്ടീസ് നൽകണമെന്നുമുള്ള ബഹു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ നിർദ്ദേശ പ്രകാരം, ചുമതലപ്പെട്ട വാർഡ് ക്ലർക്ക് സ്ഥലപരിശോധന നടത്തുകയും, ടി ആരോപണം ശരിയാണെന്ന് ബോദ്ധ്യപ്പെട്ടതായി റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ, എതിർ കക്ഷിയായ ഹോട്ടലുടമയ്ക്ക് 12/12/2024 തീയതിയിൽ ഗ്രാമ പഞ്ചായത്ത് കാര്യാലയത്തിൽ നിന്നും താൽക്കാലിക നോട്ടീസ് നൽകിയിട്ടുണ്ടെന്നും, ആയതിന് ലഭ്യമായ മറുപടി 18/12/2024 തീയതിയിൽ ചേർന്ന പഞ്ചായത്ത് ഭരണസമിതി യോഗത്തിൽ ചർച്ച ചെയ്യുകയും ചെയ്തുവെന്നും, ലഭിച്ച മറുപടി തൃപ്തികരമല്ലായെന്ന് യോഗം വിലയിരുത്തി അന്തിമ ഉത്തരവ് പുറപ്പെടുവിക്കുകയും, കക്ഷി ആയത് കൈപ്പറ്റുകയും ചെയ്തുവെന്നും, നിലവിൽ വിഷയം സംബന്ധിച്ച് ബഹു. കേരള ഹൈക്കോടതിയിൽ കേസ് നിലനിൽക്കുന്നതിനാൽ, തുടർ നടപടി സ്വീകരിക്കുവാൻ സാധിക്കുന്നില്ലെന്നുമുള്ള മറുപടി ലഭ്യമായിട്ടുണ്ട്. വിഷയം ബഹു. ഹൈക്കോടതിയുടെ പരിഗണനയിലായതിനാൽ, വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-16 കരാറുകാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന വിവിധ മേഖലകളിൽ കരാർ പ്രവൃത്തികൾ ചെയ്യുന്നവരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ഓഡിറ്റ് വർഷം പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിലെ മരാമത്ത് പദ്ധതികൾ ഏറ്റെടുത്ത കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടുള്ളതായി കാണുന്നില്ല. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204(1) പ്രകാരം പഞ്ചായത്ത് പ്രദേശത്ത് സാമ്പത്തിക വർഷം 60 ദിവസത്തിൽ കുറയാതെ തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടവർക്ക് തൊഴിൽ നികുതി ചുമത്തേണ്ടതാണ്. പഞ്ചായത്ത് മരാമത്ത് പ്രവൃത്തികളുടെ ഓഡിറ്റ് വർഷത്തെ എഗ്രിമെന്റ് രജിസ്റ്റർ പ്രകാരം മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാരുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കരാർ ഏറ്റെടുത്ത വ്യക്തിയുടെ പേര് |
|---|---|
| 1) | സജി പി കുരുവിള |
| 2) | ഷാജി ജോസഫ് |
| 3) | ഇബ്രാഹിം സി |
| 4) | രതീഷ് പി എസ് |
| 5) | നിഥിൻ മാത്യു |
| 6) | ഷിബു കെ വി |
| 7) | ശ്യാം പി എസ് |
| 8) | സെബാസ്റ്റ്യൻ സി വി |

പ്രസ്തുത കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കാത്തതിന്റെ സാഹചര്യം സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 30/ 28.08.2025), തൊഴിൽ നികുതി കുടിശ്ശിക സഹിതം ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന മറുപടി ലഭ്യമായിട്ടുണ്ട്. തുടർ വർഷങ്ങളിൽ അപാകതയുണ്ടാകാതെ ശ്രദ്ധിക്കേണ്ടതും, നികുതി തുക ഈടാക്കി വിവരം തെളിവുസഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-17 വാടക – കുടിശ്ശിക നിലനിൽക്കുന്നു

2024-25 സാമ്പത്തിക വർഷത്തിൽ ആർപ്പൂക്കര ഗ്രാമപഞ്ചായത്തിന്റേതായുള്ള 2 ഷോപ്പിംഗ് കോംപ്ലക്സിലായി (മെഡിക്കൽ കോളേജ് & തൊണ്ണംകുഴി) 68 കടമുറികളിൽ 64 എണ്ണം വാടകയ്ക്ക് നൽകിയിട്ടുണ്ടായിരുന്നു. രജിസ്റ്ററുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

**1. മുൻവർഷ വാടകയിനത്തിൽ 23 ലക്ഷത്തിലധികം രൂപയുടെ കുടിശ്ശിക നിലനിൽക്കുന്നു**

2024-25 വർഷത്തെ വാർഷിക കണക്കുകൾ പ്രകാരം 23,81,260/- രൂപ മുൻവർഷങ്ങളിലെ വാടകയുടെ കുടിശ്ശികയിനത്തിൽ ഈടാക്കാനവശേഷിക്കുന്നു. അരിയർ ഡിമാന്റ് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പ്രകാരം ജോമോൻ ലിജി ജോർജ്, രാജി എസ് പിള്ള എന്നിവരാണ് ടി തുക കുടിശ്ശികയാക്കിയിട്ടുള്ളത്. 2008-09 സാമ്പത്തിക വർഷം മുതലുള്ള തുകയാണ് ഇപ്പോൾ കുടിശ്ശികയായി അവശേഷിക്കുന്നത്. ഇത് സംബന്ധിച്ച് മുൻവർഷ റിപ്പോർട്ടുകളിലും പരാമർശങ്ങൾ ഉൾപ്പെട്ടിട്ടുള്ളതാണ്) എന്നാൽ ഓരോരുത്തരും കുടിശ്ശിക വരുത്തിയ തുക സംബന്ധിച്ച രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ കൃത്യമല്ല. ടി കുത്തകക്കാർ ഉപയോഗിച്ചിരുന്ന കടമുറികൾ ഏതായിരുന്നുവെന്നും രജിസ്റ്ററിൽ നിന്ന് വ്യക്തമാകുന്നില്ല. കുടിശ്ശിക സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.7/28.8.25) മറുപടിയായി ടി കുത്തകക്കാർ കുടിശ്ശികയാക്കിയ 23 ലക്ഷത്തിലധികം രൂപ ഈടാക്കുന്നതിനായി റവന്യൂ റിക്കവറിക്ക് നോട്ടീസ് നൽകിയെങ്കിലും മേൽവിലാസക്കാരെ കണ്ടെത്താൻ സാധിച്ചിട്ടില്ലെന്നും, ടി വ്യക്തികളെ കണ്ടെത്തി തുടർ നടപടി സ്വീകരിക്കുന്നതാണെന്നും

അറിയിച്ചിട്ടുണ്ട്. ഭരണസമിതി ഈ വിഷയത്തിൽ തീരുമാനം എടുത്ത് തുടർനടപടികൾ സ്വീകരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്

**2. 2024-25 സാമ്പത്തിക വർഷത്തിൽ വാടക പൂർണ്ണമായി അടവാക്കിയിട്ടില്ല.**

വാർഷിക കണക്കുകൾ പ്രകാരം 2024-25 സാമ്പത്തിക വർഷത്തിൽ 1,08,505/- രൂപ പിരിച്ചെടുക്കാൻ അവശേഷിക്കുന്നുണ്ടായിരുന്നു. എന്നാൽ നടപ്പ് സാമ്പത്തിക വർഷത്തിൽ 2024-25 കുടിശ്ശികയിനത്തിലെ 64,315/- രൂപ അടവാക്കിയിട്ടുള്ളതാണെന്നും, ഈടാക്കാൻ അവശേഷിക്കുന്ന ബാക്കി തുക ഈടാക്കാൻ തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നം | വാടകക്കാരൻ സ്ഥാപനം | അടവാക്കാനുള്ള തുക |
|---|---|---|---|
| 1 | കെ വി വർഗീസ്, സെക്രട്ടറി, ജനശ്രീ എസ് എച്ച് ജി | 13/406-D3 | 33390/- |
| 2 | ലൂക്കാസ് പീറ്റർ | 13/406-F1 | 10800/- |
| ആകെ | | | 44190/- |

**3. തൊണ്ണംകുഴി ഷോപ്പിംഗ് കോംപ്ലക്സ് റൂം നം. 13/406 E3**

2023-24 സാമ്പത്തിക വർഷം മുതൽ ഒഴിഞ്ഞു കിടക്കുന്നു. വാണിജ്യ സാധ്യത കുറഞ്ഞ പ്രദേശമായതിനാൽ കടമുറി വാടകയ്ക്ക് എടുക്കുന്നതിന് ആരും തയ്യാറല്ല എന്ന് ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കി.

പഞ്ചായത്തിന് വാടകയിനത്തിൽ ലഭിക്കേണ്ട വരുമാനം നഷ്ടമാകാതിരിക്കുവാൻ പഞ്ചായത്ത് ഭരണസമിതി അടിയന്തിരമായി ഈ വിഷയത്തിൽ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഓരോ സാമ്പത്തിക വർഷത്തിലും വാടകയിൽ വർദ്ധനവ് വരുത്തുന്നതിനൊപ്പം, വാടക നിക്ഷേപവും ആനുപാതികമായി വർദ്ധിപ്പിച്ച് ഈടാക്കേണ്ടതും ഭാവിയിൽ കുത്തകക്കാർ ഒഴിഞ്ഞുപോകുന്ന പക്ഷം പഞ്ചായത്തിനു വാടകയിനത്തിൽ ലഭിക്കേണ്ട വരുമാന നഷ്ടം ഉണ്ടാകാതിരിക്കാൻ ഓഡിറ്റ് നിർദ്ദേശങ്ങൾ പാലിക്കേണ്ടതുമാണ്

**1-18. ലേലം നടത്താത്തതു സംബന്ധിച്ച്**

വിവിധ ഇനങ്ങളുടെ ലേലപുനർലേലവുമായി ബന്ധപ്പെട്ട് പഞ്ചായത്ത്കമ്മറ്റി ചുവടെ ചേർക്കും പ്രകാരം തീരുമാനങ്ങളെടുത്തിരുന്നു.

| ക്രമ നം | തീരുമാനം | അജണ്ട തീയതി |
|---|---|---|
| 1 | ആർപ്പൂക്കര ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിലെ തെങ്ങുകളുടെ മേലാദായം പുനർലേലം | അജണ്ട-2 തീരുമാന നമ്പർ-1 15.02.25 |
| 2 | പഞ്ചായത്ത് ആഫീസിലെ പഴയ ഫർണീച്ചറുകൾ ആക്രി സാധനങ്ങൾ എന്നിവയുടെ പുനർലേലം | അജണ്ട-2 തീരുമാന നമ്പർ-3 31.01.25 |
| 3 | തൊണ്ണംകുഴി ഷോപ്പിംഗ് കോംപ്ലക്സിലെ 13 406 E3 നമ്പർ കടമുറിയുടെ ലേലം | അജണ്ട-6 തീരുമാന നമ്പർ-3 24.02.24 |
| 4 | ആർപ്പൂക്കര ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിലെ പൊതുസ്ഥലങ്ങളിൽ അപകടകരമായ നിലയിൽ നിൽക്കുന്നതും വെട്ടിയിട്ടതുമായ മരങ്ങളുടെ പുനർ ലേലം | അജണ്ട-2 തീരുമാന നമ്പർ-3 31.01.25 |

കമ്മിറ്റി തീരുമാന പ്രകാരം മേൽ ഇനങ്ങളുടെ ലേലം/പുനർലേലം നടത്തിയിട്ടുള്ളപക്ഷം ആയത് സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.2.25.06.25) മറുപടിയായി, ക്രമനമ്പർ (1),(2),(3) എന്നിവയുടെ ലേലം/പുനർലേലം യഥാക്രമം 10.04.2025, 03.03.2025, 27.05.2025 എന്നീ തീയതികളിൽ നടത്തിയെങ്കിലും ആരും ഹാജരാകാത്തതിനാൽ ലേലം നടന്നില്ലായെന്നു അറിയിച്ചിട്ടുണ്ട്. ടി വിഷയങ്ങളിൽ ഭരണസമിതി ഉചിതമായ തീരുമാനം എടുത്ത് ലേലനടപടികൾ അടിയന്തിരമായി നടത്തേണ്ടതാണ്. ക്രമനമ്പർ (4) – പൊതുസ്ഥലങ്ങളിൽ അപകടകരമായ നിലയിൽ നിൽക്കുന്നതും വെട്ടിയിട്ടതുമായ മരങ്ങളുടെ ലേലം നടത്തുന്നതിനായി, വനം-വന്യജീവി വകുപ്പിന്റെ 13.12.2024-ലെ ജി.ഒ.(ആർ.ടി) 226/2024 നമ്പർ ഉത്തരവ് പ്രകാരം മരം മുറിച്ചു മാറ്റൽ, മൂല്യനിർണയം, ലേലനടപടികൾ തുടങ്ങി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഏറെ സങ്കീർണ്ണത സൃഷ്ടിച്ചിരുന്ന വിഷയങ്ങൾക്ക് സർക്കാർ വിശദമായ പൊതുമാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾക്കനുസൃതമായി ലേലനടപടികൾ നടത്താവുന്നതാണ്.

ഓഡിറ്റ് നിർദ്ദേശങ്ങൾ പാലിച്ച് തുടർനടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

**1-19 ലൈസൻസ് ഫീസ് പിരിവ്-ഫയൽ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ**

1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമം, സെക്ഷൻ 232(1) പ്രകാരം, വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകുന്ന ലൈസൻസില്ലാതെയും; ലൈസൻസിലെ നിബന്ധനകൾക്ക് വിരുദ്ധമായും പഞ്ചായത്തിലെ യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ലായെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ലൈസൻസ് സംബന്ധമായ രജിസ്റ്ററുകൾ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ നിന്നും ശ്രദ്ധയിൽപ്പെട്ട അപാകതകൾ സംബന്ധിച്ച് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.3.25.06.25) നൽകിയപ്പോൾ ഡിമാന്റ് ലിസ്റ്റ് ലൈസൻസ് രജിസ്റ്റർ പ്രകാരം കൃത്യമാക്കുകയും, ലൈസൻസ് രജിസ്റ്ററും ഡിമാന്റ് ലിസ്റ്റും തമ്മിലുള്ള പൊരുത്തക്കേടുകൾ (അപേക്ഷകന്റെ പേര്, ലൈസൻസിന്റെ ആവശ്യകത എന്നിവയിൽ വന്ന വ്യത്യാസം) പരിഹരിക്കുകയും ചെയ്തിട്ടുണ്ടെന്ന് മറുപടിയിൽ അറിയിച്ചിട്ടുണ്ട്. ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് രജിസ്റ്റർ തയ്യാറാക്കുകയും ഡിമാന്റ് ലിസ്റ്റ് കാലികമാക്കാതിരിക്കുകയും ചെയ്തത് നിമിത്തമാണ് പിഴവുകൾ സംഭവിച്ചിട്ടുള്ളത്. ഫീൽഡ്തല പരിശോധന നടത്തി വാർഡ് അടിസ്ഥാനത്തിൽ ക്രമമായി ഡിമാന്റ് ലിസ്റ്റാണ് ആദ്യം തയ്യാറാക്കേണ്ടത്. ഫീൽഡ് തല പരിശോധന നടത്തി ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോയെന്ന് പരിശോധിക്കേണ്ടതും, ഓഡിറ്റ് നിർദ്ദേശങ്ങൾ പാലിച്ചു തുടർ വർഷങ്ങളിൽ ഡിമാന്റ് ലിസ്റ്റ് കാലികമാക്കി സൂക്ഷിക്കേണ്ടതുമാണ്.

അപേക്ഷകർ അപേക്ഷ സമർപ്പിക്കുമ്പോൾ മൂലധന നിക്ഷേപം, പ്രവർത്തന മേഖല തിരിച്ച് രേഖപ്പെടുത്താത്തതിനാൽ ഫീൽഡ് പരിശോധന നടത്തിയതിനു ശേഷമാണ് ലൈസൻസ് ഫീസ് കണക്കാക്കി ഡിമാന്റ് ചെയ്തു ഫീസ് ഈടാക്കുന്നതെന്നുള്ള മറുപടി അംഗീകരിക്കുന്നു. ഫീൽഡ് പരിശോധനയ്ക്ക് ശേഷം രേഖപ്പെടുത്തലുകൾ കൃത്യമാക്കി അപേക്ഷ പരിശോധനയ്ക്ക് ഹാജരാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

**1-20 പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങൾ പോക്കുവരവുചെയ്ത് ചേർത്തിട്ടില്ല.**

വിവിധ ഉദ്ദേശ്യങ്ങൾക്കായി വിട്ടുകിട്ടിയതും വിലയ്ക്ക് ആർജ്ജിച്ചിട്ടുള്ളതും സ്വന്തമായുള്ളതുമായ സ്ഥലങ്ങൾ അതിർത്തി നിർണ്ണയിക്കുന്നതിനും ഉടമസ്ഥാവകാശം മാറ്റി പോക്കുവരവ് ചെയ്ത് പഞ്ചായത്തിന്റെ പേരിലാക്കുന്നതിനും, പഞ്ചായത്തിൽ നിക്ഷിപ്തമായ റവന്യൂ പുറമ്പോക്ക് ഭൂമികൾ അളന്നു തിട്ടപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിക്കുന്നത് സംബന്ധിച്ച് പഞ്ചായത്ത് കമ്മിറ്റി തീരുമാനങ്ങളെടുത്തിരുന്നു. ഭൂമി സംബന്ധിച്ച വിശദാംശങ്ങളും വിഷയത്തിൽ മറുപടി ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നതിന് ലഭ്യമാക്കിയ മറുപടിയും വിശദാംശങ്ങളും ചുവടെ ചേർക്കുന്നു.

| ക്രമം | സ്ഥലത്തിന്റെ വിവരം | തീരുമാന തീയതി | റിമാർക്ക് |
|---|---|---|---|
| 1 | 20-ാം നമ്പർ അങ്കണവാടി നിർമ്മാണവുമായി ബന്ധപ്പെട്ട സർവ്വേനം-74/3-ൽപ്പെട്ടതും നിലവിൽ ഉടമസ്ഥാവകാശം പുളിക്കൂട്ടിശ്ശേരി സോഷ്യൽവെൽഫെയർ സെന്ററിന്റെ പേരിലുള്ളതുമായ 3.35 ആർ സ്ഥലം | 3-7-24 അജണ്ട-1 തീരുമാനം-3 | മറുപടി ലഭ്യമാക്കിയിട്ടില്ല. |
| 2 | വാർഡ് - 3 ലെ പെട്ടിക്കുന്ന് അങ്കണവാടി | 5-11-24- അജണ്ട-6 | ഭൂമി പഞ്ചായത്തിന്റെ പേരിൽ പോക്കുവരവു ചെയ്യുന്നതിന് വില്ലേജ് ഓഫീസർക്ക് അപേക്ഷ |

| | | | | |
|---|---|---|---|---|
| | | സ്ഥിതിചെയ്യുന്ന 4.39 സെന്റ് ഭൂമി | തീരുമാനം-1 | നൽകിയിട്ടുണ്ടെന്നും വിഷയത്തിൽ അടിയന്തിര നടപടി സ്വീകരിക്കുന്നതാണെന്നു മറുപടി ലഭ്യമാക്കി. എന്നാൽ ഇതു സംബന്ധിച്ച രേഖകൾ ലഭ്യമാക്കിയിട്ടില്ല |
| | 3 | കരിപ്പൂരിൽ പഞ്ചായത്തുവക സ്ഥലം | 28-3-25 അജണ്ട-1 തീരുമാനം-4 | ഭൂമി സർവ്വേ ചെയ്യുന്നതിനുള്ള അപേക്ഷയിന്മേൽ ഭൂരേഖാതഹസിൽദാർ സ്ഥലപരിശോധന നടത്തി അളന്നു തിട്ടപ്പെടുത്തിയിട്ടുള്ളതായും ആയത് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. |

മേൽവിഷയത്തിൽ പഞ്ചായത്തിന് അവകാശപ്പെട്ട എല്ലാ വസ്തുവകകളും അളന്ന് അതിർത്തി നിർണ്ണയിക്കുന്നതിനും, പോക്കുവരവുചെയ്ത് റവന്യൂരേഖകൾ പ്രകാരം പഞ്ചായത്തിന്റെ ഉടമസ്ഥതയിലാക്കുന്നതിനും അനിവാര്യമായ സാഹചര്യങ്ങളിൽ വേലികെട്ടി സംരക്ഷിക്കുന്നതിനുമുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതും തുടർനടപടികളുടെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

**1-21 കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരികെപ്പോയ 400000/-രൂപ ഓഡിറ്റ് വർഷത്തിലും പുനരനുവദിച്ച് ലഭിച്ചിട്ടില്ല**

2023-2024 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ടിരുന്ന പ്രോജക്റ്റ് നമ്പർ- 08/2024, ഹോമിയോ ആശുപത്രിക്കു മരുന്നു വാങ്ങൽ പദ്ധതി പ്രകാരം മരുന്നുകൾ ലഭ്യമാക്കുന്നതിന് ഹോംകോയിൽ അടവാക്കിയിരുന്ന തുക 400000/-രൂപ അക്കൗണ്ട് നമ്പർ നൽകിയതിലെ തെറ്റു മൂലം (അക്കൗണ്ട് നം.34306403911 എന്നതിന് പകരം 63430640391 എന്ന് നൽകി) സർക്കാരിന്റെ കൺസോളിഡേറ്റഡ് ഫണ്ടിലേക്കു തിരികെ പോയവിഷയം 2023-24 ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരുന്നതും തുക സർക്കാരിൽ നിന്നും പുനരനുവദിച്ച് സ്ഥാപനത്തിന് ലഭ്യമാക്കുന്നതിനുള്ള അടിയന്തിര നടപടികൾ ഉചിതമാർഗ്ഗേണ സ്വീകരിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നതുമാണ്. ഇതിന്റെ അടിസ്ഥാനത്തിൽ നഷ്ടമായ തുക തിരികെ ലഭ്യമാക്കുന്നതിലേക്ക് ട്രഷറി ആഫീസർക്കു കത്തു നൽകി മറുപടി ലഭ്യമാക്കുന്നതിനും തുക തിരികെ ലഭ്യമാക്കുന്നതിന് സംസ്ഥാന ധനകാര്യ വകുപ്പിന് ഉചിത മാർഗ്ഗേണ കത്തു നൽകുന്നതിനും സെക്രട്ടറിയെ ചുമതലപ്പെടുത്തി പഞ്ചായത്ത് കമ്മറ്റി തീരുമാനമെടുക്കുകയും ചെയ്തിരുന്നു. (23-7-24 ലെ അജണ്ട-4 തീരുമാനം-1). പ്രസ്തുത തീരുമാനത്തിന്റെ അടിസ്ഥാനത്തിലുള്ള തുടർനടപടികളുടെ വിവരം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് എൻക്വയറി നൽകിയിരുന്നതിന് (1/23-6-23) തുക തിരികെ ലഭിക്കുന്നതിന് 22-6-24 ൽ സബ്ട്രഷറി ഓഫീസർ മെഡിക്കൽ കോളേജ്, ബഹു. സർക്കാർ, ധനകാര്യവകുപ്പ് സെക്രട്ടറി എന്നിവർക്ക് ഉചിതമാർഗ്ഗേണ കത്ത് നൽകിയിരുന്നതായി മറുപടി ലഭ്യമാക്കുകയും ഇതുമായി ബന്ധപ്പെട്ട് സബ്ട്രഷറി ഓഫീസറുടെ 23-4-24 ലെ മറുപടി കത്തിന്റെ പകർപ്പ് ലഭ്യമാക്കുകയും ചെയ്തു. ട്രഷറി വകുപ്പ് 2023-24 സാമ്പത്തികവർഷം പാസ്സാക്കിയ Unpaid EPOC ക്ലിയർ ചെയ്യാൻ ട്രഷറി ഡയറക്ടർ 3-4-24 തീയതിയിലെ E-84172-TRY1935/2024-E1 നമ്പർ കത്ത് പ്രകാരം അറിയിച്ചതനുസരിച്ച് 23-4-24-ൽ തന്നെ Unpaid EPOC ക്ലിയർ ചെയ്തിട്ടുള്ളതെന്നും ഈ ശീർഷകത്തിലേക്ക് വരവുവയ്ക്കപ്പെട്ട തുക വീണ്ടും അലോട്ട്മെന്റ് ലഭ്യമാക്കി മാറാവുന്നതാണെന്നുമാണ് കത്തിൽ വ്യക്തമാക്കിയിട്ടുള്ളത്. 23-24 സാമ്പത്തികവർഷം പഞ്ചായത്തിന് നഷ്ടമായെങ്കിലും വരവുചെലവു പത്രികയിൽ തുക പ്രോജക്ട് ചെലവായിട്ടാണ് പ്രതിഫലിക്കുന്നത്. പ്രസ്തുത സാഹചര്യത്തിൽ വീണ്ടും പ്രോജക്ട് ആവിഷ്കരിക്കുന്നതിന് സാങ്കേതികമായി തടസ്സമുള്ളതാണ്. തുക പുനരനുവദിച്ച് ലഭ്യമാകാത്തപക്ഷം തുടർ വർഷത്തെ അലോട്ട്മെന്റിൽ നിന്നും കുറയ്ക്കേണ്ട സാഹചര്യവും നിലനിൽക്കുന്നു. മേൽ സാഹചര്യത്തിൽ ഇതുമായി ബന്ധപ്പെട്ട് സ്വീകരിക്കേണ്ട തുടർനടപടികൾ സംബന്ധിച്ച് ട്രഷറിയിൽനിന്നും വ്യക്തത തേടാവുന്നതും ആയതിന്റെ അടിസ്ഥാനത്തിൽ ട്രഷറി ഡയറക്ടർക്ക് ഉചിതമാർഗ്ഗേണ അപേക്ഷ നൽകി തുക അനുവദിച്ച് ലഭ്യമാകുന്നതിന് നടപടികൾ സ്വീകരിക്കാവുന്നതുമാണ്.

16.11.2017 ലെ സ.ഉ.(പി) 147/2017 നമ്പർ ഉത്തരവു പ്രകാരം പദ്ധതി തുക ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് നേരിട്ട് കൈമാറ്റം ചെയ്യേണ്ടതും സ്ഥാപനത്തിലെ ഫിനാൻസ് ഓഫീസർ/അക്കൗണ്ട്സ് ഓഫീസർ/ഡ്രോയിംഗ് ആന്റ് ഡിസ്ബേഴ്സിംഗ് ഓഫീസർ പ്രസ്തുത ഫണ്ട് കൈമാറ്റം ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്കാണെന്ന് വ്യക്തമാക്കുന്ന സാക്ഷ്യപത്രം ബില്ലിനോപ്പം ട്രഷറികളിൽ സമർപ്പിക്കേണ്ടതാണെന്ന നിർദ്ദേശം എല്ലാ നിർവ്വഹണോദ്യോഗസ്ഥരും പാലിക്കുന്നുണ്ടെന്ന് ഗ്രാമപഞ്ചായത്ത് ഉറപ്പാക്കേണ്ടതുമാണ്.

**1-22 ബാരൽവിലയും ജിഎസ് ടിയും സർക്കാരിലേക്ക് / വകുപ്പിലേക്ക് അടവാക്കിയിട്ടില്ല.**

തദ്ദേശ സ്വയംഭരണവകുപ്പിന്റെ 30-10-17-ലെ 5987/എഫ്.എം.3/17 നമ്പർ സർക്കുലർ പ്രകാരം ടാറിംഗ് പ്രവൃത്തികളിൽ ഉപയോഗിക്കുന്ന ടാർവീപ്പകളുടെ വില ഏത് ഫണ്ടിൽ നിന്നാണോ ടാർ വാങ്ങിയത് അഥവാ ഏത് ഫണ്ട് വിനിയോഗിച്ചാണോ പ്രവൃത്തി നടത്തിയത് അതേ ഫണ്ടിലേക്ക് ധനകാര്യവകുപ്പിന്റെ 12-4-06-ലെ ജി.ഒ.(പി)177/06 നമ്പർ ഉത്തരവിലെ ഖണ്ഡിക 10.3 പാലിച്ച് സർക്കാരിലേക്ക് തിരിച്ചടയ്ക്കേണ്ടതാണ്. ഓഡിറ്റിന് ലഭ്യമാക്കിയ റോഡ് ടാറിംഗ് പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ സർക്കാർ ഗ്രാന്റ് വിനിയോഗിച്ച് നടപ്പാക്കുന്ന റോഡ് പ്രവൃത്തികൾക്ക് ബാരൽവിലയും ആയതിന്റെ ജി.എസ്.ടി യും ഉൾപ്പെടെയുള്ള തുക ബില്ലിൽനിന്നും പിടിച്ചിട്ടുണ്ടെങ്കിലും ആയത് നിശ്ചിത ശീർഷകത്തിൽ സർക്കാരിലേക്ക് അടവാക്കിയിട്ടില്ല. മാത്രമല്ല പ്രവൃത്തി യഥാസമയം പൂർത്തീകരിക്കാത്ത സാഹചര്യങ്ങളിൽ കരാറുകാരനിൽനിന്നും ഫൈൻ ഇനത്തിൽ ഈടാക്കുന്ന തുകയും ബാരൽ വിലയിനത്തിൽ ഈടാക്കുന്ന തുകയും ചേർന്നുള്ള ആകെ തുകയാണ് ഗ്രാമപഞ്ചായത്തിന്റെ തനതുഫണ്ട് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത് കാണുന്നത്. ഇനം തിരിച്ചുള്ള വിവരങ്ങൾ വ്യക്തമല്ലാത്തതിനാൽ ഇപ്രകാരം ലഭിക്കുന്ന തുക 140200199- Other Penalties എന്ന ശീർഷകത്തിലാണ് പഞ്ചായത്ത് അക്കൗണ്ട് ചെയ്തിട്ടുള്ളത്. 2024-25 വാർഷിക കണക്കുകൾ പ്രകാരം പ്രസ്തുത ശീർഷകത്തിൽ 2,65,726/-രൂപ വരവുള്ളതാണ്. പ്രസ്തുത തുകയിൽ സർക്കാരിലേയ്ക്ക് അടവാക്കേണ്ടതും പഞ്ചായത്ത് ഫണ്ടിൽ നിലനിർത്തേണ്ടതുമായ തുകകൾ എത്രയെന്ന് വ്യക്തമല്ല.

ബാരൽ വിലയിനത്തിലും ജി.എസ്.ടി ഇനത്തിലുമുള്ള തുകകൾ നിശ്ചിത ശീർഷകങ്ങളിൽ അടവാക്കാത്തതും പ്രസ്തുത തുകകൾ പഞ്ചായത്തിന്റെ തനത് വരുമാന ശീർഷകത്തിൽ അക്കൗണ്ട് ചെയ്യുന്നതും സംബന്ധിച്ച വിഷയത്തിൽ മറുപടിയും വിശദീകരണവും ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (8/26-06-2025) മറുപടി ലഭ്യമാക്കിയില്ല.

ഓരോ പ്രവൃത്തികൾക്കും കാലിബാരൽ വിലയിനത്തിൽ ഈടാക്കിയ തുകയും ആയതിനുള്ള ജി.എസ്.ടിയും പ്രത്യേകമായി കണക്കാക്കി ബാരൽവില അതാത് ഫണ്ട് ശീർഷകങ്ങളിൽ സർക്കാരിലേക്കും ജി.എസ്.ടി ബന്ധപ്പെട്ട വകുപ്പിലും അടവാക്കേണ്ടതും തുടർനടപടികളുടെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

**1-23 സ്വന്തമായി സ്ഥലമില്ല- മണിയാപറമ്പ് സബ്സെന്ററിനനുവദിച്ച 27.75ലക്ഷം രൂപ നാഷണൽ ഹെൽത്ത് മിഷന് കൈമാറി.**

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പ്രാഥമികാരോഗ്യ/കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ കീഴിൽ പ്രവർത്തിക്കുന്ന സ്വന്തമായി കെട്ടിടമില്ലാത്ത ഉപകേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് തദ്ദേശഭരണവകുപ്പിന്റെ 9-8-23-ലെ സ.ഉ.(സാധാ) 1625/2023 നമ്പർ ഉത്തരവുപ്രകാരം അനുമതി നൽകിയിരുന്നു. പ്രസ്തുത ഉത്തരവ് അനുബന്ധം-1 പ്രകാരം ആർപ്പൂക്കര ഗ്രാമപഞ്ചായത്തിലെ കരിപ്പൂത്തട്ട്, മണിയാപറമ്പ് എന്നീ സബ്സെന്ററുകൾക്ക് കെട്ടിട നിർമ്മാണത്തിനായി 27.75 ലക്ഷം രൂപ വീതം അനുവദിച്ച് ലഭിക്കുകയുണ്ടായി. എന്നാൽ പുതിയതായി അനുവദിച്ച മണിയാപറമ്പ് സബ്സെന്റർ നിർമ്മിക്കുന്നതിന് പഞ്ചായത്തിന് സ്വന്തമായി ഭൂമി ഇല്ലാത്തതിനാൽ കരിപ്പയിൽ സബ്സെന്റർ കെട്ടിടം നിർമ്മിക്കുന്നതിന് പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുക്കുകയും (12-6-24-ലെ 1(1) നമ്പർ തീരുമാനം) ചെയ്തിരുന്നു. തുടർന്ന് കരിപ്പൂത്തട്ട് സബ്സെന്റർ നിർമ്മാണം (പ്രോജക്ട്നം- എസ്0312/25), കരിപ്പ സബ്സെന്റർ നിർമ്മാണം (പ്രോജക്ട് നം-എസ്0313/25) എന്നീ പദ്ധതികൾ ഹെൽത്ത് ഗ്രാന്റ് വകയിരുത്തി തയ്യാറാക്കുകയും ഡി.പി.സി അംഗീകാരം ലഭിക്കുകയും ചെയ്തിരുന്നു. കെട്ടിടനിർമ്മാണത്തിനുള്ള നടപടികൾ സമയബന്ധിതമായി സ്വീകരിക്കുന്നതിൽ ഗ്രാമപഞ്ചായത്തിന് വീഴ്ച സംഭവിച്ചിട്ടുണ്ട്.

ആരോഗ്യവകുപ്പിന്റെ രേഖകളിൽ സബ്സെന്ററിന്റെ പേര് മണിയാപറമ്പ് എന്ന് രേഖപ്പെടുത്തിയിട്ടുള്ളതിനാൽ സാങ്കേതികാനുമതി ലഭ്യമാക്കി പദ്ധതി ആരംഭിക്കുന്നതിന് തടസ്സം നേരിടുകയും, പ്രസ്തുത സാഹചര്യത്തിൽ മണിയാപറമ്പ് സബ്സെന്റർ എന്നത് കരിപ്പ സബ്സെന്റർ എന്ന് മാറ്റി നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് 6-1-25-ലെ SC3/244/24 നമ്പർ കത്ത് പ്രകാരം തദ്ദേശസ്വയംഭരണവകുപ്പ് ജോയിന്റ് ഡയറക്ടർക്കും തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്കും ഗ്രാമപഞ്ചായത്ത് രേഖാമൂലം അപേക്ഷ നൽകിയിരുന്നതായും എന്നാൽ പേര് മാറ്റം അനുവദിച്ച് ലഭിച്ചിട്ടില്ലായെന്നും ഫയലിൽനിന്നും ബോധ്യപ്പെട്ടു. സ.ഉ.( സാധാ)നം 295/2025/തസ്വഭവ തീയതി 31-1-25 പ്രകാരം നിർമ്മാണം ആരംഭിച്ചിട്ടില്ലാത്ത 2 സബ്സെന്ററുകളുടെയും തുക നാഷണൽ ഹെൽത്ത് മിഷന് കൈമാറണമെന്ന് 28-2-25-ലെ LSGD/JD/KTM/617/2025-B12 നം കത്ത് പ്രകാരം തദ്ദേശഭരണവകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടർ നിർദ്ദേശിക്കുകയുണ്ടായി. മണിയാപറമ്പ് സബ്സെന്ററിന് സ്ഥലമില്ലാത്തതിനാലും, കരിപ്പ സബ്സെന്ററിന് പേരുമാറ്റം അനുവദിച്ച് പ്രോജക്ട് നടപ്പാക്കുന്നതിന് സാങ്കേതികമായി തടസ്സം ഉള്ളതിനാലും മണിയാപറമ്പ് സബ്സെന്ററിന് കെട്ടിടനിർമ്മാണത്തിനായി അനുവദിച്ച തുക ഹെൽത്ത് മിഷന് കൈമാറുന്നതിന് പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുക്കുകയും തുക നാഷണൽഹെൽത്ത് മിഷന് കൈമാറുകയും ചെയ്തു. ഇപ്രകാരം കൈമാറിയ തുക പ്രോജക്ട് ചെലവായി സുലേഖയിൽ ഉൾപ്പെടുത്തിയത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടതിന് (എൻക്വയറി നം-16/27-6-25) ഹെൽത്ത് മിഷൻ സ്വന്തം നിലയിൽ കെട്ടിടനിർമ്മാണം നടത്തുമെന്നും ആയതിനാൽ തുക കൈമാറിയത് ഡെപ്പോസിറ്റ് പ്രവൃത്തി എന്ന നിലയിൽ കണക്കാക്കി സുലേഖ പ്ലാനിൽ ചെലവായി ഉൾപ്പെടുത്താൻ ഹെൽത്ത് മിഷൻ നിർദ്ദേശിച്ചതനുസരിച്ചാണ് പ്രോജക്ട് ചെലവായി ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വിശദീകരണം നൽകി. സബ്സെന്റർ കെട്ടിടത്തിന്റെ നിർമ്മാണം നടക്കാതെ ഹെൽത്ത് മിഷന് കൈമാറിയ തുക ആസ്തിയായി അക്കൗണ്ട്

ചെയ്തതിലെ അപാകത വാർഷികകണക്കുകളുടെ അവലോകനം സംബന്ധിച്ച ഖണ്ഡിക 1-14 ൽ ഉൾപ്പെടുത്തിയിട്ടുള്ളത് കാണുക.

പഞ്ചായത്ത് സബ്സെന്റർ കെട്ടിടം നിർമ്മിക്കാനുദ്ദേശിക്കുന്ന കരിപ്പൂരിലെ സ്ഥലം അതിർത്തി നിർണ്ണയിച്ച് ക്ലിയർ ചെയ്ത് പഞ്ചായത്തിന്റെ പേരിൽ പോക്കുവരവ് നടത്തി പ്രോജക്ട് നിർവ്വഹണത്തിനായി ഹെൽത്ത് മിഷന് വിട്ടുനൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ഹെൽത്ത് മിഷനുമായി ബന്ധപ്പെട്ട് കാലതാമസമില്ലാതെ പ്രോജക്ട് നടപ്പാക്കുന്നതിനുള്ള ഇടപെടലുകൾ നടത്തേണ്ടതുമാണ്.

**1-24 കരിപ്പൂത്തട് സബ്സെന്റർ - ടെൻഡർ നടപടികൾ പൂർത്തീകരിച്ചെങ്കിലും പ്രവൃത്തി ആരംഭിച്ചിട്ടില്ല.**

കരിപ്പൂത്തട് സബ്സെന്ററിന് അനുവദിച്ച തുക സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നാഷണൽഹെൽത്ത് മിഷന് കൈമാറേണ്ടതില്ലെന്ന് പഞ്ചായത്ത് കമ്മിറ്റി തീരുമാനിക്കുകയും (25-2-25-ലെ 2(1) തീരുമാനം) പ്രസ്തുത തീരുമാനത്തിന്മേൽ സെക്രട്ടറി വിയോജനക്കുറിപ്പ് രേഖപ്പെടുത്തിയിട്ടുള്ളതായും കാണുന്നു. എന്നാൽ വിയോജനക്കുറിപ്പ് പരിഗണിക്കാതെ തുക തിരികെ നൽകേണ്ടെന്നുതന്നെ പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുക്കുകയും പ്രോജക്ട് നടപ്പാക്കുന്നതിനുള്ള ടെൻഡർ നടപടികൾ സ്വീകരിക്കാൻ അസിസ്റ്റന്റ് എഞ്ചിനീയറെ ചുമതലപ്പെടുത്തുകയും ചെയ്തു.

കരിപ്പൂത്തട് സബ്സെന്റർ നിർമ്മാണത്തിനായി നിലവിലുള്ള പഴയ കെട്ടിടം പൊളിച്ചുനീക്കിയിട്ടുള്ളതും ടെൻഡർനടപടികൾ സ്വീകരിച്ച് ശ്രീ രാഹുൽ സി എന്നയാളുടെ ടെൻഡർ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട് (27-2-25-ലെ 1(1) തീരുമാനം). 24-3-25-ൽ കരാറുകാരനുമായി നിർവ്വഹണോദ്യോഗസ്ഥൻ കരാറിലേർപ്പെടുകയും 27-3-25-ൽ പ്രവൃത്തിസ്ഥലം കൈമാറിയിട്ടുള്ളതായും ഫയലിൽനിന്നും വ്യക്തമാകുന്നു. കരാർ പ്രകാരം 23-9-25 നകം പ്രവൃത്തി പൂർത്തീകരിക്കേണ്ടതാണ്. എന്നാൽ കല്ലിട്ട് നിർമ്മാണോദ്ഘാടനം നടത്തുകയും ഫൗണ്ടേഷനുള്ള പ്രാഥമിക പ്രവൃത്തികൾ നിർവ്വഹിച്ചിട്ടുള്ളതായും വാക്കാൽ വിശദീകരണം ലഭ്യമാകുകയുണ്ടായി. സ്ഥലപരിശോധനയിൽ നിലവിൽ പ്രോജക്ട് നിർവ്വഹണം നിർത്തിവച്ചിരിക്കുകയാണെന്ന് ബോധ്യപ്പെട്ടിട്ടുള്ളതിനാൽ വിഷയം എക്സിറ്റ് മീറ്റിംഗിൽ അവതരിപ്പിക്കുകയും തുടർന്ന് മഴയായതിനാൽ വെള്ളക്കെട്ടുള്ള സ്ഥലത്ത് പൈലിംഗിനായി എടുത്ത കുഴികളിൽ വെള്ളം നിറഞ്ഞുകിടക്കുന്ന അവസ്ഥയായതിനാൽ പ്രവൃത്തി തുടരാൻ കഴിയാത്ത സാഹചര്യമാണെന്നും നിർമ്മാണപ്രവൃത്തികൾ പുനരാരംഭിക്കാൻ കരാറുകാരന് നിർദ്ദേശം നൽകുന്നതാണെന്നും അസിസ്റ്റന്റ് എഞ്ചിനീയർക്കുവേണ്ടി ഹാജരായ ഓവർസിയർ അറിയിച്ചു.

ഹെൽത്ത് ഗ്രാന്റ് അനുവദിച്ച നൽകിയ തുകയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്ന മുറയ്ക്കു മാത്രമേ അടുത്ത അലോട്ട്മെന്റ് അനുവദിക്കുകയുള്ളൂ. ഗ്രാമപഞ്ചായത്തിന്റെ അധീനതയിൽ പ്രാഥമികാരോഗ്യകേന്ദ്രം ഇല്ലാത്ത സാഹചര്യത്തിൽ ആരോഗ്യമേഖലയുടെ അടിസ്ഥാന വികസനം ലക്ഷ്യമാക്കി മുൻ വർഷം അനുവദിച്ച ഫണ്ട് നാളിതുവരെയായിട്ടും നിശ്ചിത ലക്ഷ്യത്തിനായി പ്രയോജനപ്പെടുത്താൻ കഴിയാത്തത് അഭികാമ്യമല്ല. ആയതിനാൽ സബ്സെന്ററിന്റെ പണി ആരംഭിക്കുന്നതിനും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും കരാറുകാരന് നിർദ്ദേശം നൽകുന്നതുൾപ്പെടെയുള്ള തുടർനടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്. ആരോഗ്യവിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടേയും വികസനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടേയും ശ്രദ്ധയും ഇടപെടലും ഇക്കാര്യത്തിലുണ്ടാകേണ്ടതാണ്.

**1-25 നിക്ഷേപ പ്രവൃത്തി- വിനിയോഗസാക്ഷ്യപത്രം ലഭ്യമായില്ല-**

| അടങ്കൽ | ചെലവ് തുക | വൗച്ചർ/ബിൽ നം |
|---|---|---|
| തനത്ഫണ്ട്-100000/- | 23920/- | ബിൽ നം. 11 01-07-24 |
| | 17750/- | ബിൽ നം.415 19-03-25 |
| ആകെ | 41670/- | |

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി ഈ വർഷം നടപ്പാക്കിയ വിവിധ വാർഡുകളിലെ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ പ്രോജക്ടിനായി (പ്രോജക്റ്റ് നമ്പർ 141/25) തനത് ഫണ്ടിൽ നിന്നും 41670/- രൂപ കെ.എസ്.ഇ.ബിയിലേക്ക് അടവാക്കിയിട്ടുണ്ട്. ചെലവഴിച്ച തുകയിൽ 23920/- രൂപ കെ.എസ്.ഇ.ബി തലയാഴത്തേക്കും 17750/- രൂപ കെ.എസ്.ഇ.ബി ഗാന്ധിനഗറിലും ആണ് നിക്ഷേപിച്ചിട്ടുള്ളത്. ലഭ്യമാക്കിയ പ്രോജക്ട് ഫയലിൽ 23920/- രൂപയുടെ പ്രവൃത്തി പൂർത്തിയാക്കിയിട്ടുള്ളതായി കെ.എസ്.ഇ.ബിയുടെ വിനിയോഗ സാക്ഷ്യപത്രം ഉണ്ടെങ്കിലും 17750/- രൂപയുടെ പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളതിന്റെ വിശദാംശങ്ങളില്ല. പ്രോജക്ട് പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങളും വിനിയോഗ സാക്ഷ്യപത്രവും പരിശോധനയ്ക്ക് ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് (നം. 10 27-06-25) വിനിയോഗസാക്ഷ്യപത്രം പിന്നീട് ലഭ്യമാക്കുന്നതാണെന്ന് മറുപടി നൽകി. പൂർത്തീകരണവിവരം ലഭ്യമാക്കുന്നതുവരെ 17750/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**<u>1-26 പൊതു ടാപ്പുകളുടെ വെള്ളക്കരം -കുടിശ്ശികതുകയിന്മേൽ തുടർനടപടി സ്വീകരിച്ചില്ല-</u>**

ഗ്രാമപഞ്ചായത്തിൽ നിലവിൽ 8 പൊതു ടാപ്പുകളാണുള്ളത്. കേരള വാട്ടർ അതോറിട്ടിയിൽ നിന്നുള്ള ഡിമാന്റ് നോട്ടീസ് പ്രകാരം വെള്ളക്കരം ഇനത്തിൽ 9706/- രൂപയാണ് പ്രതിമാസം അടച്ചുപോരുന്നത്. എന്നാൽ ഡിമാന്റ് നോട്ടീസുകളിൽ മുൻവർഷങ്ങളിലെ വെള്ളക്കരം കുടിശ്ശികയായി നിൽക്കുന്നുണ്ട്. 3/24 ലെ ഡിമാൻഡ് നോട്ടീസിൽ കുടിശ്ശിക ഉൾപ്പെടെ ആകെ അടവാക്കേണ്ട തുക 265203/- രൂപയും 3/25 ൽ കുടിശ്ശിക ഉൾപ്പെടെ ആകെ അടവാക്കേണ്ട തുക 325069/- രൂപയുമാണ്. ഒരുവർഷം കുടിശ്ശിക തുക അടച്ചിട്ടില്ല. വെള്ളക്കരം അടവാക്കൽ സംബന്ധിച്ച് ലഭ്യമാക്കിയ ഫയലിൽ 2019 ൽ പ്രവർത്തനക്ഷമമായ ടാപ്പുകൾ സംബന്ധിച്ച് വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഡിമാന്റ് 178 ൽ നിന്ന് 8 ആയി പുനക്രമീകരിച്ചത് എന്ന് മുതലാണെന്ന് ഫയലിൽ നിന്ന് വ്യക്തമല്ല. മാത്രമല്ല ഫയലിൽ ഉൾപ്പെടുത്തിയിട്ടുള്ള 1/2019 ലെ ഡിമാന്റ് നോട്ടീസിൽ കുടിശ്ശിക നിൽക്കുന്നുമില്ല. നിലവിലുള്ള കുടിശ്ശിക എന്നു മുതലുള്ളതാണെന്നും ടാപ്പുകളുടെ എണ്ണം പുനക്രമീകരിച്ചപ്പോൾ പ്രവർത്തനക്ഷമമല്ലാത്ത ടാപ്പുകളുടെ കണക്ഷൻ വിച്ഛേദിക്കുന്നതിനായി വാട്ടർ അതോറിറ്റിയിൽ തുക അടച്ചിട്ടുണ്ടോയെന്നും നിലവിൽ കുടിശ്ശികയിനത്തിൽ 3 ലക്ഷത്തിൽ അധികം നിൽക്കുന്നതിൽ സ്വീകരിച്ച തുടർനടപടികളുടെ വിശദാംശങ്ങളും ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് (നം.2630-06-25) മറുപടി ലഭ്യമാക്കിയില്ല. മാസം തോറും പെനാൽറ്റിയുൾപ്പെടെ തുക കണക്കാക്കുമ്പോൾ ഒരു ലക്ഷത്തോളം കുടിശ്ശിക വർദ്ധിച്ചു വരുമെന്നതിനാൽ നിലവിലെ കുടിശ്ശിക എത്രയും വേഗം ക്രമീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**<u>1-27 എംസിഎഫ് നിർമ്മാണം പൂർത്തിയാക്കിയില്ല- ബെയ്‌ലിംഗ് മെഷീൻ നാളിതുവരെ സ്ഥാപിച്ചിട്ടില്ല.</u>**

| | |
|---|---|
| പ്രോജക്ട് | 50309-25 എം സിഎഫ് നിർമ്മാണം |
| അടങ്കൽ | 600000/-(തനതുഫണ്ട്) 1400000/-(എസ്ബിഎം ഫണ്ട്) 2000000 |
| ചെലവ് | 300000/-(തനതുഫണ്ട്) |
| ബിൽനമ്പർ | 238 22-1-25 |
| കരാറുകാരൻ | സി വി സെബാസ്റ്റ്യൻ |
| കരാർതീയതി | 19-8-24 |





പഞ്ചായത്തിന് പുറകുവശത്ത് നിലവിലുള്ള എംസിഎഫിന് വേണ്ടത്ര കപ്പാസിറ്റി ഇല്ലാത്തതിനാൽ നിലവിലുള്ള കെട്ടിടത്തോട് ചേർന്ന് പുതിയ എംസിഎഫ് നിർമ്മിക്കുന്നതിനാണ് പ്രോജക്ട് തയ്യാറാക്കിയത്. പ്രവൃത്തി ഭാഗികമായി പൂർത്തീകരിച്ച് ഒന്നാം പാർട്ട് ബിൽ പ്രകാരം ആകെ മൂല്യം 457271/- രൂപയും ജി.എസ്.ടി ഉൾപ്പെടെ ആകെ ചെലവ് 5,39,587/- രൂപ നിർണ്ണയിക്കുകയും ചെയ്തിരുന്നു. നിയമാനുസൃത റിക്കവറികൾക്കു ശേഷം കരാറുകാരന് അർഹമായ തുക 5,09,863/-രൂപയാണ് കണക്കാക്കിയതെങ്കിലും ബിൽ തുക 3 ലക്ഷം രൂപയിൽ പരിമിതപ്പെടുത്തി 270216/-രൂപയേ കരാറുകാരന് അനുവദിച്ചിട്ടുള്ളു. ജി.എസ്.ടി. ഉൾപ്പെടെ 2,21,793/-രൂപ രണ്ടാം പാർട്ട്ബില്ലിൽ തയ്യാറാക്കിയിട്ടുണ്ടെങ്കിലും തുക അനുവദിച്ചിട്ടില്ല. സ്ഥലപരിശോധനയിൽ പ്രവൃത്തി നിലവിൽ നടക്കുന്നില്ലായെന്നും ബോധ്യപ്പെട്ടു.

കരാറുകാരന് ചെയ്ത പ്രവൃത്തിയുടെ തുക പൂർണ്ണമായും അനുവദിച്ചിട്ടില്ലാത്തത് സംബന്ധിച്ചും എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തി ഇനങ്ങൾ പൂർത്തീകരിക്കാതെ എംസിഎഫിന്റെ കെട്ടിടനിർമ്മാണം നിലവിൽ നിർത്തിവച്ചിരിക്കുന്ന സാഹചര്യം സംബന്ധിച്ചും രേഖാമൂലം വിശദീകരണം

ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നതിന് (നം-33/30-6-25) ലഭ്യമാക്കിയ മറുപടിയിൽ മെഡിക്കൽ കോളേജ് സ്ഥിതിചെയ്യുന്ന പഞ്ചായത്തെന്ന നിലയിൽ ഗ്രാമപഞ്ചായത്തിൽ വലിയ അളവിൽ മാലിന്യനിക്ഷേപം ഉണ്ടാകുന്നുണ്ട്. 16 വാർഡുകളിലെയും ശേഖരിയ്ക്കുന്ന മാലിന്യം താൽകാലികമായി സൂക്ഷിയ്ക്കുന്നതിന് NREGA പദ്ധതിയിലുൾപ്പെടുത്തി മിനി എംസിഎഫുകൾ സ്ഥാപിച്ചിട്ടുണ്ട്. മിനി എംസിഎഫുകളിൽ നിന്ന് പ്രധാന എംസിഎഫിൽ മാലിന്യം എത്തിയ്ക്കുന്നതിന് പിക് അപ്പ് വാഹനവും വാങ്ങി ഉപയോഗിച്ചു വരുന്നു. എന്നാൽ മാലിന്യനിർമ്മാർജ്ജനത്തിന്റെ ഭാഗമായുള്ള നിലവിലെ സംവിധാനം തീരെ അപര്യാപ്തമായതിനാലാണ് പുതിയ എംസിഎഫ് നിർമ്മിക്കാൻ പഞ്ചായത്ത് പദ്ധതി ആവിഷ്കരിച്ചത്. മാത്രമല്ല കൂടി വരുന്ന മാലിന്യം കംപ്രസ് ചെയ്ത് ബ്ലോക്ക് രൂപത്തിൽ ചെറുതാക്കുന്നതിന് 2023-24 വാർഷികപദ്ധതിയിൽ വാങ്ങിയ ബെയിലിംഗ് മെഷീൻ എംസിഎഫ് നിർമ്മാണം പൂർത്തീകരിക്കാത്തതിനാൽ നാളിതുവരെ സ്ഥാപിക്കാനായിട്ടില്ല. ആയതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നതിന് ( നം-33/30-6-25) മറുപടി ലഭ്യമാക്കിയിട്ടില്ല. വിഷയം എക്സിറ്റ് മീറ്റിംഗിൽ ശ്രദ്ധയിൽപ്പെടുത്തിയതിനെ തുടർന്ന് നിലവിലുള്ള പഴയ എം.സി.എഫിൽ ഇലക്ട്രിക് കണക്ഷനും ത്രീഫേസ് കണക്ഷനും ലഭ്യമാക്കുന്നതിന് പ്രോജക്ട് ആവിഷ്കരിച്ചിട്ടുണ്ടെന്നും കണക്ഷൻ ലഭ്യമാകുന്ന മുറയ്ക്ക് ബെയ് ലിംഗ് മെഷീൻ സ്ഥാപിക്കുന്നതാണെന്നും അസിസ്റ്റന്റ് സെക്രട്ടറി വ്യക്തമാക്കി.

മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ ഊർജ്ജിതവും കൂടുതൽ കാര്യക്ഷമവുമാക്കുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ പൂർണ്ണസജ്ജമാക്കേണ്ടത് അനിവാര്യമാണ്. ആയതിനാൽ നിർമ്മാണ പ്രവൃത്തി പൂർത്തീകരിക്കാതെ നിർത്തിവച്ചിരിക്കുന്ന സാഹചര്യം പരിശോധിച്ച് പരിഹാര നടപടികൾ സ്വീകരിക്കേണ്ടതും എംസിഎഫ് കെട്ടിടനിർമ്മാണം അടിയന്തിരമായി പൂർത്തീകരിക്കേണ്ടതുമാണ്. കൂടാതെ ഇലക്ട്രിഫിക്കേഷനും ത്രീഫേസ് കണക്ഷനും ഉൾപ്പെടെ അടിസ്ഥാന സൗകര്യങ്ങൾക്കായി ആവിഷ്കരിച്ചിട്ടുള്ള അനുബന്ധ പ്രോജക്ടുകൾ നടപ്പാക്കി, വാങ്ങി സൂക്ഷിച്ചിട്ടുള്ള ബെയിലിംഗ് മെഷീൻ സ്ഥാപിച്ച് പ്രവർത്തന ക്ഷമമാക്കേണ്ടതുമാണ്. ഈ വിഷയത്തിൽ അടിയന്തിരമായ തുടർനടപടികൾക്കായി ആരോഗ്യവിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടേയും പഞ്ചായത്ത് ഭരണസമിതിയുടേയും സജീവശ്രദ്ധ ക്ഷണിക്കുന്നു.

**<u>1-28 പഞ്ചായത്തിന് പുതിയ വാഹനം വാങ്ങൽ- പഴയ വാഹനം കണ്ടം ചെയ്യൽ നടപടികൾ പൂർത്തിയായിട്ടില്ല.</u>**

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി തൽവർഷം നടപ്പാക്കിയ പഞ്ചായത്തിന് വാഹനം വാങ്ങൽ പ്രോജക്ട് (പ്രോ.നം.എസ്0131/25) പ്രകാരം തനത്ഫണ്ടിൽ നിന്നും 1200000/- രൂപ ചെലവഴിച്ച് GeM വഴി BOLERO B6 (OPT) BS6 വാങ്ങിയിട്ടുണ്ട്. എന്നാൽ പഞ്ചായത്തിലെ ഉപയോഗിച്ചു വന്നിരുന്ന ബൊലേറോ ജീപ്പ് ( KL05-Z 8153) കണ്ടം ചെയ്തതിന്റെ വിശദാംശങ്ങൾ ലഭ്യമായില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം-34/01-07-25) പഴയ ജീപ്പ് നിലവിൽ ഉപയോഗയോഗ്യമല്ലെന്നും വാഹനം സ്ക്രാപ്പിംഗ് പോളിസിയിൽ ഉൾപ്പെടുത്തി പൊളിച്ചു നീക്കുന്നതിന് 30100/- രൂപ സ്ക്രാപ്പ് വിലയായി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി.ഡബ്ല്യു.ഡി മെക്കാനിക്കൽ സബ്ഡിവിഷൻ, മാവേലിക്കര 11-06-24 ൽ നിശ്ചയിച്ചു നല്കിയിട്ടുണ്ടെന്നുമാണ് മറുപടി ലഭ്യമാക്കിയത്. സ്ക്രാപ്പിംഗ് ഏജൻസിയെ നിശ്ചയിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവാകാത്തതിനാലാണ് കണ്ടം ചെയ്യൽ നടപടികൾ പൂർത്തീകരിയ്ക്കാൻ സാധിയ്ക്കാത്തതെന്നും മറുപടിയിൽ സൂചിപ്പിച്ചിട്ടുണ്ട്. സ്ക്രാപ്പിംഗ് ഏജൻസിയെ നിശ്ചയിച്ച് ഉത്തരവിറങ്ങുന്നമുറയ്ക്ക് കാലതാമസം കൂടാതെ കണ്ടം ചെയ്യൽ നടപടികൾ പൂർത്തീകരിയ്ക്കേണ്ടതും വിശദാംശങ്ങൾ അറിയിയ്ക്കേണ്ടതുമാണ്.

**<u>1-29 തൊണ്ണാംകുഴി എൽ പി എസ് മെയിന്റനൻസ്-കൂടിയനിരക്ക് രേഖപ്പെടുത്തിയ ടെണ്ടർ അംഗീകരിച്ചു.</u>**

| | |
|---|---|
| പ്രോജക്ട് നം. | S011/25 |
| അടങ്കൽ | 804000/- |
| കരാറുകാരൻ | ഷാജി എ കുരുവിള |

തൊണ്ണാംകുഴി എൽപിഎസ് മെയിന്റനൻസ് എന്ന പേരിൽ തൽവർഷം ആവിഷ്കരിച്ച പ്രോജക്ടിന്റെ എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം സ്കൂളിന് ഓഡിറ്റോറിയം ഇല്ലാത്തതിനാൽ ഓപ്പൺ ഓഡിറ്റോറിയം നിർമ്മിക്കുന്നതിനും മുറ്റത്ത് ഇന്റർലോക്ക് പാകിയത് കുറെഭാഗം ഇളകിപ്പോയത് പുനഃസ്ഥാപിച്ച് നവീകരിക്കുന്നതിനുമാണ് ലക്ഷ്യമിട്ടത്. അതനുസരിച്ചുള്ള പ്രവൃത്തി ഇനങ്ങൾ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കുകയും ഷാജി എ കുരുവിള എന്ന കരാറുകാരന് പ്രവൃത്തി ഏൽപ്പിച്ചിട്ടുള്ളതായും കാണുന്നു. എന്നാൽ ടെണ്ടർ നടപടികളുമായി ബന്ധപ്പെട്ട യാതൊരു രേഖകളും ഫയലിൽ സൂക്ഷിച്ചിട്ടില്ലാത്തതാണ്. ടെണ്ടർ രജിസ്റ്റർ പരിശോധിച്ചതിൽ പ്രസ്തുത പ്രവൃത്തിക്ക് ചുവടെ ചേർക്കും പ്രകാരം 2 പേർ ടെണ്ടർ സമർപ്പിച്ചിട്ടുള്ളതായി കാണുന്നു.

| കരാറുകാരൻ | ക്വോട്ട് ചെയ്ത തുക |
|---|---|
| ഷാജി എ കുരുവിള | 880379.78/- |
| സുനിൽകുമാർ | 855344.1/- |

കുറഞ്ഞനിരക്കിലുള്ള ടെൻഡർ പരിഗണിക്കാതെ കൂടിയ നിരക്ക് രേഖപ്പെടുത്തിയ കരാറുകാരന്റെ ടെൻഡർ അംഗീകരിച്ച് പ്രവൃത്തി ഏൽപ്പിച്ചതായിട്ടാണ് കാണുന്നത്. ആയതിന്റെ കാരണം രജിസ്റ്ററിലോ ഫയലിലോ വ്യക്തമാക്കിയിട്ടില്ല. രേഖയുമായി വിശദീകരണം ലഭ്യമാക്കുന്നതിനായി മേൽ അപാകത ശ്രദ്ധയിൽപ്പെടുത്തി ഓഡിറ്റ് എൻക്വയറി നൽകിയിരുന്നതിന് (നം- 17/28-6-25) രേഖയുമായി മറുപടി ലഭ്യമായിട്ടില്ല. എന്നാൽ കുറഞ്ഞനിരക്ക് രേഖപ്പെടുത്തിയ കരാറുകാരൻ 2022-23 വാർഷിക പദ്ധതിയിൽപ്പെടുത്തി ഇതേ സ്കൂളിന്റെ മുറ്റത്ത് പാകിയ ഇന്റർലോക്കുകൾ ഇളകിപ്പോയതായും ടിയാന് പലതവണ അറിയിപ്പുനൽകിയെങ്കിലും അപാകത പരിഹരിക്കുന്നതിന് തയ്യാറായിട്ടില്ലെന്നും ആയതിനാൽ ടിയാന് പ്രവൃത്തി നൽകേണ്ടതില്ലെന്ന് പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്തതിനാലാണ് നിരക്ക് കുറവ് രേഖപ്പെടുത്തിയിട്ടും ടിയാളുടെ ടെൻഡർ നിരസിച്ചതെന്ന് വാക്കാൽ അറിയിക്കുകയുണ്ടായി. ബന്ധപ്പെട്ട കമ്മിറ്റി തീരുമാനത്തിന്റെ പകർപ്പും ഹാജരാക്കിയിരുന്നു. പ്രോജക്ടിന്റെ ഭാഗമായ മോണിറ്ററിംഗ് കമ്മിറ്റി നിർവ്വഹണ ഘട്ടത്തിലും പ്രവൃത്തി പൂർത്തീകരണത്തിനു ശേഷവും മോണിറ്ററിംഗ് കൃത്യമായി നടത്തിയിരുന്നുവെങ്കിൽ പ്രവൃത്തി നിർവ്വഹണത്തിലെ അപാകത യഥാസമയം കണ്ടുപിടിക്കുന്നതിനും കരാറുകാരനെക്കൊണ്ട് തന്നെ ആയത് പരിഹരിക്കുന്നതിനും സാധ്യമാകുമായിരുന്നു. കരാറുകാരന്റെ സെക്യൂരിറ്റി നിക്ഷേപം റിലീസ് ചെയ്യുന്നതിനു മുൻപ് നിലവിലെ സ്ഥിതി സംബന്ധിച്ച് സ്കൂൾ അധികൃതരോട് അന്വേഷിക്കുകയോ, ഇതു സംബന്ധിച്ച രേഖയുമായി പരാതി ലഭിച്ചതായോ കാണുന്നില്ല. മുൻ പ്രോജക്ടിന്റെ ഭാഗമായ കരാർ പരിശോധിക്കേണ്ടതും കരാർ ലംഘനം നടന്നിട്ടുണ്ടെന്ന് വ്യക്തമാകുന്നപക്ഷം കരാറുകാരനെതിരെ നിയമാനുസൃത നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതുമാണ്.

## 1-30 മരുന്ന് പൂർണമായി ലഭിച്ചിട്ടില്ല

| അടങ്കൽ | ചെലവ് | വൗച്ചർ ബിൽ നം |
|---|---|---|
| മെയിന്റനൻസ് ഗ്രാന്റ് റോഡിതരം-400000/- | 400000/- | 20/11-07-24 |
| ആകെ- 400000/- | 400000/- | |

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി തൻവർഷം നടപ്പാക്കിയ ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ (നമ്പർ 5006/25) പ്രോജക്ട് പ്രകാരം മെയിന്റനൻസ് ഗ്രാന്റ് റോഡിതരത്തിൽ നിന്നും 4,00,000 - രൂപ ആലപ്പുഴ ഹോംകോയിൽ അടവാക്കിയിട്ടുണ്ട്. മരുന്ന് പൂർണ്ണമായി ലഭിക്കാത്തതിനാൽ നൽകിയ അന്വേഷണക്കുറിപ്പിന് (നം.11/27-06-25) നിലവിൽ 2,84,038 - രൂപയുടെ മരുന്ന് ലഭിച്ചതായി സ്റ്റോക്ക് രജിസ്റ്റർ, അനുബന്ധരേഖകൾ എന്നിവ സഹിതം മറുപടി ലഭ്യമാക്കി. 1,15,962- രൂപയുടെ മരുന്ന് കിട്ടാൻ അവശേഷിക്കുന്നു. ആയതു കൂടി ലഭ്യമാക്കി രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതുവരെ 1,15,962 - രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-31 എബിസി പ്രോഗ്രാം-ചെലവ് രേഖകൾ പൂർണമല്ല

| അടങ്കൽ | ചെലവ് | വൗച്ചർ ബിൽ നം |
|---|---|---|
| വികസനഫണ്ട്-200000/- | 103613/- | 458/22-03-25 |
| | 54000/- | 484/28-03-25 |
| തനതുഫണ്ട്- 100000/- | - | |
| ആകെ- 300000/- | 157613/- | |

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി തൻ വർഷം നടപ്പിലാക്കിയ തെരുവുനായ വന്ധ്യംകരണം - എബിസി പ്രോഗ്രാം (നമ്പർ 5013/25) എന്ന പ്രോജക്ടിനായി വികസന ഫണ്ടിൽ നിന്നും 157613- രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രോജക്ടിന്റെ പ്രൊഫോമയിൽ തെരുവു നായകളുടെ വന്ധ്യംകരണം നടത്തുന്നതിന് ബ്ലോക്ക് പഞ്ചായത്തിന് തുക കൈമാറൽ എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നതെങ്കിലും ബ്ലോക്ക് പഞ്ചായത്തിന് തുക കൈമാറിയതായുള്ള വിശദാംശങ്ങളൊന്നും ഫയലിൽ സൂക്ഷിച്ചിരുന്നില്ല. ഡോഗ് ക്യാച്ചറായ ജയകുമാർ കെ.ടി, കല്ലുവാക്കൽ, പേരൂർ പി ഒ എന്നയാൾ പഞ്ചായത്തിലെ വിവിധ വാർഡുകളിൽ നിന്നായി 67 നായകളെ പിടികൂടിയതായുള്ള എബിസി മോണിറ്ററിംഗ് കമ്മിറ്റിയുടെ സാക്ഷ്യപത്രം പ്രോജക്ട് ഫയലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ 108 നായകളെ പിടിച്ചിട്ടുണ്ടെന്നും ഇനിയും പഞ്ചായത്തിന്റെ കീഴിൽ വന്ധ്യംകരണം ചെയ്യാത്ത തെരുവുനായകൾ ഉണ്ടെന്നും വെറ്ററിനറി സർജനെ അറിയിച്ചുകൊണ്ടുള്ള ഡോഗ് ക്യാച്ചറുടെ ഒരു കത്തും ഫയലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രോജക്ടിന്റെ ചെലവുവിശദാംശങ്ങൾ സഹിതം മറുപടി ലഭ്യമാക്കണമാവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് (നം 15/27-06-25 ) ചെലവു തുക മുഴുവനായി ബ്ലോക്ക് പഞ്ചായത്തിന് കൈമാറിയിട്ടുള്ളതായും 108 നായകളുടെ വന്ധ്യംകരണം നടത്തിയിട്ടുള്ളതായും തുക കൈമാറിയതിന്റെ ബിൽ കോപ്പികൾ സഹിതം മറുപടി ലഭ്യമാക്കി. എന്നാൽ നിലവിലെ നിരക്ക് അനുസരിച്ച് ഒരു നായയെ പിടിക്കുന്നതിന് 500- രൂപ നിരക്കിൽ 108 നായ്ക്കൾക്ക് 54000- രൂപയും

ചെലവു വരുന്നുള്ള ബ്ലോക്ക് പഞ്ചായത്തിന് കൈമാറിയ ആകെ തുകയിൽ ബാക്കിയുള്ള 103613/- രൂപയുടെ ചെലവു വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. ടി ചെലവു വിശദാംശങ്ങൾ ലഭ്യമായിട്ടില്ലാത്ത സാഹചര്യത്തിൽ 103613/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. തടസ്സം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

## 1-32 സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ്-ചെലവ് രേഖകൾ പൂർണമല്ല

| ഇനങ്ങൾ | ചെലവ് | വൗച്ചർ/ബിൽ നം |
|---|---|---|
| ധനകാര്യകമ്മീഷൻ ഗ്രാന്റ്- 65766/- | 64935/- | ബിൽ നം.38/05-09-24 |
| ആകെ - 65766/- | 64935/- | |

സുരക്ഷിത നിരീക്ഷണോദ്ദേശ്യത്തിനായി നടപ്പാക്കിയ സ്പിൽ ഓവർ പ്രോജക്ട് ആയ സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസിനായി (നമ്പർ 302/4923) ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും 64935/- രൂപ ജോസഫ് തോമസ്, സെന്റ് മേരീസ് ഇലക്ട്രിക്കൽ കോൺട്രാക്ടർ, ശ്രീകണ്ഠമംഗലം, അതിരമ്പുഴ എന്ന വ്യക്തിക്ക് നൽകിയിട്ടുണ്ട്. പ്രോജക്ട് ഫയലിൽ കരാറുകാരൻ ഹാജരാക്കിയ വാർഡ് തിരിച്ചുള്ള മെയിന്റനൻസ് റിപ്പോർട്ടും, ബില്ല് മാറിയതിന്റെ വിശദാംശങ്ങളും മാത്രമാണുള്ളത്. ടി കരാറുകാരനെ തെരഞ്ഞെടുത്തതിന്റെ നടപടിക്രമങ്ങൾ, ടിയാളുമായി ഒപ്പിട്ട കരാർ, പ്രവൃത്തി പൂർത്തീകരിച്ചതായുള്ള വാർഡ് തലത്തിലുള്ള മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല. മെയിന്റനൻസിനായി ഉപയോഗിച്ച ബൾബുകളുടെ വിശദാംശങ്ങളും ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.14/27-06-25) നൽകിയതിന് മുൻവർഷം വാങ്ങിയ ബൾബുകളും അനുബന്ധ ഉപകരണങ്ങളുമാണ് ഉപയോഗിച്ചതെന്നും കരാറുകാരനെ തെരഞ്ഞെടുത്തതുൾപ്പെടെയുള്ള രേഖകൾ മുൻവർഷ ഫയലിലുണ്ടെന്നുമാണ് മറുപടി ലഭ്യമാക്കിയത്. എന്നാൽ സ്റ്റോക്ക് രജിസ്റ്ററല്ലാതെ മറ്റു രേഖകളൊന്നും പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. പ്രോജക്ടുകൾ മുഖേന വാങ്ങുന്ന തെരുവുവിളക്കുകളുടെ വിശദാംശങ്ങൾ പ്രത്യേക സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നുണ്ടെങ്കിലും ശരിയായ രീതിയിലല്ല രേഖപ്പെടുത്തിയിരിക്കുന്നത്. ഇഷ്യൂ ചെയ്യുന്ന ബൾബുകളുടെയും അനുബന്ധ ഉപകരണങ്ങളുടെയും എണ്ണം മാത്രമായാണ് രേഖപ്പെടുത്തുന്നത്. മുൻ പ്രോജക്ടുകളിലുൾപ്പെടെ നീക്കിയിരിപ്പുള്ളവയുടെ എണ്ണം മുന്നിരിപ്പായും തുടർവർഷം വാങ്ങിയവ വരവായും ഉൾപ്പെടുത്തി ആകെ എണ്ണം രേഖപ്പെടുത്തി, അതിൽ നിന്നും ഓരോ തവണയും ഇഷ്യൂ ചെയ്യുന്നവ കൈപ്പറ്റ് രേഖപ്പെടുത്തി നീക്കിബാക്കി രേഖപ്പെടുത്തേണ്ടതും വർഷാവസാനമെങ്കിലും അധികൃതർ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. വിളക്കുകൾ നന്നാക്കുമ്പോൾ കേടായവ തിരികെ പഞ്ചായത്തിൽ ഏൽപ്പിക്കേണ്ടതും രജിസ്റ്ററിൽ രേഖപ്പെടുത്തി ലേലം ചെയ്യാവുന്നവയിൽ അപ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്. രേഖകൾ പൂർണമല്ലാത്തതിനാൽ 64935/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-33 ലൈഫ് മിഷൻ - ഭവന നിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളുടെ വിവരങ്ങൾ സംബന്ധിച്ച്

1. ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കി വരുന്ന ലൈഫ് ഭവന പദ്ധതി പ്രകാരം ഭവന നിർമ്മാണത്തിന് മുൻ വർഷങ്ങളിൽ ധനസഹായം കൈപ്പറ്റിയിട്ടും പൂർത്തിയാക്കാത്തവരുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവ് | വാർഡ് | അഡ്വാൻസ് കൊടുത്ത തീയതി | നാളിതുവരെ നൽകിയ തുക | സ്റ്റേജ് |
|---|---|---|---|---|---|
| 1 | ഷാജി ജോസഫ് പഴൂക്കരോട് | 12 | 9.6.2023 | 40000 | അടിത്തറ |

പ്രസ്തുത ഗുണഭോക്താവ് ഭവന നിർമ്മാണം പൂർത്തീകരിക്കാത്തതിന്റെ സാഹചര്യം, നിർമ്മാണ പ്രവൃത്തികളുടെ പൂർത്തീകരണത്തിനായി ഗ്രാമപഞ്ചായത്ത് സ്വീകരിച്ച തുടർ നടപടികൾ എന്നിവ സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്. കൈപ്പറ്റിയ ധനസഹായം ദുരുപയോഗം ചെയ്തിട്ടുള്ളപക്ഷം നിയമാനുസൃത പലിശസഹിതം ഈടാക്കാനും പരിഗണന അർഹിക്കുന്ന സാഹചര്യമെന്ന് ബോധ്യപ്പെടുന്ന പക്ഷം ഉചിത നടപടികളിലൂടെ ഭവന നിർമ്മാണം പൂർത്തീകരിക്കാൻ സഹായകരമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

2. 2024-25 വർഷം ധനസഹായത്തിന്റെ ആദ്യ ഗഡു കൈപ്പറ്റിയ ലൈഫ് ഭവനപദ്ധതിയുടെ ഗുണഭോക്താക്കളിൽ നാളിതുവരെ ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ലാത്തവരുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവ് | വാർഡ് | അഡ്വാൻസ് കൊടുത്ത തീയതി | നാളിതുവരെ നൽകിയ തുക | സ്റ്റേജ് |
|---|---|---|---|---|---|
| 1 | സന്ധ്യാലക്ഷ്മി | 16 | 07.9.2024 | 40000 | അടിത്തറ |

| | | | | | |
|---|---|---|---|---|---|
| | അയ്യപ്പൻ | | | | |
| 2 | ഗിരിജ പുത്തൻപറമ്പിൽ | 1 | 07.9.2024 | 240000 | ഫിഷ് |
| 3 | മണിയമ്മ പരമേശ്വരൻ കണ്ണാമ്പുറത്തുചിറ | 4 | 12.9.2024 | 300000 | ഫിഷ് |
| 4 | മേഴ്സി ജോർജ്ജ് ഞാവുതറ | 1 | 7.09.24 | 300000 | ഫിഷ് |
| 5 | സലി വടക്കേപ്പറമ്പിൽ | 12 | 12.09.24 | 200000 | ജനറൽ |
| 6 | സിന്ധുമോൾ മുണ്ടേപ്പുഴക്കൽ | 14 | 21.11.24 | 300000 | ഫിഷ് |
| 7 | ശൈലജ കുന്നുതുരുത്തിൽ | 7 | 21.11.24 | 300000 | ഫിഷ് |
| 8 | സലിമോൻ സദാനന്ദൻ പുത്തൻപറമ്പ് | 1 | 21.11.24 | 263439 | ഫിഷ് |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.32/30.06.25) മറുപടിയായി, സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലും ലൈഫ് മാനദണ്ഡപ്രകാരവും സ്പിൽ പൂർത്തീകരിച്ചുവരുന്ന മുൻവർഷ ഗുണഭോക്താവിന് സഹായധനം അനുവദിക്കുന്നതാണെന്നും, അനുവദനീയമായ മുഴുവൻ തുകയും നൽകി ഈ വർഷം തന്നെ പദ്ധതി പൂർത്തീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

## 1.34 തനതുഫണ്ട് ചെലവുകൾ- ക്രമീകരിയ്ക്കാൻ ശേഷിയ്ക്കുന്നു

2024-25 വർഷത്തെ ചുവടെ രേഖപ്പെടുത്തിയിരിക്കുന്ന തനതുഫണ്ട് ചെലവുകളുടെ ക്രമീകരണ വിവരങ്ങൾ ലഭ്യമാക്കിയില്ല

| ക്രമ നം | വൗച്ചർ നം/ ചെക്ക് നം | ചെലവിനം | ക്രമീകരിക്കേണ്ട തുക | റിമാർക്ക് |
|---|---|---|---|---|
| 1 | 22400151 23-05-2024 | മഴക്കാലപൂർവ്വ ശുചീകരണം-16 വാർഡ് ശുചിത്വ സമിതികളുടെ അക്കൗണ്ടിലേയ്ക്ക് 20000-വീതം ആകെ 320000/- നൽകിയത് | 160000/- | ശുചിത്വമിഷൻ വിഹിതം ലഭ്യമാക്കി തനതുഫണ്ടിലേയ്ക്ക് നീക്കുപോക്ക് ചെയ്തിട്ടില്ല |
| 2 | 22400875 10-12-2024 | വാർഡ് 2- ചെമ്മനാട് തോട്ടിൽ സ്ഥിതി ചെയ്യുന്ന മണിയംപറമ്പ് പുതിയോട്ടിൽ പാലത്തിൽ അടിഞ്ഞു കൂടിയ മരച്ചില്ലയും പോളയും നീക്കം ചെയ്തത് | 22590/- | ദുരന്ത നിവാരണത്തിൽ ഉൾപ്പെടുത്തി തനതുഫണ്ടിൽ നിന്നും തുക ചെലവഴിയ്ക്കുന്നതിനും ദുരന്ത നിവാരണ അതോറിറ്റിയിൽ നിന്നും തുക ലഭ്യമാക്കുന്നതിനും തീരുമാനിച്ചു (R.No.3(1)/06-12-24) തുക ലഭ്യമായിട്ടില്ല |
| | | ആകെ | 182590/- | |

തുകകൾ ലഭ്യമാക്കി തനതുഫണ്ടിലേയ്ക്ക് നീക്കുപോക്ക് ചെയ്ത് വിവരം അറിയിക്കേണ്ടതാണ്.

## 1.35 ഓഡിറ്റ് ഇംപാക്ട് - അനുവദിച്ച് നൽകിയ 10,632/- രൂപയുടെ അധിക സബ്സിഡി തിരികെ അടവാക്കി

വാർഷിക പദ്ധതിയുടെ ഭാഗമായി, ഡയറി ഫാം ഇൻസ്പെക്ടർ നിർവ്വഹണ ഉദ്യോഗസ്ഥനായി, 'പാലിന് സബ്സിഡി' എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. വിവരാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം - പേര് | 90028/2025 പാലിന് |

| | |
|---|---|
| | സബ്സിഡി |
| ഫണ്ട് അടങ്കൽ | വികസന ഫണ്ട് (ജനറൽ) 4,00,000/- |
| പേമെന്റ് ബിൽ നം. / തീയതി | 400000- 196 23.12.24 364 10.03.25 427 20.03.25 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഡയറി ഫാം ഇൻസ്ട്രക്ടർ |

പ്രസ്തുത പദ്ധതിയുടെ ഭാഗമായി, ശ്രീ. തോമസ് പി.പി, പ്ലാപ്പറമ്പിൽ, ആർപ്പൂക്കര എന്നയാൾക്ക് സബ്സിഡിയിനത്തിൽ 50,632/- രൂപ (20,178+20,215+10,239) ടിയാളുടെ ബാങ്ക് അക്കൗണ്ടിൽ (നം.67225796871-8809007037) അനുവദിച്ച് നൽകിയിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖ (സ.ഉ.(കൈ)/നം.115/2022/തസ്വഭവ/28.05.2022), 6(63) ക്രമ നം. (9) പ്രകാരം, ഒരു ഗുണഭോക്താവിന് വർഷത്തിൽ നൽകാവുന്ന പരമാവധി സബ്സിഡി തുക 40,000/- രൂപയാണ്. സബ്സിഡിയിനത്തിൽ 10,632/- രൂപ അധികം അനുവദിച്ചതിന്റെ സാഹചര്യം സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (19/23.06.2025), മറുപടി ലഭ്യമായിട്ടുണ്ട്. തുക അധികം നൽകിയതായി ബോധ്യപ്പെട്ടിട്ടുണ്ടെന്നും, ആയതിന്റെ അടിസ്ഥാനത്തിൽ 10,632/- രൂപ ബന്ധപ്പെട്ട കണക്ക് ശീർഷകത്തിൽ (3604-00-911-99-00 Recoveries Of Over Payments) തിരികെ അടവാക്കി, ട്രഷറി ചലാന്റെ (നം. 51.0152479042025268: 30.06.2025) പകർപ്പ് ഉൾപ്പെടെ നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർ വർഷങ്ങളിൽ പദ്ധതി നിർവ്വഹണത്തിൽ അപാകതയുണ്ടാകാതെ ശ്രദ്ധിക്കേണ്ടതാണ്.

**1.36 സ്വന്തമായി കെട്ടിടമുണ്ടായിട്ടും അങ്കണവാടി വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്നു.**

ബ്ലോക്ക് പഞ്ചായത്തിന്റെ 2022-23 വാർഷിക പദ്ധതിയിൽപ്പെടുത്തി ജി.ഒ.(ആർ.റ്റി) 223/17/LSGD തീയതി 27.1.17 ലെ വ്യവസ്ഥകൾ പ്രകാരം മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തി തൊഴിലുറപ്പ് പദ്ധതി വിഹിതമായി 5,00,000/- രൂപയും ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി 9,78,000/- രൂപയും വകയിരുത്തി ഗ്രാമപഞ്ചായത്തിലെ വാർഡ് 13-ൽ 6-ാം നമ്പർ അങ്കണവാടിക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി പ്രോജക്ട് തയ്യാറാക്കുകയും 23-24 വർഷം അങ്കണവാടിയുടെ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിരുന്നു.



എന്നാൽ നാളിതുവരെയും അങ്കണവാടി പുതുതായി പണിത കെട്ടിടത്തിലേക്ക് പ്രവർത്തനം മാറ്റാതെ നിലവിലും വാടക കെട്ടിടത്തിൽത്തന്നെയാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. പ്രസ്തുത സാഹചര്യത്തിൽ വാർഡ് 13 ലെ ആറാം നമ്പർ അങ്കണവാടിയുടെ പ്രവർത്തനമാരംഭിക്കുന്നത് സംബന്ധിച്ച് നിലവിലെ അവസ്ഥ കമ്മിറ്റി വിലയിരുത്തി അങ്കണവാടിയുടെ പ്രവർത്തനമാരംഭിക്കുന്നതിന്റെ ഭാഗമായി പോലീസ് സംരക്ഷണം ഗാന്ധിനഗർ സ്റ്റേഷൻ ഹൗസ് ഓഫീസറോട് ആവശ്യപ്പെടുന്നതിനും സംരക്ഷണം ലഭ്യമാകുന്ന മുറയ്ക്ക് അങ്കണവാടിയുടെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ പൂർത്തിയാക്കുന്നതിനും സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചിട്ടുള്ളതായും കാണുന്നു.

സ്വന്തമായി കെട്ടിടം നിർമ്മിച്ച് നാളുകൾ കഴിഞ്ഞിട്ടും അങ്കണവാടി പ്രവർത്തനം ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കാനാവശ്യപ്പെട്ടതിന് അങ്കണവാടി നിർമ്മിച്ചിട്ടുള്ളത് റോഡ് സൈഡിൽ വളവുള്ള ഭാഗത്താണെന്നും ഇവിടെ ചുറ്റുമതിൽ നിർമ്മിക്കാതെ അങ്കണവാടി പ്രവർത്തിപ്പിക്കുന്നത് സുരക്ഷിതമല്ലാത്തതിനാൽ ചുറ്റുമതിൽ പണിയുന്നതിന് എസ്റ്റിമേറ്റ് എടുക്കാൻ സ്ഥലത്ത് ചെന്ന സാഹചര്യത്തിൽ പ്രദേശവാസികളിൽനിന്നും കടുത്ത എതിർപ്പുണ്ടായതായും എഞ്ചിനീയറിംഗ് വിഭാഗം വിശദീകരണം നൽകി. പലതവണകളിൽ ഒത്തുതീർപ്പിനായി ശ്രമമുണ്ടായിട്ടും പ്രശ്നത്തിന് പരിഹാരമുണ്ടായില്ലെന്നും ആയതിനാൽ പോലീസ് സംരക്ഷണം ആവശ്യപ്പെടുന്നതിന് തീരുമാനിച്ചിട്ടുണ്ടെന്നും എക്സിറ്റ് മീറ്റിംഗിൽ വൈസ് പ്രസിഡന്റ് അറിയിച്ചു. കുട്ടികളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് വരാന്തയിൽ ഗ്രിൽ പിടിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടെന്ന് എഞ്ചിനീയറിംഗ് വിഭാഗവും അറിയിച്ചു. സ്ഥല പരിശോധനയിൽ അങ്കണവാടി കെട്ടിടം സ്ഥിതി ചെയ്യുന്ന സ്ഥലം അതിർത്തി നിർണ്ണയിച്ച് സംരക്ഷിച്ചിട്ടില്ലാത്തതായും പരിസരം പുല്ലുകൾ വളർന്ന് കാട് പിടിച്ച നിലയിലും കെട്ടിടം പൂട്ടിയിട്ടിരിക്കുന്നതായും കണ്ടു. റോഡ് സൈഡായതിനാൽ കുട്ടികളുടെ സംരക്ഷണം ഉറപ്പാക്കുന്നതിനുള്ള സംവിധാനം അത്യാവശ്യമാണെന്നും കാണുന്നു. മേൽ സാഹചര്യത്തിൽ അങ്കണവാടി നിൽക്കുന്ന സ്ഥലത്തിന്റെ അതിർത്തി നിർണ്ണയിച്ച് സ്ഥലം

പഞ്ചായത്തിന്റെ പേരിൽക്കൂട്ടി സംരക്ഷിക്കേണ്ടതും ആവശ്യമെങ്കിൽ പോലീസ് സംരക്ഷണത്തോടെ ചുറ്റുമതിൽ നിർമ്മിച്ചോ മറ്റ് തരത്തിലോ കുട്ടികളുടെ സുരക്ഷ ഉറപ്പാക്കി അങ്കണവാടി പ്രവർത്തനമാരംഭിക്കേണ്ടതാണ്. തുടർനടപടികളുടെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

**1-37 2021-ൽ ഉടമസ്ഥാവകാശം ലഭിച്ച സ്ഥലത്ത് പഞ്ചായത്തിന്റെ സ്വപ്നപദ്ധതി നാളിതുവരെ യാഥാർത്ഥ്യമായിട്ടില്ല.**

റവന്യൂവകുപ്പിന്റെ 22-11-1979-ലെ ജി.ഒ.(എം.എസ്)1322/79 നമ്പർ ഉത്തരവ് പ്രകാരം മെഡിക്കൽ കോളേജിനു സമീപം 2 ഏക്കർ റവന്യൂ ഭൂമി ഷോപ്പിംഗ് കോംപ്ലക്സ് പണിയുന്നതിനായി വ്യവസ്ഥകൾക്ക് വിധേയമായി ആർപ്പൂക്കര ഗ്രാമപഞ്ചായത്തിന് വിട്ടുനൽകിയിരുന്നു. ഭൂമി വിട്ടുനൽകിക്കൊണ്ടുള്ള ഉത്തരവിൽ നിഷ്കർഷിച്ചിരുന്ന വ്യവസ്ഥകളിൽ 5-ാം വ്യവസ്ഥയായി ഉൾപ്പെടുത്തിയിരുന്നതും പ്രസ്തുത സ്ഥലത്ത് കാലങ്ങളായി വിവിധ സ്ഥാപനങ്ങൾ നടത്തിക്കൊണ്ടിരുന്നവരെ പുനരധിവസിപ്പിക്കണമെന്നുമുള്ള വ്യവസ്ഥ പൂർണ്ണമായും പാലിക്കാൻ ഗ്രാമപഞ്ചായത്തിന് കഴിഞ്ഞിരുന്നില്ല. പുനരധിവസിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ബഹു.ഹൈക്കോടതിയിൽ നിരവധി കേസുകൾ നിലനിൽക്കുന്നത് പുനരധിവാസം ശ്രമത്തിലാക്കുന്നതിന് തടസ്സമായെന്ന് ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു. ഇതുമായി ബന്ധപ്പെട്ട് കേരള ഹൈക്കോടതിയിൽ 15 വർഷത്തിലധികമായി നടന്നുവരികയായിരുന്ന പത്തോളം കേസുകൾ 2016 ഡിസംബർ മാസത്തിൽ ഒറ്റത്തവണയായി തീർപ്പ് കൽപ്പിച്ച് കോടതി ഉത്തരവാകുകയും ചെയ്തിരുന്നു. പ്രസ്തുത കോടതി ഉത്തരവിലൂടെ ജില്ലാ റവന്യൂ അധികാരികളുടെ ലിസ്റ്റ് പ്രകാരമുള്ളവർ ഒഴികെയുള്ള എല്ലാ അനധികൃത കയ്യേറ്റങ്ങളും ഒഴിപ്പിക്കുന്നതിന് ഗ്രാമപഞ്ചായത്തിന് എല്ലാ അധികാരങ്ങളും നൽകുകയുണ്ടായി. കോടതി ഉത്തരവിനെ തുടർന്ന് പഞ്ചായത്തും, റവന്യൂ അധികാരികളും സംയുക്തമായി പോലീസ് സംരക്ഷണത്തോടെ പ്രസ്തുത സ്ഥലത്തെ കയ്യേറ്റങ്ങൾ ഒഴിപ്പിക്കുകയുണ്ടായി.

പഞ്ചായത്ത് ജനറൽ കമ്മിറ്റിയുടെ 24.4.17-ലെ തീരുമാനം പ്രകാരം (അജണ്ട-4 തീരുമാനം.1) മെഡിക്കൽ കോളേജിലെ 2 ഏക്കർ വരുന്ന സ്ഥലം ഇപ്പോഴും സ്വകാര്യ വ്യക്തികളുടെ പേരിലാണ് വില്ലേജ് റിക്കാർഡുകളിൽ കാണപ്പെടുന്നതെന്നും ആയത് ആർപ്പൂക്കര പഞ്ചായത്തിന്റെ പേരിൽക്കൂട്ടി കരം തീർക്കുന്നതിന് ലഭ്യമായ രേഖകളുടെ അടിസ്ഥാനത്തിൽ കോട്ടയം തഹസിൽദാർക്ക് കത്ത് നൽകുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിരുന്നതായും കാണുന്നു. തുടർന്ന് പ്രസ്തുത സ്ഥലം നാളിതുവരെ പഞ്ചായത്തിന്റെ പേരിൽക്കൂട്ടി ലഭിക്കാത്ത സാഹചര്യത്തിൽ ജില്ലാ റവന്യൂ അധികാരികളോട് ഭൂമി അളന്നുതിരിച്ച് തരണമെന്ന് പലതവണ ആവശ്യപ്പെടുകയും 10.7.17-ലെ ഡി.സി.കെ.ടി.എം.4421/17 ഇ2 നമ്പർ കത്ത് പ്രകാരം ജില്ലാ കളക്ടർ ടി സ്ഥലം സന്ദർശിച്ച് ഭൂമി കൈമാറ്റ നടപടികൾ പൂർത്തീകരിക്കാൻ കോട്ടയം തഹസിൽദാർക്ക് നിർദ്ദേശം നൽകുകയും ചെയ്തു. എന്നിട്ടും തുടർ നടപടികൾ സ്വീകരിക്കാത്ത ജില്ലാ അധികാരികൾക്കെതിരെ ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യുന്നതിന് തീരുമാനിക്കുകയും ആയതിന് പ്രസിഡന്റിനെ ചുമതലപ്പെടുത്തിയതായും കമ്മിറ്റിയുടെ 3-11-17-ലെ തീരുമാനത്തിൽ വ്യക്തമാക്കിയിട്ടുണ്ട് (അജണ്ട-14 തീരുമാനം 1).

നിർദ്ദിഷ്ട സ്ഥലത്ത് പുതിയ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുന്നതിനുവേണ്ടി 2017-18 ൽ ചുവടെ ചേർക്കും പ്രകാരം വിവിധ പ്രോജക്ടുകൾ ആവിഷ്കരിച്ച് ഡി.പി.സി-യുടെ അനുമതി ലഭിച്ചിരുന്നതാണ്.

| വർഷം | പ്രോ.നം | പ്രോജക്ട് | അടങ്കൽതുക |
|---|---|---|---|
| 16-17 | 163/16-17 | ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം | 20,0000000/- |
| .. | 211/16-17 | ഷോപ്പിംഗ് കോംപ്ലക്സ് സോയിൽടെസ്റ്റ് | 900000/- |
| .. | 212/16-17 | ഷോപ്പിംഗ് കോംപ്ലക്സ് പ്ലാൻ, സ്ട്രക്ച്വറൽ ഡിസൈൻ, ആർക്കിടെക്ച്വറൽ ഡ്രോയിംഗ് | 990000/- |
| 17-18 | 64/17-18 | ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം രണ്ടാംഘട്ടം | 1,8700000/- |
| 17-18 | 258/17-18(SO) | ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം | 20000000/- |
| .. | 271/17-18(SO) | ഷോപ്പിംഗ് കോംപ്ലക്സ് സോയിൽടെസ്റ്റ് | 300000/- |
| .. | 272/17-18(SO) | ഷോപ്പിംഗ് കോംപ്ലക്സ് പ്ലാൻ, | 990000/- |

സ്ട്രക്ച്ചറൽ
ഡിസൈൻ,
ആർക്കിടെക്ച്ചറൽ
ഡ്രോയിംഗ്

എന്നാൽ മേൽപട്ടികയിൽ പരാമർശിച്ചിട്ടുള്ള പ്രകാരം പ്രസ്തുത സ്ഥലത്ത് നിർമ്മാണ പ്രവർത്തനങ്ങൾ നടത്താൻ നടപടികളാരംഭിച്ചെങ്കിലും ടി സ്ഥലം പോക്കുവരവ് നടത്തി റവന്യൂ രേഖകൾ പ്രകാരം പഞ്ചായത്തിന്റെ പേരിൽക്കൂട്ടി ലഭിച്ചിരുന്നില്ലാത്ത സാഹചര്യം സംബന്ധിച്ചും സ്ഥലം പോക്കുവരവ് ചെയ്ത് പഞ്ചായത്തിന് വസ്തുവിന്മേൽ പൂർണ്ണമായ ഉടമസ്ഥാവകാശം ലഭ്യമായതിനുശേഷം മാത്രമേ ഇവിടെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്താവൂ എന്ന് 2017-18 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരുന്നു. എന്നാൽ പഞ്ചായത്തിന്റെ ശ്രമഫലവും ഒന്നിലും ഉള്ള നിരന്തരമായ ഇടപെടലുകളുടെയും പരിശ്രമത്തിന്റെയും ഫലമായി 7-7-21-ൽ ബഹു കോട്ടയം തഹസിൽദാർ (എൽ.ആർ) ആവശ്യപ്പെട്ടതനുസരിച്ച് ഭൂമി കൈമാറ്റ ഉത്തരവിനൊപ്പം തയ്യാറാക്കിയ സ്കെച്ച് പഞ്ചായത്ത് ലഭ്യമാക്കുകയും ചെയ്തിരുന്നു. റവന്യൂ വകുപ്പിൽ നിന്നുള്ള തുടർ നടപടികളുടെ ഭാഗമായി കോട്ടയം തഹസിൽദാർ(എൽ.ആർ) 6-12-21-ൽ ബി4-449/18, ടി നമ്പർ നടപടിക്രമം പ്രകാരം പുറപ്പെടുവിച്ച ഉത്തരവിൽ പെരുമ്പായിക്കാട് വില്ലേജിൽ വിവിധ സർവ്വേ നമ്പറുകളിലായി ഉൾപ്പെട്ട 80.94 ആർ വസ്തു ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ പോക്കുവരവു ചെയ്ത് റവന്യൂ രേഖകൾ പ്രകാരം ആർപ്പൂക്കര ഗ്രാമപഞ്ചായത്തിന്റെ പൂർണ്ണ ഉടമസ്ഥതയിലാക്കി ലഭിച്ചു.

പഞ്ചായത്തിന്റെ ദീർഘകാലമായുള്ള ശ്രമങ്ങളുടെയും കോടതി നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് നടത്തിയ പ്രവർത്തനങ്ങളുടെയും ഫലമായി തർക്കം നിലനിന്നിരുന്ന പ്രസ്തുത സ്ഥലത്തിന്റെ ഉടമസ്ഥത പഞ്ചായത്തിന് ലഭിച്ചത് നേട്ടമായി കാണുന്നു. ഇവിടെ പഞ്ചായത്തിന്റെ ഉത്തമസാമ്പത്തിക താല്പര്യം സംരക്ഷിച്ചുകൊണ്ട് ഷോപ്പിംഗ് കോംപ്ലക്സ് യാഥാർത്ഥ്യമാക്കുന്നതിന് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയും ആത്മാർത്ഥമായ ഇടപെടലും പ്രവർത്തനങ്ങളും ഉണ്ടാകണമെന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു. പഞ്ചായത്ത് കമ്മിറ്റിയുടെ സജീവ ശ്രദ്ധ ഇക്കാര്യത്തിലേക്ക് ക്ഷണിക്കുന്നു.

## 3-38 . ഹെൽത്ത് ഗ്രാന്റ് - അവലോകനം

### ഹെൽത്ത് ഗ്രാന്റ് - അവലോകനം

പതിനഞ്ചാം ധനകാര്യ കമ്മീഷൻ പ്രാഥമികാരോഗ്യ പരിരക്ഷാസംവിധാനങ്ങൾ മെച്ചപ്പെടുത്തുവാൻ കേരളത്തിലെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് 2021-2026 കാലയളവിലേക്ക് ആകെ 2968.35 കോടി രൂപ അനുവദിച്ചിട്ടുണ്ട്. 2021-22-ൽ ആദ്യഗഡുവായി ലഭിക്കുന്ന തുകയുടെ വിനിയോഗത്തിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകിക്കൊണ്ട് സർക്കാർ ഉത്തരവും പുറപ്പെടുവിച്ചിരുന്നു.

**1) ഹെൽത്ത് ഗ്രാന്റ്- വിനിയോഗമാർഗ്ഗരേഖ ഉത്തരവുകൾ**

ഗ്രാമ, ബ്ലോക്ക് പഞ്ചായത്തുകൾ ഉൾപ്പെടുന്ന പഞ്ചായത്തിരാജ് സ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന ഹെൽത്ത് ഗ്രാന്റിന്റെ വിനിയോഗവുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയംഭരണവകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള ചുവടെ ചേർക്കുന്ന സർക്കാർ ഉത്തരവുകൾ സർക്കുലറുകളുടെ അടിസ്ഥാനത്തിലാണ് ഗ്രാമപഞ്ചായത്തിലും ഇതിനായുള്ള വിവിധ സ്കീമുകൾ പ്രകാരമുള്ള പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കിപ്പോരുന്നത്.

| ക്രമ നമ്പർ | ഉത്തരവ് നമ്പർ, തീയതി |
|---|---|
| 1 | G.O.(Rt) No. 1133/2022/LSGD Dated 31.05.2022 |
| 2 | G.O.(Rt) No. 1156/2022/LSGD Dated 01.06.2022 |
| 3 | Circular No. FM3/138/2023/LSGD Dated 25.05.2023 |
| 4 | G.O.(Rt) No. 1625/2023/LSGD Dated 09.08.2023 |

**2) വിവിധ സ്കീമുകൾ പ്രകാരം ഗ്രാമ പഞ്ചായത്തുകൾക്ക് നടപ്പാക്കാവുന്ന പ്രവർത്തനങ്ങൾ**

1. സ്കീം 1- സ്കീം നമ്പർ-KL-230- കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യ ഉപകേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന്.

ഉത്തരവനുസരിച്ച് ഓരോ ഉപകേന്ദ്രത്തിനും 55 ലക്ഷം രൂപ വീതം ലഭ്യമാക്കുന്നതാണ്. ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായിരിക്കണമെന്നും ഉത്തരവിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്.

2. സ്കീം 3-സ്കീം നമ്പർ-KL-235- ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യസ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ

പ്രാഥമികാരോഗ്യപരിരക്ഷ നൽകുന്ന എല്ലാ ആരോഗ്യ സ്ഥാപനങ്ങളിലും രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തുകയാണ് ഈ സ്കീമിന്റെ ലക്ഷ്യം. ഉപകേന്ദ്രങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതു കൂടാതെ കുടുംബാരോഗ്യകേന്ദ്രങ്ങളിലും പ്രാഥമികാരോഗ്യപരിരക്ഷ നൽകുന്ന മറ്റ് ആരോഗ്യ സ്ഥാപനങ്ങളിലും രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തുക എന്നിങ്ങനെ രണ്ട് ഘടകങ്ങൾ ഈ സ്കീമിനുണ്ട്.

3. സ്കീം 4- ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ

സ്കീം-4 പ്രകാരം ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, കുടുംബാരോഗ്യകേന്ദ്രങ്ങൾ, ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സാമൂഹ്യാരോഗ്യ കേന്ദ്രങ്ങൾ, ഉപകേന്ദ്രങ്ങൾ

എന്നിവിടങ്ങളിലെല്ലാം ചുവടെ ചേർക്കുന്ന ഹെൽത്ത് ഗ്രാന്റ് വഴിയുള്ള പ്രവർത്തനങ്ങൾ മെഡിക്കൽ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി ഏറ്റെടുത്ത് നടപ്പിലാക്കാവുന്നതാണെന്ന് ഉത്തരവിൽ വ്യക്തമാക്കുന്നു.

i) വിവരസാങ്കേതികവിദ്യ ഉപയോഗപ്പെടുത്തുന്നതിനുള്ള ചെലവ്, ഇന്റർനെറ്റ് ചാർജ് മുതലായവ-ഒരു സ്ഥാപനത്തിലെ ചെലവ് വർഷം 5000-രൂപയിൽ കവിയാൻ പാടില്ല എന്ന നിബന്ധനയോടെ

ii) ആരോഗ്യസ്ഥാപനത്തിൽനിന്നും നൽകുവാൻ ഉദ്ദേശിച്ചിട്ടുള്ള സേവനങ്ങളുമായി ബന്ധപ്പെട്ട് പൊതുജനങ്ങളുടെ ഇടയിൽ വിവിധ രീതിയിലുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ

iii) തുക ബാക്കിയുള്ളപക്ഷം ആരോഗ്യസ്ഥാപനങ്ങളിലെ ദൈനംദിന പ്രവർത്തനങ്ങൾക്കാവശ്യമായ ഉപകരണങ്ങളും സാമഗ്രികളും വാങ്ങൽ

വിവിധ സ്കീമുകൾപ്രകാരം ഗ്രാമപഞ്ചായത്ത് ആവിഷ്കരിച്ച പ്രോജക്ടുകളുടെയും പ്രസ്തുത പ്രോജക്ടുകൾ പ്രകാരം നടപ്പാക്കിയ പ്രവർത്തനങ്ങളുടെയും വിവരങ്ങൾ ഉപഖണ്ഡികയിൽ പരാമർശിച്ചിട്ടുണ്ട്.

**3) ധനവിനിയോഗത്തിനായി പഞ്ചായത്ത് ആരംഭിച്ചിട്ടുള്ള ബാങ്ക് അക്കൗണ്ടുകളും അക്കൗണ്ടുകളിൽ ലഭ്യമായ തുകകളും**

ഹെൽത്ത് ഗ്രാന്റിന്റെ വിവിധ സ്കീമുകൾക്കായി അനുവദിക്കുന്ന തുകയുടെ ധന വിനിയോഗത്തിനായി സർക്കാർ നിർദ്ദേശാനുസരണം ഗ്രാമപഞ്ചായത്ത് അക്കൗണ്ട് ആരംഭിച്ചിട്ടുള്ളത് കാനറ ബാങ്ക് [illegible] ശാഖയിലാണ്. അക്കൗണ്ടുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| സ്കീം നമ്പർ | ഉദ്ദേശ്യം | അക്കൗണ്ട് നമ്പർ | അക്കൗണ്ടിലേക്ക് നാളിതുവരെ അനുവദിച്ച് ലഭിച്ച തുക | നാളിതുവരെ ചെലവഴിച്ച തുക | 31-3-25 ലെ നീക്കിയിരിപ്പ് (പലിശയുൾപ്പെടെ) |
|---|---|---|---|---|---|
| KL-280 (സ്കീം -1) | കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യ ഉപകേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന്. | 110042299280 | 55,50000 | *2775000 | 30,23,871 |
| KL-276 ( സ്കീം -3) | ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യസ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ | 110042599355 | 15,31,034.08 | 737921 | 841913.09 |
| KL-281 (സ്കീം -4) | കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ഗ്രാന്റ് വഴിയുള്ള പ്രവർത്തനങ്ങൾ നടപ്പാക്കൽ | 110042599188 | 11,13,397/- | 490525 | 6,45385 |
| | | ആകെ | | 40,03,446.08/- | |

*[illegible] സബ്സെന്ററിന് അനുവദിച്ച തുക പഞ്ചായത്ത് ചെലവഴിക്കാതിരുന്നതിനാൽ ഹെൽത്ത് മിഷന്റെ നിർദ്ദേശ പ്രകാരം ഹെൽത്ത് മിഷന് കൈമാറുകയും സ്കീമിൽ ചെലവായി ഉൾപ്പെടുത്തുകയും ചെയ്തു.

**ഹെൽത്ത് ഗ്രാന്റ് - ഗ്രാമപഞ്ചായത്തിന് ലഭ്യമായ വിഹിതത്തിന്റെ വർഷം തിരിച്ചുള്ള വിവരങ്ങൾ**

തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് അനുവദിച്ച ആരോഗ്യമേഖലാ ഗ്രാന്റ് 21-22 വർഷവും 22-23 വർഷവും ഗ്രാമപഞ്ചായത്തിന് അനുവദിച്ച് ലഭിച്ചിരുന്നു. ആരോഗ്യമേഖലയിൽ പ്രസ്തുത ഗ്രാന്റ് വിനിയോഗിക്കേണ്ട വ്യത്യസ്തങ്ങളായ 11 സ്കീമുകളാണുള്ളത്. പ്രസ്തുത സ്കീമുകളിൽപ്പെടുന്ന വിവിധ പ്രോജക്ടുകൾക്കായി 21-22 വർഷം അലോട്ട് ചെയ്ത തുക ഗ്രാമപഞ്ചായത്തിന് ലഭ്യമായത് 22-23 സാമ്പത്തിക വർഷത്തിലാണ്. സമാനമായ രീതിയിൽ 2022-23 വർഷം അലോട്ട് ചെയ്ത തുക 2023-24 വർഷമാണ് പഞ്ചായത്തിന് ലഭ്യമായിട്ടുള്ളത്. ഗ്രാമപഞ്ചായത്തുകൾക്ക് ബാധകമായ വിവിധ സ്കീമുകളുടെയും ആയത് പ്രകാരം ആവിഷ്കരിച്ച ഗ്രാമപഞ്ചായത്തിന് അനുവദിച്ച് ലഭിച്ച തുകകളുടെയും വർഷം തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സ്കീം നമ്പർ | സ്കീമിന്റെ പേര് | ഗ്രാമപഞ്ചായത്തിന് 22-23 വർഷം അനുവദിച്ച് ലഭിച്ച തുക | അനുവദിച്ച തുക 2023-24 | അനുവദിച്ച തുക 2024-25 | ഓരോ സ്കീമിനും ആകെ അനുവദിച്ച തുക |
|---|---|---|---|---|---|
| KL -280 | കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യകേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കുവാൻ ധനസഹായം | - | 55,50000/- | | 55,50000/- |
| KL_276 | ഗ്രാമപ്രദേശങ്ങളിലെ | 289034.08 | 876000/- | 366000/- | 15,31,034.08 |

| | | | | | |
|---|---|---|---|---|---|
| | ആരോഗ്യ സ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ | | | | |
| XL-151 | ഗ്രാമപ്രദേശങ്ങളിലെ പ്രാഥമികാരോഗ്യകേന്ദ്രങ്ങളും ഉപകേന്ദ്രങ്ങളും ഹെൽത്ത് & വെൽനെസ് സെന്ററുകളാക്കി മാറ്റുക | 155397/- | 370000/- | 588000/- | 11,13,397/- |
| | ആകെ | 444951.09/- | 47,98000/- | 9,54000/- | 61,96,951.09/- |

മേൽപ്പറഞ്ഞ പ്രകാരം ആകെ 61,96,951.09 -രൂപയാണ് (444951.09+4798000+954000) ആരോഗ്യമേഖല ഗ്രാന്റിനത്തിൽ ഗ്രാമപഞ്ചായത്തിന് അനുവദിച്ച് ലഭിച്ചിട്ടുള്ള തുക.

<u>ഹെൽത്ത് ഗ്രാന്റ് ചെലവ് വിവരങ്ങൾ</u>

ഹെൽത്ത് ഗ്രാന്റിനത്തിൽ 2021-22, 2022-23 വർഷങ്ങളിൽ അനുവദിച്ചതും യഥാക്രമം 2022-23, 23-24 ലഭ്യമായതുമായ തുക വകയിരുത്തി വിവിധ സ്കീമുകൾ പ്രകാരം 14 പ്രോജക്ടുകൾ ആവിഷ്കരിച്ച് അംഗീകാരം ലഭിച്ചിരുന്നു. ഓരോ സ്കീമിലും ഉൾപ്പെടുത്തി മെഡിക്കൽ ഓഫീസർ, അസിസ്റ്റന്റ് എഞ്ചിനീയർ, സെക്രട്ടറി എന്നിവർ നിർവ്വഹണോദ്യോഗസ്ഥരായി അംഗീകാരം ലഭിച്ച വിവിധ പ്രോജക്ടുകൾ പ്രകാരം ആകെ 40,03,446.09 -രൂപ മാത്രമാണ് ഈയിനത്തിൽ ചെലവഴിച്ചിട്ടുള്ളത്.

<u>പ്രോജക്ട് വിശദാംശങ്ങൾ</u>

ഹെൽത്ത് ഗ്രാന്റ് വിനിയോഗിച്ച് ഓഡിറ്റ് വർഷം വരെ നടപ്പാക്കിയ പ്രോജക്ടുകളുടെയും പ്രസ്തുത പ്രോജക്ടുകൾക്കു വേണ്ടി വകയിരുത്തിയിരുന്നതും ചെലവഴിച്ചതുമായ തുകകളുടെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | പ്രോജക്ട് | നിർവ്വഹണോദ്യോഗസ്ഥൻ | വകയിരുത്തിയ തുക | ചെലവഴിച്ച തുക | തുക ചെലവഴിച്ച വർഷം |
|---|---|---|---|---|---|
| 1 | എസ്0224-23 (പുതിയത്) ആരോഗ്യസ്ഥാപനങ്ങളിൽ രോഗനിർണ്ണയ സംവിധാനങ്ങൾ ഏർപ്പെടുത്തൽ | മെഡിക്കൽ ഓഫീസർ സി.എച്ച്.സി | 1,39,034/- | 38,791/- | 2022-23 |
| 2 | എസ്0223-23 (പുതിയത്) ആരോഗ്യസ്ഥാപനങ്ങളിൽ ഹെൽത്ത് ആന്റ് വെൽനെസ് സെന്റർ നടപ്പാക്കൽ | " | 1,53922/- | 65,855/- | 2022-23 |
| 3 | എസ്0237-24 (സ്പിൽഓവർ) ഹെൽത്ത് ആന്റ് വെൽനെസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ | " | 92,267/- | 92267/- | 2023-24 |
| 4 | എസ്0218-24 (സ്പിൽഓവർ) ആരോഗ്യസ്ഥാപനങ്ങളിൽ രോഗനിർണ്ണയസംവിധാനങ്ങൾ ഏർപ്പെടുത്തൽ | " | 270243/- | 270243/- | 2023-24 |
| 5 | എസ്0280-24 (പുതിയത്) ആരോഗ്യസ്ഥാപനങ്ങളിൽ രോഗനിർണ്ണയസംവിധാനങ്ങൾ ഏർപ്പെടുത്തൽ | " | 578000/- | 0 | -- |
| 6 | എസ്0281-24 (പുതിയത്) ഹെൽത്ത് ആന്റ് വെൽനെസ് സെന്ററുകൾക്ക് ഗ്രാന്റ് | -- | 3,70000/- | 93745/- | -- |
| 7 | എസ്0255-2025 (സ്പിൽഓവർ) ആരോഗ്യസ്ഥാപനങ്ങളിൽ രോഗനിർണ്ണയ സംവിധാനങ്ങൾ ഏർപ്പെടുത്തൽ | മെഡിക്കൽ ഓഫീസർ | 5,78000/- | 4,46887/- | 2024-25 |
| 8 | എസ്0254-25 (സ്പിൽഓവർ) ഹെൽത്ത് ആന്റ് വെൽനെസ് സെന്ററുകൾക്ക് ഗ്രാന്റ് | മെഡിക്കൽ ഓഫീസർ | 274255/- | 238858/- | 2024-25 |
| 9 | എസ്0612-25 (പുതിയത്) കരിപ്പൂരത്ത് സബ്സെന്റർ- കെട്ടിടനിർമ്മാണം | അസിസ്റ്റന്റ് എഞ്ചിനീയർ | 23,75000/- | 0 | |
| 10 | എസ്0337-25 (പുതിയത്) | മെഡിക്കൽഓഫീസർ, സി.എച്ച്.സി, [illegible] | 5,66000/- | 0 | |

| | | | | | |
|---|---|---|---|---|---|
| | ആരോഗ്യസ്ഥാപനങ്ങളിൽ മാലിന്യനിർമ്മാർജ്ജനസംവിധാനങ്ങൾ ഏർപ്പെടുത്തൽ | | | | |
| 11 | എസ്0338/25 ഗ്രാമീണ പി.എച്ച്.സി കളും സബ്സെന്ററുകളും വെൽനെസ്സ് സെന്ററാക്കി മാറ്റൽ | - | 558000/- | 0 | |
| 12 | എസ്0344/25 മണിയാപറമ്പ് സബ്സെന്റർ നിർമ്മാണം | അസിസ്റ്റന്റ് എഞ്ചിനീയർ | 2775000/- | 27,75000/- | 2024-25 |
| ഓഡിറ്റ് വർഷം വരെയുള്ള ആകെ ചെലവ് | | | | 40,01,446.00/- | |

7)ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള ആരോഗ്യപരിരക്ഷാ സംവിധാനങ്ങൾ

കേരളത്തിലെ പ്രധാനപ്പെട്ട മെഡിക്കൽ കോളേജുകളിലൊന്നായ കോട്ടയം മെഡിക്കൽ കോളേജ് സ്ഥിതിചെയ്യുന്നത് ആർപ്പൂക്കര ഗ്രാമപഞ്ചായത്തിലാണ്. ആയതിനാൽ ഗ്രാമപഞ്ചായത്തിന്റെ അധികാരപരിധിയിൽ പ്രത്യേകമായി പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ ഇല്ലാത്തതാണ്. അതിരമ്പുഴ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള അതിരമ്പുഴ കുടുംബക്ഷേമകേന്ദ്രത്തിന്റെ നിയന്ത്രണത്തിലുള്ള 4 സബ്സെന്ററുകൾ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.


| സബ്സെന്റർ സ്ഥിതിചെയ്യുന്ന സ്ഥലം | കെട്ടിടം |
|---|---|
| ചൂരക്കാവ് (വില്ലൂന്നി) | സ്വന്തം കെട്ടിടം |
| കരിപ്പൂത്തട്ട് | നിലവിൽ വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്നു |
| മണിയാപറമ്പ് | വാടക |
| കരിപ്പ | സ്വന്തം |

സ്വന്തമായി കെട്ടിടമില്ലാത്ത ആരോഗ്യ സ്ഥാപനങ്ങളുടെ പ്രവർത്തനത്തിന് പഞ്ചായത്ത് വാടകയ്ക്ക് കെട്ടിടം നൽകിയിട്ടുള്ളതും പ്രതിമാസവാടക സർക്കാർ നിർദ്ദേശിച്ചിട്ടുള്ള പരമാവധിപരിധിയായ 4000/- രൂപയിൽ അധികരിച്ചിട്ടില്ലാത്തതുമാണ്. ഹെൽത്ത് ഗ്രാന്റ് വിനിയോഗിച്ച് സബ്സെന്ററുകളിലേക്ക് ഫർണിച്ചറുകൾ ലാപ്ടോപ്പുകൾ മാലിന്യനിർമ്മാർജ്ജനോപാധികൾ, ലാബ് റീ ഏജന്റുകൾ മുതലായവ പ്രോജക്ട് പ്രകാരം വാങ്ങി നൽകിയിട്ടുള്ളതും സബ്സെന്ററുകളുടെ പ്രവർത്തനം തൃപ്തികരവുമാണ്.

സബ്സെന്റർ കെട്ടിടങ്ങൾ



ചൂരക്കാവ് സബ്സെന്റർ – വില്ലൂന്നി – വാർഡ് 7



കുടുംബക്ഷേമകേന്ദ്രം – കരിപ്പൂത്തട്ട് – വാർഡ് 3



ആയുർവേദ ആശുപത്രി – തൊണ്ണംകുഴി – വാർഡ് 13



ഹോമിയോ ഡിസ്പെൻസറി – വില്ലൂന്നി – വാർഡ് 7



കുടുംബക്ഷേമകേന്ദ്രം – മണിയാപറമ്പ് – വാർഡ് 6

7-ാം വാർഡിൽ വില്ലൂന്നിയിൽ പ്രവർത്തിക്കുന്ന ഗവ. ഹോമിയോ ഡിസ്പെൻസറിയും വാർഡ് 13 തൊണ്ണംകുഴിയിൽ പ്രവർത്തിക്കുന്ന ഗവ. ആയുർവേദാശുപത്രിയും ഗ്രാമപഞ്ചായത്തിന്റെ കീഴിലുള്ള മറ്റ്

ആരോഗ്യ പരിരക്ഷാ സ്ഥാപനങ്ങളാണ്.

<u>സബ്സെന്ററുകൾക്ക് കെട്ടിടനിർമ്മാണം- പ്രോജക്ടുകൾ നടപ്പായില്ല.</u>

സ്വന്തമായി കെട്ടിടമില്ലാത്ത കരിപ്പൂത്ത്, മണിയംപറമ്പ് സബ്സെന്ററുകൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണോദ്യോഗസ്ഥനായി ചുവടെ ചേർത്തും പ്രകാരം പ്രോജക്ടുകൾ ആവിഷ്കരിച്ച് അംഗീകാരം ലഭിച്ചിരുന്നു.

| **പ്രോജക്ട്** | വകയിരുത്തിയ തുക | സഞ്ചയ ചെലവു പട്ടിക പ്രകാരം ചെലവ് |
|---|---|---|
| 8004/25 മണിയംപറമ്പ് സബ്സെന്റർ നിർമ്മാണം | 27,75,000/- | 27,75000/- |
| 8011/25 കരിപ്പൂത്ത് സബ്സെന്റർ നിർമ്മാണം | 27,75,000/- | ഇല്ല |

എന്നാൽ മണിയംപറമ്പ് സബ്സെന്ററിന് സ്വന്തമായി സ്ഥലമില്ലാത്തതിനാൽ പ്രോജക്ട് നടപ്പാക്കാൻ സാങ്കേതികമായി തടസ്സമുണ്ടാവുകയും, തുടർന്ന് മെയിന്റനൻസ് നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ചെലവഴിക്കാതെ അക്കൗണ്ടിൽ നിലനിൽക്കുന്ന തുക നാഷണൽ ഹെൽത്ത് മിഷനിലേക്ക് കൈമാറണമെന്ന നിർദ്ദേശമനുസരിച്ച് മണിയംപറമ്പ് സബ്സെന്ററിനായി അനുവദിച്ച തുക പ്രോജക്ട് നിർവ്വഹണത്തിനായി ഹെൽത്ത് മിഷന് കൈമാറുകയും തുടർനടപടികളുടെ വിവരങ്ങളൊന്നും ഹെൽത്ത് മിഷനിൽനിന്നും ലഭ്യമായിട്ടില്ലാത്തതാണ്. ഓഡിറ്റ് കാലയളവുവരെ കെട്ടിടപണി ആരംഭിച്ചിട്ടില്ലാത്തതുമാണ്.

കരിപ്പൂത്ത് സബ്സെന്ററിന് അനുവദിച്ച തുക സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നാഷണൽ ഹെൽത്ത് മിഷന് കൈമാറേണ്ടതില്ലെന്ന് പഞ്ചായത്ത് കമ്മിറ്റി തീരുമാനിക്കുകയും ( 25-2-25-ലെ 2(1) തീരുമാനം) പ്രസ്തുത തീരുമാനത്തിന്മേൽ സെക്രട്ടറി വിയോജനക്കുറിപ്പ് രേഖപ്പെടുത്തിയിട്ടുള്ളതായും കാണുന്നു.

കരിപ്പൂത്ത് സബ്സെന്റർനിർമ്മാണത്തിനായി നിലവിലുള്ള പഴയ കെട്ടിടം പൊളിച്ചുനീക്കിയിട്ടുള്ളതും ടെണ്ടർനടപടികൾ സ്വീകരിച്ച് ശ്രീ ഷാഹിൻ സി എന്നയാളുടെ ടെണ്ടർ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട് (27-2-25-ലെ 1(1) തീരുമാനം). 24-3-25-ൽ കരാറുകാരനുമായി നിർവ്വഹണോദ്യോഗസ്ഥൻ കരാറിലേർപ്പെടുകയും 27-3-25-ൽ പ്രവൃത്തിസ്ഥലം കൈമാറിയിട്ടുള്ളതായും ഫയലിൽനിന്നും വ്യക്തമാകുന്നു. കരാർപ്രകാരം 23-9-25 നകം പ്രവൃത്തി പൂർത്തീകരിക്കേണ്ടതാണ്. എന്നാൽ ഓഡിറ്റ് നിർമ്മാണസ്ഥലസന്ദർശനം നടത്തുകയും അടിത്തറയ്ക്കുള്ള പ്രാരംഭ പ്രവൃത്തികൾ തുടങ്ങിയിരുന്നതായും എന്നാൽ നിലവിൽ പ്രോജക്ട് നിർവ്വഹണം നടക്കുന്നില്ലെന്നും സ്ഥലപരിശോധനയിൽ ബോധ്യപ്പെട്ടിട്ടുള്ളതാണ്.




ലഭ്യമായിട്ടുള്ള ഗ്രാന്റ് തുകയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നമുറയ്ക്ക് മാത്രമേ അടുത്ത അലോട്ട്മെന്റ് അനുവദിക്കുകയുള്ളൂ എന്നതിനാൽ നടപ്പുസാമ്പത്തിക വർഷത്തിൽ ഹെൽത്ത് ഗ്രാന്റിനത്തിൽ തുകയൊന്നും ലഭിച്ചിട്ടില്ലാത്തതാണ്. ആയതിനാൽ കെട്ടിട നിർമ്മാണത്തിനായി അനുവദിച്ച ഫണ്ട് പൂർണ്ണമായും വിനിയോഗിച്ച് വിനിയോഗസാക്ഷ്യപത്രം ഹാജരാക്കുന്നതിനും ഹെൽത്ത് ഗ്രാന്റിനത്തിലുള്ള അടുത്ത അലോട്ട്മെന്റ് ലഭ്യമാക്കി സബ്സെന്ററുകളുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിനുമുള്ള നടപടികൾ ഉണ്ടാകേണ്ടതാണ്.

## <u>1-39 ജൽജീവൻമിഷൻ പദ്ധതി - അവലോകനം</u>

എല്ലാ ഗ്രാമീണ വീടുകളിലും 2024 വർഷത്തോടെ പൂർണമായും കുടിവെള്ളം എത്തിക്കുക എന്ന ലക്ഷ്യത്തോടെ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുമായി ചേർന്ന് നടപ്പിലാക്കുന്ന സംയുക്ത പദ്ധതിയാണ് ജൽജീവൻ മിഷൻ. ഗാർഹിക കുടിവെള്ള കണക്ഷനുകൾ വഴി പ്രതിദിന ആളോഹരി ജലലഭ്യത 55 ലിറ്റർ എന്ന കണക്കിൽ കുടിവെള്ളം ഉറപ്പാക്കുക എന്നതാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം. 24.53 ചതുരശ്ര കി.മീ. വിസ്തീർണ്ണമുള്ള ആർപ്പൂക്കര ഗ്രാമപഞ്ചായത്തിൽ ആകെ ജനസംഖ്യ 23533 ആണ്. മെഡിക്കൽ കോളേജിൽ സ്ഥിതി ചെയ്യുന്ന 25 MLD(Million Liters Per Day) ജലശുദ്ധീകരണപ്ലാന്റും, മീനച്ചിലാറിന്റെ തീരത്ത് പുറത്തുമുള്ള കിണറുമാണ് ജൽജീവൻ മിഷൻ പദ്ധതിയ്ക്കായി ഉപയോഗിക്കുന്നത്. പദ്ധതിയുടെ ഗ്രാമപഞ്ചായത്ത് തലത്തിലുള്ള പദ്ധതി നിർവഹണ സഹായ ഏജൻസിയായി രാജീവ് യൂത്ത് ഫൗണ്ടേഷൻ, മഞ്ചേരി, മലപ്പുറം എന്ന സ്ഥാപനത്തെയാണ് ജില്ലാ കളക്ടർ അധ്യക്ഷനായുള്ള ജില്ലാ കുടിവെള്ള ശുചിത്വമിഷൻ നിയമിച്ചിരിക്കുന്നത്. പദ്ധതി നടപ്പാക്കുന്നതിന് മുന്നോടിയായി ഗ്രാമപഞ്ചായത്ത് സെക്രട്ടറി, ജില്ലാ കുടിവെള്ള ശുചിത്വമിഷൻ മെമ്പർ സെക്രട്ടറി, നിർവഹണ സഹായ ഏജൻസിയുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ എന്നിവർ ഉൾപ്പെട്ട ഒരു ത്രികക്ഷികരാർ 16-10-21 ൽ ഒപ്പുവച്ചു. നിർവഹണ ഏജൻസി സമർപ്പിച്ച ഇൻസെപ്ഷൻ റിപ്പോർട്ട് 24-11-21 ലെ 1(4) നം പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിൽ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. നിർവഹണ ഏജൻസി സമർപ്പിച്ച 600 ലക്ഷത്തിന്റെ ആക്ഷൻ പ്ലാൻ പ്രകാരം 15% പഞ്ചായത്ത് വിഹിതമായി വകയിരുത്തിയ തുക 89.97 ലക്ഷം രൂപയായിരുന്നു. ഇത്രയും ഭീമമായ തുക തനതുഫണ്ടിൽ നിന്നും കണ്ടെത്താൻ സാധിയ്ക്കില്ല എന്നതിനാൽ തന്നെ പദ്ധതിയുടെ പ്രാരംഭ

പ്രവർത്തനങ്ങൾക്കായി, വിഹിതം കൈമാറൽ പ്രോജക്ടിൽപ്പെടുത്തി ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും 5,34,000/- രൂപ 2020-21 വർഷം അടവാക്കിയതല്ലാതെ തുടർ വർഷങ്ങളിൽ തുക ചെലവഴിച്ചിട്ടില്ല. ഈ തുക അടച്ചതു കൂടാതെ മുൻ വർഷങ്ങളിൽ കേരള വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്തതും ചെലവഴിക്കാനവശേഷിയ്ക്കുന്നതുമായ 11 ലക്ഷത്തോളം രൂപ ജൽ ജീവൻ മിഷന് കൈമാറുന്നതിന് വാട്ടർ അതോറിറ്റിയ്ക്ക് കത്ത് നൽകിയിട്ടുണ്ടെങ്കിലും മറ്റ് നടപടികൾ ഒന്നും സ്വീകരിച്ചിട്ടുമില്ല. വാട്ടർ അതോറിറ്റിയുടെ മുൻകാല കുടിവെള്ള പദ്ധതികളുൾപ്പെടെ എല്ലാ പദ്ധതികളും പൂർത്തീകരിച്ചുവോ എന്നല്ലാതെ പദ്ധതി വഴി നാളിതുവരെ എത്ര കുടിവെള്ള കണക്ഷനുകൾ ലഭ്യമായി എന്ന വിവരാംശങ്ങൾ പഞ്ചായത്ത് ലഭ്യമാക്കിയ ഫയലിൽ സൂക്ഷിച്ചിട്ടില്ല

ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 വകുപ്പ് 16 KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല

ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 വകുപ്പ് 16 KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല

ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 മെഡിസെപ് പ്രീമിയം ഒടുക്ക്

മെഡിസെപ് പ്രീമിയം ഒടുക്ക് (റഗുലർ ജീവനക്കാർ)

| ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം* | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്ക് |
|---|---|---|---|---|
| 17 | 8500 | 8500 | 0 | 4/24 |
| 17 | 8500 | 8500 | 0 | 5/24 |
| 16 | 8000 | 8000 | 0 | 6/24 |
| 16 | 8000 | 8000 | 0 | 7/24 |
| 16 | 8000 | 8000 | 0 | 8/24 |
| 18 | 9000 | 9000 | 0 | 9/24 |
| 18 | 9000 | 9000 | 0 | 10/24 |
| 18 | 9000 | 9000 | 0 | 11/24 |
| 18 | 9000 | 9000 | 0 | 12/24 |
| 18 | 9000 | 9000 | 0 | 1/25 |
| 18 | 9000 | 9000 | 0 | 2/25 |
| 18 | 9000 | 9000 | 0 | 3/25 |
| ആകെ | 104000 | 104000 | 0 | |

*01-04-2024 മുതൽ 31-03-2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ളവരുടേത് ഒഴികെ.

മെഡിസെപ് പ്രീമിയം ഒടുക്ക് (01-04-2024 മുതൽ 30-06-2024 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2023 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ) | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്ക് |
|---|---|---|---|---|---|
| ബാധകമല്ല | | | | | |

മെഡിസെപ് പ്രീമിയം ഒടുക്ക് (01-07-2024 ൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതലുള്ള കുടിശ്ശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് ഉൾപ്പെടെ) | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|
| ബാധകമല്ല | | | | |

മെഡിസെപ് പ്രീമിയം ഒടുക്ക് (01-06-2024 മുതൽ 31-03-2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റെഗുലർ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2024 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ) | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|
| ബാധകമല്ല | | | | | |

## 4-2 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ ലഭിച്ച തീയതി | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|---|
| 2024-25 | 22.05.2025 | 23.06.2025 |

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ്, ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

## 4-3 സംയുക്ത പ്രോജക്ടുകളുടെ ഫണ്ട് വിനിയോഗം

ഓഡിറ്റ് വർഷത്തെ സംയുക്ത പ്രോജക്ടുകളുടെ ഫണ്ടിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് (നം.) | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത്, ഏറ്റുമാനൂർ | 2024-25 | 3,00,000/- | ലൈഫ് ഭവന പദ്ധതി (GEN) (S0033/25) | 3,00,000/- | 0 |
| | 2024-25 | 3,00,000/- | ഭിന്നശേഷി കുട്ടികൾക്ക് സ്കോളർഷിപ്പും ബത്തയും നൽകൽ പദ്ധതി (S0021/25) | 3,00,000/- | 0 |
| | ആകെ | 6,00,000/- | ആകെ | 6,00,000/- | 0 |
| ജില്ലാ പഞ്ചായത്ത്, കോട്ടയം | 2024-25 | 2,50,000/- | ലൈഫ് ഭവന പദ്ധതി (GEN) (S0033/25) | 2,50,000/- | 0 |
| | 2024-25 | 25,00,000/- | നെടിയകുഴി മംഗളാരാമി റോഡ് കോൺക്രീറ്റിംഗ് (വാർഡ്-1) (S0178/25) | 25,00,000/- | 0 |
| | ആകെ | 27,50,000/- | ആകെ | 27,50,000/- | 0 |

## 4-4 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷം നിക്ഷേപ പ്രവൃത്തികൾക്കായി, മുൻകൂർ നൽകിയിട്ടുള്ള തുകകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| 1) | കെ.എസ്.ഇ.ബി | പുതിയ സ്ട്രീറ്റ് ലൈൻ വലിയ്ക്കൽ (50244/25) | 96,326/- | 0 | 96,326/- |
| 2) | കെ.എസ്.ഇ.ബി | വിവിധ വാർഡുകളിലെ വൈദ്യുതി പോസ്റ്റ് മാറ്റി സ്ഥാപിയ്ക്കൽ (50141/25) | 41,870/- | 23920 | 17,950/- |

4.5 മൊബിലൈസേഷൻ അഡ്വാൻസ്

ഓഡിറ്റ് വർഷം മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ തുകകൾ ഒന്നും നൽകിയിട്ടില്ല

4.6 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് ലഭിച്ച വായ്പ തുകയുടെയും, തിരിച്ചടച്ചതിന്റെയും, വർഷാവസാനം തിരിച്ചടയ്ക്കുവാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വായ്പയുടെ പേര് ഉദ്ദേശ്യം | ഉത്തരവ് നമ്പർ തീയതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | ഈ വർഷം എടുത്ത വായ്പ | ഈവർഷം തിരിച്ചടച്ച തുക മുതൽ | ഈവർഷം തിരിച്ചടച്ച തുക പലിശ | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| ഹഡ്കോ | 109/LM-KTM/2021 തീയതി 11.03.2022 | 20,00,000/- | 25,80,000/- | 0 | 0 | 45,80,000/- |
| ലൈഫ് ഭവന പദ്ധതി | ഹഡ്കോ വായ്പ (KURDFC) ജി.ഒ (എം.എസ്) 68/2018 തസ്വഭവ 18.05.2018 | 22,86,572/- | 5,40,000/- | 14,61,578/- | 0 | 13,64,994/- |

*Source Deduction
1) Development Fund (General) : 7,20,465/- (Proj. No : 50366/25)
2) Development Fund (General) : 7,20,005/- (Proj. No : 50368/25)
3) SCSP : 10,265/- (Proj. No : 50367/25)
4) SCSP : 10,905/- (Proj. No : 50349/25)

4.7 സ്ഥിരനിക്ഷേപങ്ങൾ

2024-25 വർഷം സ്ഥാപനത്തിലെ സ്ഥിരനിക്ഷേപങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| | ആർപ്പൂക്കര സർവ്വീസ് സഹകരണ ബാങ്ക് ലി No. 1931 | സൗത്ത് ഇന്ത്യൻ ബാങ്ക്, മെഡി കോളേജ്, കോട്ടയം |
|---|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 23,00,463/- | 50,00,000/- |
| ഈവർഷം നിക്ഷേപിച്ച തുക (പലിശ) | 2,07,043/- | 3,23,783/- |
| ആകെ | 25,07,506/- | 53,23,783/- |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 25,07,506/- | 53,23,783/- |

| ആകെ തുക | | 79,31,288/- | |
|---|---|---|---|

| സ്ഥിരനിക്ഷേപ അക്കൗണ്ട് നം | പുതുക്കി നിക്ഷേപിച്ച തീയതി | തുക (രൂപ) | ബാങ്ക്/ ട്രഷറി | കാലാവധി |
|---|---|---|---|---|
| 0120000008158 | 27.01.2025 | 25,07,308/- | ആർപ്പൂക്കര സർവ്വീസ് സഹകരണ ബാങ്ക് ലി നം. 1931 | 27.01.2026 |
| 0930101000000991 | 29.11.2024 | 33,23,783/- | സൗത്ത് ഇന്ത്യൻ ബാങ്ക്, മെഡി. കോളേജ്, കോട്ടയം | 06.12.2025 |

## 4-8 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേര് | രസീത്/ വൗച്ചർ നം. തീയതി |
|---|---|---|---|---|
| 2023-2024 | 1-15 | 2,500/- | ഷെജി ജോസഫ് | 1240501034/02-07-2024 |
| 2023-2024 | 1-15 | 2,500/- | നിഥിൻ മാത്യു | 1240501040/02-07-2024 |
| 2023-2024 | 1-24 | 1,800/- | സ്വിമ്മർ ഫ്രാൻ ഡയനി പൂൾ ഇൻസ്ട്രക്ടർ | 1240502108/19-10-2024 |
| 2023-2024 | 1-15 | 7,000/- | അനീഷ് പി എസ് | 1240502178/29-10-2024 |
| 2023-2024 | 1-15 | 5,000/- | അലക്സ് തോമസ് | 1240503430/21-01-2025 |
| 2023-2024 | 1-15 | 2,500/- | അപ്പു എലിയാസ് അലക്സ് | 1240503431/21-01-2025 |
| 2021-22 | 1-4 | 28,552/- | മെറി ജോബി കെ എസ് | 1240500027/03-04-2024 |
| 2021-22 | 1-18 | 30,149/- | ഗീത കെ എസ് | 1240500774/26-10-2024 |
| 2021-22 | 1-6 | 11,332 | സിജി കൃഷ്ണൻ | 1240502334/14-11-2024 |
| | ആകെ | 88,833/- | | |

## 4-9 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലുൾപ്പെട്ട ഖണ്ഡികകളുടെ വിവരങ്ങൾ

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ സ്ഥിതി |
|---|---|---|---|---|---|
| 1999-00 | 35, 38 | 2002-03 | 5-4(1) | പൈപ്പ്ലൈൻ പദ്ധതി നടത്തിപ്പിലെ അപാകതകൾ | |
| | 39, 40 | 2002-03 | 5-4(2) | പ്രാദേശിക ശുദ്ധജല വിതരണ പദ്ധതി- ഗുണഭോക്തൃ വിഹിതം പിരിച്ചത് പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയിട്ടില്ല | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ് |
| | പ്രവർത്തനാവലോകനങ്ങൾ | 2011-2012 | | ശിശുക്ഷേമ പദ്ധതികളും | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് |

| | | | | | |
|---|---|---|---|---|---|
| | | | | അംഗൻവാടികളും | കമ്മിറ്റിയുടെ പരിഗണനയിലാണ് |
| 2014-2015 | അനുബന്ധം 3 | 2016-17 | 2-2 | വസ്തുനികുതി പരിഷ്കരണത്തിന് ആധികാരിക സ്ഥിരീകരണമില്ല | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ് |
| 2014-2015 | അനുബന്ധം 4 | 2016-17 | 2-4,2-5 | തൊഴിൽനികുതി | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ് |
| 2015-2016 | അനുബന്ധം 5 | 2016-17 | 2-3-2,2-2-3 | തൊഴിൽനികുതി | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ് |

4.10 ചാർജ് സർചാർജ് നടപടികളുടെ വിവരം

ചാർജ്/സർചാർജ് നടപടികളിലൂടെ തദ്‌വർഷം തുക ഈടാക്കിയിട്ടില്ല

4.11 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് ഉൾപ്പെടെയുള്ള ഓഡിറ്റ് വർഷത്തെ ആകെ വരവ് (റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം) | 113,307,315.94/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം) | 6,23,80,421/- |
| ഓഡിറ്റ് വർഷത്തെ ആകെ വരുമാനം ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം) | 174,893,433/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം) | 179,998,373/- |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 302280/- |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-25 | 17759/- | ശ്രീമതി ആശ ഗോപാൽ, സെക്രട്ടറി |
| 1-30 | 115962/- | " |
| 1-31 | 103613/- | " |
| 1-32 | 64935/- | " |
| ആകെ | 302280/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം

ഇല്ല

**4.32 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ**

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ 2023-24 വർഷം വരെ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെയും പ്രസ്തുത റിപ്പോർട്ടുകൾ സംബന്ധിച്ച് അവസാനമായി പുറപ്പെടുവിച്ച അന്വേഷണക്കുറിപ്പ്/റിപ്പോർട്ട് എന്നിവയുടെയും വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിയ്ക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1999-00 | കെ.എസ്.എ-<br>കെ.ടി.എം.പി/8(അഓ-2022)/1765/22/02.08.2022 | 4 |
| 2000-01 | കെ.എസ്.എ-<br>കെ.ടി.എം.പി/8(അഓ-2022)/1765/22/02.08.2022 | 3 |
| 2001-02 | കെ.എസ്.എ-<br>കെ.ടി.എം.പി/8(അഓ-2022)/1765/22/02.08.2022 | 3 |
| 2002-03(ചെലവ്) | കെ.എസ്.എ-<br>കെ.ടി.എം.പി/8(അഓ-2022)/1765(4)/22/02.08.2022 | 2 |
| 2004-05 | കെ.എസ്.എ-കെ.ടി.എം.പി/8<br>(അഓ.22)/1764/21/02.08.2022 | 1 |
| 2008-09 | കെ.എസ്.എ-<br>കെ.ടി.എം.പി/8(അഓ-2022)/826(4)/22/02.08.2022 | 2 |
| 2009-10 | കെ.എസ്.എ-<br>കെ.ടി.എം.പി/8(അഓ-2022)/826(5)/22/02.08.2022 | 1 |
| 2010-11 & 2011-12 | കെ.എസ്.എ-<br>കെ.ടി.എം.പി/8(അഓ-2022)/826(6)/22/02.08.2022 | 2 |
| 2012-13 | കെ.എസ്.എ-<br>കെ.ടി.എം.പി/8(അഓ-2022)/826(7)/22/02.08.2022 | 3 |
| 2013-14 | കെ.എസ്.എ-<br>കെ.ടി.എം.പി/8(അഓ-2022)/996(1)/22/02.08.2022 | 3 |
| 2014-15 | കെ.എസ്.എ-കെ.ടി.എം.പി/8/817/25/21.05.2025 | 3 |
| 2015-16 | കെ.എസ്.എ-<br>കെ.ടി.എം.പി/8(അഓ-2022)/996(3)/22/02.08.2022 | 4 |
| 2016-17 | കെ.എസ്.എ-<br>കെ.ടി.എം.പി/8(അഓ-2022)/996(4)/22/30.08.2022 | 9 |
| 2017-18 | കെ.എസ്.എ-<br>കെ.ടി.എം.പി/8(അഓ-2022)/996(5)/22/25.08.2022 | 13 |
| 2018-19 | കെ.എസ്.എ-<br>കെ.ടി.എം.പി/8(അഓ-2022)/996(6)/22/30.08.2022 | 8 |
| 2019-20 | കെ.എസ്.എ-<br>കെ.ടി.എം.പി/8(അഓ-2022)/996(7)/22/30.08.2022 | 8 |
| 2020-21 | കെ.എസ്.എ-കെ.ടി.എം.പി/8/1285/22/08.08.22 | 15 |
| 2021-22 | കെ.എസ്.എ-കെ.ടി.എം.പി/8/2518/22/15.05.23 | 12 |
| 2022-23 | കെ.എസ്.എ-കെ.ടി.എം.പി/8/1760/23/21.03.24 | 37 |
| 2023-24 | കെ.എസ്.എ-<br>കെ.ടി.എം.പി/8/1080/24/06.01.2025 | 21 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**Annexure-1**
**Audit Certificate**

i. I have audited the attached Financial statements approved vide resolution number 3(1) dated 3(1) dated 09-05-2025 and submitted on 22-05-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03-2025 , with supporting forms, of the Arpookkara Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Arpookkara Grama Panchayat as on 31-03-2025

**Date: 11/09/2025** **Deputy Director**

**Kerala State Audit Department**

**Audit Report appended to the Audit Certificate of Arpookkara Grama Panchayat for the Year 2024-2025.**

**1.Major Observations**

1) Basic records are not available to verify the accuracy of General Fund and Capital Reserves of the Panchayat as on 31.03.2025

2) Asset Register has not been updated.

3) Capital asset figures are not accurate

**2.Other Observations**

1) (B-4: 320100999) : Details of Rs. 1,68,738 - credited to SBI account (Directly Credited) on 25.03.2019, are not available. The amount remains unadjusted as unknown amount.

2) (B-4: 320200305) : Rs. 3,00,000/- allocated for the construction of bore well in Ward I, has been kept unspent. The amount may be adjusted accordingly.

3) The amount deposited with the National Health Mission, is currently accounted under the head of account, 460300205 - Advance To Implementing Agencies - Deposit With Public Works Department.

4) As per Section 38 (4) (a) of the Kerala Panchayat Raj (Accounts) Rules, physical verification and reconciliation of stock shall be carried out at the end of every year. The stock valuation of the Grama Panchayat at the end of the year 2024-25, has not been included in the Annual Financial Statement (B-14) - Stock in hand (inventories). As per the balance sheet, the stock value of the Panchayat is NIL.

5) Kerala Panchayat Raj (Accounts Rules), Rule 17(2) has specified that, the monthly demand for each item of income to be accrued by the Gram Panchayat, shall be recorded through journal entry. On examining the ledgers of various income heads, demand entries were recorded only twice in the financial year.

6) The amount credited in connection with the mobile tower installation intimation in various wards, was not accounted under the head of account, 140120108 - Fee for the erection of Telecommunication towers/ poles / structures/ Accessory rooms. Currently, it is a accounted under the head of account, 140400109 - Application Fee

Deputy Director
District Office Kottayam
Kerala State Audit Department

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ ആർപ്പൂക്കര ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്